പിഷാരോടി സമാജം പ്രസിദ്ധീകരണം

# തുളസീദളം

ഫെബ്രുവരി 2025



# Pisharody's

CATERING | AUDITORIUM | HERITAGE
RESTAURANTS | EVENT MANAGEMENT




**Pisharody's Veg. Restaurant**
Near Toll Plaza, Paliyekkara
Mob : 9544276600



**Pisharody's Convention Centre**
Near SDAHS, Kanniyampuram,Ottapalam
Mob : 9744477766




**Pisharody's Veg. Restaurant**
Mele Manjalungal, Pattambi
Mob : 9544906600




**Pisharody's Veg. Restaurant**
Near Town Police Station, Guruvayur
Mob : 9544256600



**Pisharody's Heritage**
26th Mile, Kavalappara,
Mob : 9544796600




**Pisharody's Restaurant**
Centre Square Mall, M.G.Road,
Kochi, Mob : 9544456600




**Pisharody's Restaurant**
Kuruppam Road, Thrissur,
Mob : 9544466611

*Plan all your events under one roof !*

Kavalappara, Shornur
97 444 777 66, 95 446 06 600 pisharodyrsunu@gmail.com

# തുളസീദളം

*പിഷാരോടി സമാജം പ്രസിദ്ധീകരണം*

**2025 ഫെബ്രുവരി**

**പുഷ്പം 45 / ദളം 11**

**1200 മകരം-കുംഭം**

## പത്രാധിപസമിതി

ചീഫ് എഡിറ്റർ:
**ശ്രീമതി എ.പി. സരസ്വതി**

എഡിറ്റർ: **ശ്രീ. ഗോപൻ പഴുവിൽ**

സബ്ബ് എഡിറ്റർ:
**ശ്രീ. സുരേഷ് ബാബു വിളയിൽ**

പത്രാധിപസമിതിയംഗങ്ങൾ

**ശ്രീ. സി.പി. അച്ചുതൻ**
**ശ്രീ. മുരളി മാന്നന്നൂർ**
**ശ്രീ. കെ.എൻ. വിജയൻ**
**ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ**
**ശ്രീ. വി.പി. മുരളീധരൻ**

മാനേജർ: **ശ്രീ. ആർ.പി. രഘുനന്ദനൻ**

അസിസ്റ്റന്റ് മാനേജർ:
**ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം**

കവർ ഡിസൈനിംഗ്:
**ശ്രീ. രാജൻ രാഘവൻ**
**(സിത്താര, കൊടകര)**


Head Office : Udayanagar, Ayyanthole,
Thrissur-680 003, Kerala, India.
e-mail : mail@pisharodysamajam.com
mail.pisharodysamajam@gmail.com

Visit our website :
www.pisharodysamajam.com

വരിസംഖ്യ ഒരു വർഷത്തേക്ക് : 200 രൂപ


**"അകലെ വസിയ്ക്കുമ്പോഴും
അകമലരിൽ കരുതേണം
അമ്പലമണിതൻ നാദം
'തുളസീദള' സൌരഭ്യം"**

## ദളസുഗന്ധം


**പത്രാധിപക്കുറിപ്പ്**....................................4

**പ്രതിഫലനം – അറിയാത്തതായി എന്തെല്ലാം!**...........6
എ.പി. സരസ്വതി

**അനുസ്മരണം – ഭാവഗീതത്തിലെ ഏകാന്തപഥികന്റെ കടത്തുവള്ളവും യാത്രയാവുമ്പോൾ**...................7
മുരളി വട്ടേനാട്ട്

**തറവാടുകളുടെ ചരിത്രം – കാറളം കൈനിലപിഷാരം**..13

**കഥ – ഡയോജിനസിന്റെ റാന്തൽ**....................16
രമ പ്രസന്ന പിഷാരോടി

**റിപ്പോർട്ട് – കൈനിലപിഷാരം കുടുംബസംഗമം**......21
കെ.പി. ഹരികൃഷ്ണൻ

**വഞ്ചിപ്പാട്ട് – ഇമ്പമൂറും കൈനില**....................23
ബേബി ജയൻ

**ലേഖനം – പ്രതിബിംബങ്ങൾ**.........................24
സൂര്യ സനു പതി

**അവലോകനങ്ങൾ – കൈനിലപിഷാരം കുടുംബസംഗമം**..................29

**കവിത – എല്ലാം നമ്മുടേതാക്കേണ്ടേ പുന്നാരേ**.......31
പ്രസന്നലക്ഷ്മി

**അനുസ്മരണം – ഒരു കണ്ണീരോർമ്മ**..................35
ടി.ആർ. രഘുനന്ദനൻ

**യാത്ര – രജ്പുത്താന**...............................38
മുരളി ആനായത്ത്

**വൈവാഹികം**........................................40

**ശാഖാവാർത്തകൾ**..................................43

**ആദരാഞ്ജലികൾ**..................................49

# പാട്ടൊഴിഞ്ഞ നിറ സദസ്സിൽ

**2024** വിട പറഞ്ഞത് ആധുനിക മലയാള സാഹിത്യത്തിന്റെ ഗുരുവായ എം.ടിയെ കൂടി കൂടെ കൂട്ടിയിട്ടാണെങ്കിൽ 2025 തുടങ്ങുന്നത് ഭാവ സാന്ദ്രമായ സംഗീതത്തെ മലയാളികൾക്ക് അനുഭവമാക്കിത്തന്ന ജയചന്ദ്രനെ ഈ ലോകത്ത് നിന്ന് അകറ്റിക്കൊണ്ടാണ്. ആവേശത്തോടെ സംഗീതാസ്വാദകർ ആ ശബ്ദ മാസ്മരികതയെ ഉള്ളേറ്റി ആഘോഷിച്ചു കൊണ്ടിരിക്കെ ആ ഗീത മാധുരി നിശബ്ദമായി. അദ്ദേഹം ഇന്നലെവരെ നമുക്ക് തന്ന ഗാനങ്ങൾ മാത്രം ഇനി നമ്മുടെ നിധി ശേഖരം.

തുളസീദളം ആദ്യമായി സമ്പൂർണ്ണ കളറിൽ ഓണപ്പതിപ്പ് പ്രസിദ്ധീകരിച്ചപ്പോൾ, ഇപ്പോൾ നമുക്കൊപ്പമില്ലാത്ത നമ്മുടെ ബാബു നാരായണന്റെ പരിശ്രമത്താൽ എം.ടി. ആശംസ എഴുതിത്തന്ന ഓർമ്മ കഴിഞ്ഞ ലക്കം ഇവിടെ സൂചിപ്പിച്ചിരുന്നല്ലോ. താളുകളുടെ വർണ്ണ ഭംഗി മാത്രമല്ല അവയിൽ നിരത്തി വെച്ച കുറിമാനങ്ങൾക്കും ഏറെ രുചിയായിയുന്നു. സാഹിത്യ രംഗത്തെ പ്രശസ്തരായ പല എഴുത്തുകാരുടെയും സൃഷ്ടികൾ ഉൾപ്പെടുത്താൻ നമുക്ക് സാധിച്ചു. പൊന്നിൻ കുടത്തിനു രത്നം കൊണ്ട് പൊട്ടിട്ട പോലെ കലാമണ്ഡലം ഗോപിയുമായുള്ള അഭിമുഖവും.

സമാജത്തിനും സമുദായത്തിനും ഒരേ പോലെ അഭിമാനമായ ഈ ഓണപ്പതിപ്പിന്റെ പ്രകാശന കർമ്മം നടത്തേണ്ടത് അതിന്നനുസൃതമായ ഒരു മഹദ് വ്യക്തിയെ കൊണ്ട് തന്നെ വേണമെന്ന് ആഗ്രഹം തോന്നിയപ്പോൾ അവിടെയും തുളസീദളം പത്രാധിപ സമിതി അംഗം കൂടിയായിരുന്ന ബാബു നാരായണൻ പെട്ടെന്ന് പോംവഴി കണ്ടെത്തി. ഭാവഗായകൻ ജയചന്ദ്രൻ. സമ്മതം വാങ്ങൽ എളുപ്പമല്ല. പുലിയാണ്. എന്നാലും സ്നേഹമുള്ള പുലിയാണ്. എന്തായാലും ബാബുനാരായണൻ പുലിയെ നന്നായി കയ്യിലെടുത്തു എന്ന് പറഞ്ഞാൽ മതിയല്ലോ. അങ്ങനെ ഒരു ദിവസം ബാബു നാരായണന്റെ കൂടെ തുളസീദളം ജയചന്ദ്രന്റെ പൂങ്കുന്നത്തുള്ള വീട്ടിൽ ചെല്ലുന്നു. ഒപ്പം സരോജ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എം ഡി മാരിൽ ഒരാളായ ഡോക്ടർ നാരായണ പിഷാരോടിയും. ഓണക്കാലമായതിനാൽ കുറച്ചു പാലടയും കായ വറുത്തതും സ്നേഹ സമ്മാനമായി ഞങ്ങൾ കരുതിയിരുന്നു. വീട്ടിലെത്തി കോളിങ്ങ് ബെൽ അടിച്ചു. അദ്ദേഹം ഇറങ്ങി വന്നു. ആയിരക്കണക്കിന് ഗാനങ്ങൾ അവയുടെ പൂർണ്ണമായ ഭാവ സൗന്ദര്യത്തോടെ മലയാളത്തിനു സമ്മാനിച്ച പ്രിയ ഗായകൻ ആ മധുര ശബ്ദത്തിൽ സുസ്മിതത്തോടെ ഞങ്ങളോട് പറഞ്ഞു. വരൂ.. വരൂ.. ബാബു നാരായണൻ അദ്ദേഹത്തോട് അഭ്യർഥിച്ചതെല്ലാം തികഞ്ഞ അനുസരണയോടെ ചെയ്യുന്നത് കണ്ടപ്പോൾ ഞങ്ങളറിഞ്ഞു. വെറുതെ.. വെറുതെയാണ് ലോകം ഇദ്ദേഹത്തെ കർക്കശക്കാരനാക്കിയിരിക്കുന്നത്. ശുദ്ധനാണ്. ഓണപ്പതിപ്പ് അദ്ദേഹം പ്രകാശനം ചെയ്തു. അങ്ങനെ നമ്മൾ കുറിച്ച ചരിത്രത്തിന്റെ തിളക്കമിരട്ടിയായി.



ഇപ്പോൾ എം ടിയുമില്ല. ജയചന്ദ്രനുമില്ല. അടുത്തടുത്ത മാസങ്ങളിൽ അവർ യാത്ര പറഞ്ഞു. അവരെ നമ്മളുമായി ബന്ധിപ്പിച്ച ബാബു നാരായണൻ എത്രയോ മുമ്പ് തന്നെ പോയി മറഞ്ഞു. പക്ഷെ സാഹിത്യ കൃതികളും സംഗീതവും സിനിമകളും അവരുടെ നേർ രൂപങ്ങളായി നമ്മുടെ മുന്നിൽ ഉണ്ട്. അനശ്വരമായി. ജയചന്ദ്രന്റെ ആത്മശ്രുതിക്ക് മുന്നിൽ തുളസീദളം തൊഴുകൈകളോടെ, പ്രാർത്ഥനയോടെ നിൽക്കുന്നു.

ഇപ്രാവശ്യത്തെ ഭക്തിമാസങ്ങൾക്ക് അവസാനം കുറിച്ച് കൊണ്ട് മകര വിളക്ക് തെളിഞ്ഞു. ശരണം വിളികൾ ഒഴിഞ്ഞു. ശിശിരത്തിൽ വിടരുന്ന തിരുവാതിരയും കഴിഞ്ഞു. ഓരോ തിരുവാതിരയും ഇപ്പോൾ നഷ്ട സ്മൃതികൾ കൂടി നൽകുന്നുണ്ട്. ഒരുകാലത്ത് കേരളത്തിലെ ഹൈന്ദവ സ്ത്രീകൾ ധനുമാസത്തിരുവാതിരക്ക് വളരെ പ്രാധാന്യമാണ് നൽകിയിരുന്നത് എന്ന് നമുക്കറിയാം. ആടിയും പാടിയും കുളങ്ങളിൽ തുടിച്ചു കുളിച്ചും എട്ടങ്ങാടി ചുട്ടും പാതിരാപ്പൂ ചൂടിയും ഉറക്കമൊഴിച്ചും വൃതമെടുത്തും അവർ ഭഗവാൻ പരമശിവന്റെ പിറന്നാൾ ആഘോഷിച്ചു. കന്യകമാർ മംഗല്യഭാഗ്യത്തിനും വിവാഹം കഴിഞ്ഞ സ്ത്രീകൾ നെടുമാംഗല്യത്തിനും ഈ തിരുവാതിര അത്യുത്തമം എന്ന് വിശ്വസിച്ചു. വിവാഹം കഴിഞ്ഞ സ്ത്രീകൾക്ക് അതേ വർഷത്തിൽ തന്നെ വരുന്ന തിരുവാതിര പൂത്തിരുവാതിര ആയിരുന്നു. പക്ഷെ കാലം ആ നിഷ്ക്കളങ്കതകളെ ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നു. ഇന്ന് കേരളത്തിലെ എത്ര ഹൈന്ദവ സ്ത്രീകൾ തിരുവാതിര കൊണ്ടാടുന്നുണ്ട് എന്ന് ചിന്തിക്കുമ്പോൾ വിഷമം തോന്നുന്നു. നമ്മുടെ നാട്ടു നന്മകൾ എവിടെയൊക്കെയോ വെച്ച് ഇല്ലാതായിക്കൊണ്ടിരിക്കുന്നു. എന്നാലും ഇപ്പോഴും പലയിടത്തും കുറച്ചു സ്ത്രീകളെങ്കിലും തിരുവാതിര കൊണ്ടാടുന്നുണ്ട് എന്നത് മറക്കുന്നില്ല.

വർഷത്തിലെ ഏറ്റവും കുറച്ചു ദിവസങ്ങളെ സൂക്ഷിക്കുന്ന ഫെബ്രുവരി എല്ലാവർക്കും സന്തോഷവും സമാധാനവും നൽകട്ടെ എന്ന് ആശംസിക്കുന്നു.

**പത്രാധിപസമിതി**

## എഴുത്തുകാരുടെ കൂട്ടായ്മ

**ന**മ്മുടെ ഇടയിലുള്ള എഴുത്തുകാരുടെ ഒരു കൂട്ടായ്മ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിന്റെ തുടക്കം കുറിക്കുവാൻ എഴുത്തിൽ തല്പരരായ എല്ലാവരും അവരവരുടെ ഫോൺ/ വാട്ട്സ് ആപ്പ് നമ്പർ ഞങ്ങൾക്ക് അയച്ചു തരുവാൻ അഭ്യർത്ഥിക്കുന്നു.

**അയക്കേണ്ട നമ്പർ:**

**ഗോപൻ പഴുവിൽ – 94952 25979 / സുരേഷ് ബാബു വിളയിൽ – 94479 80530 / മുരളി വട്ടേനാട്ട് – 9004359099**

**ജന. സെക്രട്ടറി**
പിഷാരോടി സമാജം

## യുവ പ്രൊഫഷണൽസിന്റെ കൂട്ടായ്മ

**പി**ഷാരോടിമാർക്കിടയിലെ യുവ പ്രൊഫഷണൽസിന്റെ (Young Professionals) ഒരു കൂട്ടായ്മ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. 40 വയസ്സിൽ താഴെയുള്ള ഡോക്ടർമാർ, എൻജിനിയർമാർ, ചാർട്ടേർഡ് അക്കൗണ്ടന്റ്സ്, കോസ്റ്റ് അക്കൗണ്ടന്റ്സ്, ഇൻഫർമേഷൻ ടെക്നോളജി പ്രൊഫെഷണൽസ്, കമ്പനി സെക്രട്ടറിമാർ, മാനേജ്മെന്റ് കൺസൾറ്റൻറ്സ്, അഡ്വക്കേറ്റ്മാർ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ ഒരു കൂട്ടായ്മയാണ് ഉദ്ദേശിക്കുന്നത്.

ആയതിന്റെ തുടക്കം കുറിക്കുവാൻ എല്ലാവരും അവരവരുടെ ഫോൺ/വാട്ട്സ് ആപ്പ് നമ്പർ ഞങ്ങൾക്ക് അയച്ചു തരിക.

**അയക്കേണ്ട നമ്പർ: മുരളി വട്ടേനാട്ട് – 9004359099**

**ജന. സെക്രട്ടറി**

പ്രതിഫലനം

# അറിയാത്തതായി എന്തെല്ലാം!



എ.പി. സരസ്വതി

**സ്കൂ**ൾ പഠനകാലത്ത് കേട്ട പരിചയം മാത്രമുള്ള "കുംഭമേള" ഈയടുത്തകാലത്താണ് കേരളത്തിൽ സവിശേഷശ്രദ്ധയാകർഷിച്ചുകൊണ്ട് മാധ്യമങ്ങളിൽ ഇടംപിടിക്കുന്നത്. ഉത്തരേന്ത്യയിലെ ഏതോ ഒരുത്സവം എന്നുമാത്രമേ അതിനെക്കുറിച്ച് അന്നെല്ലാവരും മനസ്സിലാക്കിയിരുന്നുള്ളൂ എന്നാണ് എനിക്ക് തോന്നുന്നത്. കേരളത്തിന് അതുമായി ഒരു ബന്ധവുമില്ല എന്നാണ് കരുതിയിരുന്നത്. നമ്മുടെ സ്വന്തം എന്നു ഞാൻ പറയാനാഗ്രഹിക്കുന്ന ആദിശങ്കരാചാര്യരാണ് ഇതിന്റെയും സംഘാടകൻ എന്നറിയുമ്പോൾ ഉണ്ടാവുന്ന ഹർഷാവേശം ഉള്ളിലൊതുക്കാവുന്നതല്ല. ആർഷഭാരതമെന്ന നമ്മുടെ നാടിന്റെ പ്രശസ്തി ആചന്ദ്രതാരം വിളങ്ങിനിൽക്കണമെന്ന സങ്കല്പമാവാം ഈ ഒരാശയത്തിന്റെ ആവിഷ്കാരത്തിലുള്ളത്. അഖണ്ഡഭാരതമെന്ന ഭാവനയും ഉൾച്ചേർന്നിരിക്കാം.

''ഭൂമിയിൽ നടക്കുന്ന ഏറ്റവും വലിയ ആദ്ധ്യാത്മികസംഗമമെന്നും സമാധാനപരമായ കൂട്ടായ്മയെന്നും മാനവസംസ്കാരത്തിന്റെ പൈതൃക"മെന്നുമൊക്കെ 2017-ൽ യുനെസ്കോ പ്രഖ്യാപിച്ചപ്പോഴും നമ്മുടെയൊന്നും ഉള്ളിലേക്കിതിറങ്ങിയില്ലെന്നു തോന്നുന്നു. ഇന്ന് പ്രയാഗ്‌രാജ് എന്ന തീർത്ഥസ്ഥാനം-ത്രിവേണീസംഗമസ്ഥലം - 144 വർഷത്തിനുശേഷം മഹാകുംഭമേളയ്ക്കു വേദിയാകുന്നു എന്നത് അത്ഭുതാദരങ്ങളോടെ മാത്രമെ കാണാനാകുന്നുള്ളൂ. ഭാരതത്തിലെ എല്ലാ ശാഖകളിലുമുള്ള സന്യാസിമാർ ഒത്തുകൂടി ആചാരാനുഷ്ഠാനങ്ങൾ, പാരായണങ്ങൾ, പഠനങ്ങൾ, ആശയവിനിമയങ്ങൾ, ഭാവി പ്രവർത്തനങ്ങൾ സമാധാനപരമായി തീരുമാനിക്കൽ എന്നിവയൊക്കെ അവിടെ നടക്കുമെന്നറിയുന്നു. മഠാമ്നായം, അഖാഡ എന്നിങ്ങനെ രണ്ട് പ്രധാന വിഭാഗങ്ങളാണ് സന്യാസികൾ. അവയിൽത്തന്നെ വീണ്ടും വിഭാഗങ്ങളുണ്ട്. മഠാമ്നായം സാധനയ്ക്കും ശാസ്ത്രജ്ഞാനത്തിനും പ്രാധാന്യം നൽകുമ്പോൾ അഖാഡകൾ സാധനയ്ക്കും ശസ്ത്രപ്രയോഗത്തിനും മുൻതൂക്കം കൊടുക്കുന്നു. അഖാഡകളിലും ശാസ്ത്രജ്ഞാനമുള്ള മഹാപണ്ഡിതന്മാരുണ്ടെന്നും കേൾപ്പെടുന്നുണ്ട്.

ഭാരതത്തിലെ ഏതാണ്ട് പകുതിയോളം ജനങ്ങൾ സന്യാസിമാരായിട്ടും ആചാര്യന്മാരായിട്ടും ഉപാസകരായിട്ടും കാഴ്ചക്കാരായിട്ടും അവിടെയെത്തി വിവിധ സ്നാനസംഗമത്തിൽ പങ്കെടുക്കുന്നു എന്നത് ചെറിയൊരു കാര്യമല്ലല്ലോ. കാലാവസ്ഥയുടെ പ്രതികൂലാവസ്ഥയോ താമസം, ഭക്ഷണം, യാത്ര എന്നിവയിൽ വന്നുചേരാവുന്ന വൈഷമ്യങ്ങളോ മറന്ന് ഗംഗാമാതാവിന്റെ വാത്സല്യക്കുളിരു നുകരാനെത്തുന്ന എല്ലാവർക്കും പ്രാർത്ഥനാപൂർവ്വം ആശംസകളർപ്പിക്കാമെന്നല്ലാതെ ഒന്നും പറയാനില്ല. ●



അനുസ്മരണം

# ഭാവഗീതത്തിലെ ഏകാന്ത പഥികന്റെ കടത്തു വള്ളവും യാത്രയാവുമ്പോൾ





മുരളി വട്ടേനാട്ട്

**ക**രയിൽ ഇതാ ഞങ്ങൾ മാത്രമായി. ഒരിക്കലും തിരിച്ചു വരില്ലെന്നറിയാമെങ്കിലും ഇനിയെന്ന് കാണും നമ്മൾ...? എന്ന് മനസ്സിടറിക്കൊണ്ട്. എത്രയോ പ്രതിഭകൾ ലോകത്തോട് വിട പറഞ്ഞു പോയിരിക്കുന്നു. ആ വിയോഗങ്ങൾ തരാത്ത വേദന ഇപ്പോഴെന്തേ ഞങ്ങളിൽ വളരുന്നു?.. ഞങ്ങളുടെ ആരുമല്ലാതിരുന്നിട്ടും വളരെ വളരെ പ്രിയമുള്ളവനാകാൻ ഏതു ബന്ധമാണ് ഓർത്തെടുക്കേണ്ടത്? മറുപടി പോലെ കാറ്റിൽ അകലെ നിന്ന് മധുര ഗാനത്തിന്റെ ശീലുകൾ ഒഴുകി വരുന്നുണ്ടല്ലോ. കഥ മുഴുവൻ തീരും മുമ്പേ യവനിക വീഴും മുമ്പേ കവിളത്ത് കണ്ണീരോടെ....

ഞങ്ങളുടെ തലമുറയുടെ ഭാഗ്യമായിരുന്നു രണ്ടു മികച്ച ഗായകരുടെ നല്ല സിനിമാഗാനങ്ങൾ കേട്ടു വളരുകയെന്നത്. കഴിവിന്റെ കാര്യത്തിൽ ഇരുവരും അഗ്രജരെങ്കിലും നമുക്കതിലൊരാളോട് കൂടുതലിഷ്ടം തോന്നുക സ്വാഭാവികം. ഇവരിൽ കുറച്ചു പാട്ടുകൾ പാടിയ, എന്നാൽ നമ്മുടെ ഉള്ളിലേക്കിറങ്ങിയ വരികളും ഭാവങ്ങളുമായെത്തിയ അയാളെയായിരുന്നു എനിക്കെന്തോ കൂടുതലിഷ്ടം. അത് പി. ജയചന്ദ്രനോടായിരുന്നു.

സംഗീതകുടുംബ പാരമ്പര്യമോ, സംഗീതത്തിൽ പ്രത്യേക അവഗാഹമോ പ്രാവീണ്യമോ അവകാശപ്പെടാനില്ലാത്ത ഒരാളെന്ന നിലയിൽ അത്തരമൊരാധനയുടെ കാരണം തേടി പോയിട്ടില്ല. ഒരു പക്ഷെ ജയചന്ദ്രൻ ആധികാരിക സംഗീതാഭ്യാസനം നടത്തിയിട്ടില്ലാത്തൊരാളെന്നതാവാം അത്തരമൊരു മൃദുസമീപനത്തിന്റെ ഹേതു. അതിലുമുപരി അദ്ദേഹത്തിന്റെ ആലാപനത്തിൽ നിറയുന്ന ഭാവ തീവ്രതയാവണം ആത്യന്തികമായി ആകർഷിച്ചതും അദ്ദേഹത്തിലേക്കടുപ്പിച്ചതും. വളരെ ചെറിയ പ്രായത്തിൽ തന്നെ ഞങ്ങളുടെ മർഫി റേഡിയോയിൽ നിന്നും ഒഴുകി വന്നിരുന്ന അദ്ദേഹത്തിന്റെ അശ്വതി നക്ഷത്രമേ എൻ അഭിരാമ സങ്കല്പമേ എന്ന ഗാനം എന്നിലെന്തെല്ലാമോ അനുഭൂതി വിശേഷങ്ങൾ നിറച്ചിരുന്നു. തൃശൂർ കോഴിക്കോട് നിലയങ്ങളിൽ നിന്നുള്ള ചലച്ചിത്ര ഗാന പ്രക്ഷേപണങ്ങളിൽ ആ ഗാനം കേൾക്കുവാനായി കാത്തിരിക്കുമായിരുന്നു.

ഒരു തുടക്കക്കാരന്റെ എല്ലാ ഭയങ്ങളോടും കൂടി "ഒരു മുല്ലപ്പൂമാലയുമായി" ചലച്ചിത്രഗാനരംഗത്തേക്ക് കടന്നു വന്ന ജയചന്ദ്രൻ പിന്നീട് ആ ഭയമെല്ലാം മാറ്റിവെച്ച് നമ്മെ നിലാവിന്റെ നീന്തൽപ്പൊയ്കയിൽ നീരാടിച്ചു, മഞ്ഞലയിൽ ആവോളം മുങ്ങിത്തോർത്തിച്ചു, വൈശാഖ പൗർണ്ണമി രാവിലൂടെ എത്രയോ നടത്തിച്ചു. കൗമാരത്തിലേക്ക് കടക്കുന്നവരെ അനുരാഗഗാനം പോലെ അഴകിന്റെ അല പോലെ, ആരു നീ ആരു നീ ദേവതേ എന്നും, പൂവും പ്രസാദവും ഇളനീർ കുടവുമായ് കാവിൽ തൊഴുതു വരുന്നവളെ എന്നും പാടി ഇക്കിളിപ്പെടുത്തി, അറിയാതെ ആ ഈരടികൾ മൂളാൻ പ്രാപ്തരാക്കി. ഞാനിതാ തിരിച്ചെത്തി മത്സഖി, പൊയ്പോയോരെൻ ഗാനസാമ്രാജ്യത്തിന്റെ വീഥിയിൽ ഭിക്ഷയ്ക്കായി എന്നിങ്ങനെയുള്ള പ്ര

ണയ കവിതകൾ ചൊല്ലിപ്പിച്ചു. നഷ്ടപ്പെടുവാൻ വിലങ്ങുകൾ, കിട്ടാനുള്ളതു പുതിയൊരു ലോകം എന്ന് വിപ്ലവാവേശത്തോടെ മുദ്രാവാക്യമുയർത്തുവാൻ പ്രാപ്തരാക്കി.



ജയചന്ദ്രൻ എന്ന പ്രതിഭയെ നമ്മിലേക്കടുപ്പിച്ചതിൽ അന്നത്തെ ഗാനരചയിതാക്കളുടെ പങ്ക് പ്രത്യേകം എടുത്തു പറയേണ്ടതാണ്. അദ്ദേഹത്തിന് വേണ്ടി ഏറ്റവും നല്ല ഗാനങ്ങൾ എഴുതിയതാര് എന്നു ചോദിച്ചാൽ ശ്രീകുമാരൻ തമ്പിയെന്ന് നിസ്സംശയം പറയാം.

എനിക്കേറ്റവും ഇഷ്ടപ്പെട്ട വരികളായ അശ്വതി നക്ഷത്രമേ എൻ അഭിരാമ സങ്കല്പമേ തുടങ്ങി എത്രയോ പ്രണയ ഗാനങ്ങൾ. മകരം പോയിട്ടും മാടമുണർന്നിട്ടും മാറത്തെ കുളിരൊട്ടും പോയില്ലേ എന്ന വരികൾ കേൾക്കുമ്പോൾ അറിയാതെ നമ്മളും അത്തരമൊരു കാല്പനിക ലോകത്തിലേക്ക് ഊളിയിട്ടു പോവും. നിൻ മണിയറയിലെ നിർമ്മല ശയ്യയിലെ നീല നിരാളമായ് ഞാൻ മാറിയെങ്കിൽ എന്നദ്ദേഹം അലിഞ്ഞു പാടുമ്പോൾ ഏതൊരു യുവാവിന്റെയും ഹൃദയം ഒന്നുലഞ്ഞു പോവും. രാജീവ നയനെ നീയുറങ്ങു രാഗ വിലോലെ നീയുറങ്ങൂ എന്ന് കേൾക്കുമ്പോൾ അറിയാതെ മനസ്സിന്റെ ഉള്ളിൽ നമ്മളും മറ്റൊരു പ്രണയിനിയെ പാടിയുറക്കുകയാവും.

യദുകുല രതിദേവനെവിടെ എവിടെ, നിൻ പദങ്ങളിൽ നൃത്തമാടിടും എന്റെ സ്വപ്ന ജാലം, മലരമ്പനറിഞ്ഞില്ലാ മധുമാസമറിഞ്ഞില്ലാ, ചന്ദനത്തിൽ കടഞ്ഞെടുത്തൊരു സുന്ദരീ ശിൽപം, സ്വർണ്ണ ഗോപുര നർത്തകീ ശിൽപം കണ്ണിനു സായൂജ്യം നിൻ രൂപം, സ്വാതി തിരുനാളിൻ കാമിനീ സ്വപ്തസ്വര സുധാ വാഹിനീ, മല്ലികപ്പൂവിൻ മധുരഗന്ധം നിന്റെ മന്ദസ്മിതം പോലുമൊരു വസന്തം, ഹൃദയേശ്വരി നിൻ നെടുവീർപ്പിൽ ഞാനൊരു മധുര സംഗീതം കേട്ടൂ, മൗനം പോലും മധുരം ഈ മധുനിലാവിൻ മഴയിൽ, മുത്തു കിലുങ്ങി മണി മുത്ത് കിലുങ്ങി മുത്തമൊലിക്കും ചുണ്ടിൽ ചിരി കിലുങ്ങി, തുള്ളിയോടും പുള്ളിമാനെ നില്ല് നിന്റെ വള്ളിമേടക്കാടെവിടെ ചൊല്ല് ചൊല്ല്, തിരുവാഭരണം ചാർത്തി വിടർന്നു തിരുവാതിര നക്ഷത്രം. ഈ ഗാനങ്ങളോരോന്നും അദ്ദേഹത്തിന്റെ ശ്രുതിമധുരത്താൽ നമ്മുടെ മനസ്സിന്റെ അടിത്തട്ടിൽ അരക്കിട്ടുറപ്പിച്ചവയാണ്.

അമ്മയല്ലാതൊരു ദൈവമുണ്ടോ അതിലും വലിയൊരു കോവിലുണ്ടോ, സന്ധ്യക്കെന്തിനു സിന്ദൂരം ചന്ദ്രികക്കെന്തിനു വൈഡൂര്യം, അറബിക്കടലിളകി വരുന്നു ആകാശപ്പൊന്നു വരുന്നു ആലോലം തിരകളിലെ അമ്മാന വഞ്ചിയിലെ, മലരമ്പനെഴുതിയ മലയാള കവിതേ മാലേയ കുളിർ താവും മായാ ശില്പമേ, മലയാളഭാഷ തൻ മാദക ഭംഗി നിൻ മലർ മന്ദഹാസമായ് വിരിയുന്നു, നന്ത്യാർവട്ട പൂ ചിരിച്ചൂ നാട്ടു മാവിന്റെ ചോട്ടിൽ, തുടങ്ങി അനുവാചക ഹൃദയങ്ങളിൽ വിവിധ ഭാവ തരംഗങ്ങൾ സൃഷ്ടിക്കുന്ന എത്രയോ അർത്ഥവത്തായ, മനസ്സിലേക്കിറങ്ങിച്ചെല്ലുന്ന ഗാനങ്ങളാണ് തമ്പിയുടേതായി ജയചന്ദ്രൻ ആലപിച്ചത്.



ജയചന്ദ്രന്റെ ജനപ്രിയ ഗാനങ്ങളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന, സർവ്വകാല ഹിറ്റുകളായിമാറിയ അര ഡസനോളം ഗാനങ്ങൾ പി. ഭാസ്കരന്റേതായിരുന്നു. മഞ്ഞലയിൽ മുങ്ങിത്തോർത്തി മധുമാസ ചന്ദ്രിക വന്നു, ഹർഷ ബാഷ്പം തൂകി വർഷ പഞ്ചമി വന്നു ഇന്ദുമുഖീ ഇന്നു രാവിൽ എന്തു ചെയ്‌വൂ നീ, ഞാനിതാ തിരിച്ചെത്തി മൽസഖി പൊയ്പ്പോയൊരെൻ ഗാനസാമ്രാജ്യത്തിന്റെ വീഥിയിൽ ഭിക്ഷക്കായി, പിന്നെയുമിണക്കുയിൽ പിണങ്ങിയല്ലോ ഇന്നെന്താണിന്നെന്താണുറക്കമില്ലേ.. ഉറക്കമില്ലേ, കരിമുകിൽ കാട്ടിലെ രജനിതൻ വീട്ടിലെ കനകാംബരങ്ങൾ വാടി, പൂർണ്ണേന്ദു മുഖിയോടമ്പലത്തിൽ വച്ചു പൂജിച്ച ചന്ദനം ഞാൻ ചോദിച്ചു, ഏകാന്ത പഥികൻ ഞാൻ ഏതോ സ്വപ്ന വസന്ത വനത്തിലെ ഏകാന്ത പഥികൻ ഞാൻ, കാവ്യപുസ്തകമല്ലോ ജീവിതം ഒരു കാവ്യപുസ്തകമല്ലോ ജീവിതം, പുത്തരി കൊയ്തപ്പോളെന്തു കിട്ടി പത്തരമാറ്റുള്ള പൊന്നു കിട്ടി, രാമൻ ശ്രീരാമൻ ഞാൻ അയോദ്ധ്യ വിട്ടൊരു രാമൻ, നീലമലപ്പൂങ്കുയിലെ നീ കൂടെപ്പോരുന്നോ, വിണ്ണിലിരുന്നുറങ്ങുന്ന ദൈവമോ മണ്ണിതിൽ ഇഴയുന്ന മനുഷ്യനോ തുടങ്ങി വരികളുടെ അർത്ഥസംപുഷ്ടിയാലും ആലാപനസൗന്ദര്യത്താലും മന

സ്സിലെക്കാലവും തങ്ങിനിൽക്കുന്ന ഒരു പിടി ഗാനങ്ങൾ.



ഗന്ധർവ്വ കവി വയലാറിന്റെ ഉജ്ജ്വലങ്ങളായ വരികളിലൂടെ സുപ്രഭാതം.. സുപ്രഭാതം.. നീലഗിരിയുടെ സഖികളെ ജ്വാലാ മുഖികളെ ജ്യോതിർമയിയാം ഉഷസ്സിനു വെള്ളിച്ചാമരം വീശും മേഘങ്ങളേ (സംസ്ഥാന പുരസ്ക്കാരം 1972), മാനത്തു കണ്ണികൾ മയങ്ങും കയങ്ങൾ മനോരമേ നിൻ നയനങ്ങൾ, പൂവും പ്രസാദവും ഇളനീർക്കുടവുമായ് കാവിൽ തൊഴുതു വരുന്നവരെ, മധു ചന്ദ്രികയുടെ ചായത്തളികയിൽ മഴവിൽ പൂമ്പൊടി ചാലിച്ചു, ഇഷ്ടപ്രാണേശ്വരി നിന്റെ ഏദൻ തോട്ടം എനിക്ക് വേണ്ടി, നുണക്കുഴിക്കവിളിൽ നഖചിത്രമെഴുതും താരേ താരേ, കാമശാസ്ത്രമെഴുതിയ മുനിയുടെ കനക തൂലികേ, ഉപാസനാ ഉപാസനാ ഇതു ധന്യമാമൊരുപാസനാ, റംസാനിലെ ചന്ദ്രികയോ രജനീ ഗന്ധിയോ, അല്ലിയാമ്പൽ പൂവുകളെ അർദ്ധ നഗ്ന ഗാത്രികളെ, ഇനിയും പുഴയൊഴുകും ഇതു വഴി ഇനിയും കുളിർകാറ്റോടിവരും, തോട്ടേനെ ഞാൻ മനസ്സുകൊണ്ടു കെട്ടിപ്പിടിച്ചേനെ, സീതാദേവി സ്വയംവരം ചെയ്തൊരു ത്രേതാ യുഗത്തിലെ ശ്രീരാമൻ എന്നീ ഗാനങ്ങളിലൂടെയും അദ്ദേഹം നമ്മുടെ മനസ്സിലേക്ക് കുടിയേറി.

പ്രശസ്ത കവി ഓ എൻ വിയുടെ തൂലികയിൽ നിന്നും പിറന്ന ജയചന്ദ്രന്റെ എക്കാലത്തെയും മികച്ച ഗാനങ്ങളിലൊന്നാണ് ഒന്നിനി ശ്രുതി താഴ്ത്തി പാടുക പൂങ്കുയിലേ എന്നോമലുറക്കമായ് ഉണർത്തരുതേ എന്നത്. അത് കേട്ടാൽത്തന്നെ ഏതൊരു കുയിലും ശബ്ദം താഴ്ത്തിപ്പാടുമെന്നുറപ്പാണ്. ശരദിന്ദു മലർദീപ നാളം നീട്ടി സുരഭില യാമങ്ങൾ ശ്രുതി നീട്ടി, കേവലം മർത്ത്യ ഭാഷ കേൾക്കാത്ത ദേവ ദൂതികയാണു നീ, രാഗം ശ്രീരാഗം ഉദയ ശ്രീ രാഗം (സംസ്ഥാന പുരസ്ക്കാരം 1978) എന്നിങ്ങനെയുള്ള മികച്ച ഗാനങ്ങളും ഓ എൻ വിയുടെയായിരുന്നു.

എൺപതുകളിലെ കാസറ്റ് തരംഗത്തിൽ അദ്ദേഹത്തിന് ഗാനങ്ങൾ കുറഞ്ഞുവെന്നത് ചരിത്രം. അഥവാ കിട്ടിയെങ്കിൽ തന്നെ ആരാലും ശ്രദ്ധിക്കപ്പെടാത്ത വരികളും. പിന്നീട് കുറച്ചു കാലം നമുക്ക് കേട്ടാലും മതിവരാത്ത അദ്ദേഹത്തിന്റെ പഴയ ഗാനങ്ങൾ തന്നെ കേട്ട് നിർവൃതിയടയേണ്ടി വന്നു. അതെ പോലെ ദേവരാജൻ മാസ്റ്ററും രാഘവനും ചിദംബരനാഥും ബാബുരാജും ദക്ഷിണാമൂർത്തിയും അർജുനനും അവസരങ്ങൾ നൽകിയ പോലെ പുത്തൻ തലമുറയിലെ സംഗീത സംവിധായകർ ജയചന്ദ്രനെ ഉപയോഗിച്ചുവോ എന്നതും ചിന്തിക്കേണ്ടിയിരിക്കുന്നു.

1999ൽ നിറത്തിലെ പ്രായം നമ്മിൽ മോഹം നൽകി മോഹം കണ്ണിൽ പ്രേമം നൽകി എന്ന വിദ്യാസാഗറിന്റെ ഗാനത്തിലൂടെ അദ്ദേഹം ശക്തമായൊരു തിരിച്ചു വരവ് നടത്തി.

തുടർന്ന് എണ്ണത്തിൽ കുറഞ്ഞതെങ്കിലും കുറച്ച് നല്ല ഗാനങ്ങൾ കൂടി അദ്ദേഹത്തിൽ നിന്നും നമുക്ക് ലഭിച്ചു. അറിയാതെ അറിയാതെ ഈ പവിഴ വാർതിങ്കളറിയാതെ, സ്വയംവര ചന്ദ്രികേ സ്വർണ്ണ മണിമേഘമേ, ആരു പറഞ്ഞു ആരു പറഞ്ഞു ഞാൻ കണ്ടത് രാക്കാനവാണെന്നാരു പറഞ്ഞു, കേര നിരകളാടും ഒരു ഹരിത ചാരു തീരം, ആരാരും കാണാതെ ആരോമൽ തൈമുല്ല പിന്നെയും പൂവിടുന്നോ, തങ്കമനസ്സ് അമ്മ മനസ്സ് മുറ്റത്തെ തുളസി പോലെ, ശാരദാംബരം ചാരുചന്ദ്രിക ധാരയിൽ മുഴുകീടവേ, മോഹം കൊണ്ടു ഞാൻ ദൂരെയേതോ ഈണം പൂത്ത നാൾ മധു തേടി പോയി, പൊടി മീശ മുളക്കണ കാലം ഇടനെഞ്ചില് ബാൻഡടി മേളം തുടങ്ങി.




മാധവ് രാമദാസിന്റെ 'ഇളയരാജ'ക്ക് വേണ്ടി 5 വർഷം മുമ്പ് പാടിയ എന്നാലും ജീവിതമാകെ സങ്കടമതിലധികം എന്നാളും കാണും സ്വപ്നം എന്ന ഗാനവും എന്റെ ഇഷ്ടഗാനങ്ങളിലൊന്നാണ്.

തമിഴ് സിനിമാഗാനരംഗത്തും അദ്ദേഹം തന്റെ സ്വരമാധുരി കൊണ്ട് ഓളങ്ങൾ സൃഷ്ടിച്ചു. രാസാത്തി ഒന്നെ കാണാതെ നെഞ്ച് കാത്താടി പോലാട്ത് എന്ന ഒറ്റ ഗാനം കൊണ്ട് അദ്ദേഹം തമിഴകത്തേയും തന്റെ നെഞ്ചകത്താക്കി.

സിനിമാഗാനങ്ങൾക്കൊപ്പം തന്നെ ഭക്തി ഗാനരംഗത്തും അദ്ദേഹത്തിന്റെ എത്രയോ നല്ല ഗാനങ്ങൾ നമ്മളെ തേടിയെത്തി. കവി പി. കുഞ്ഞിരാമൻ നായരുടെ വരികൾ മണ്ഡലമാസപ്പുലരികൾ പൂക്കും പൂങ്കാവനമുണ്ടേ മഞ്ഞണിരാവ് നി

ലാവു വിരിക്കും എന്ന ഗാനമാണ് അതിലേറ്റവും പ്രശസ്തമായത്. അതെ പോലെ അദ്ദേഹത്തിന്റെ ഇഷ്ടദേവനായ ഗുരുവായൂരപ്പനെക്കുറിച്ചുള്ള ഗുരുവായൂരമ്പലം ശ്രീവൈകുണ്ഠം അവിടത്തെ ശംഖമാണെന്റെ കണ്ഠം, വിഘ്നേശ്വരാ ജന്മ നാളികേരം നിന്റെ തൃക്കാൽക്കൽ ഉടയ്ക്കുവാൻ വന്നു, പാറമേക്കാവിൽ കുടികൊള്ളും ഭഗവതി തുടങ്ങി എത്രയോ ഗാനങ്ങൾ.

പിന്നണി ഗാനങ്ങൾ പോലെ തന്നെ അദ്ദേഹത്തിന്റെ ഗാനമേളകൾക്കും വൻ ഡിമാന്റായിരുന്നു. ഗൾഫ് നാടുകളിലെ ഒരു ഗാനമേളക്കിടക്ക് അദ്ദേഹം പറയുന്നുണ്ട്, എനിക്ക് സ്റ്റേജിൽ പാടിക്കൊണ്ട് മരിക്കണമെന്നാണ് ആഗ്രഹമെന്ന്. ഒരു പക്ഷെ അത് സാധ്യമായില്ല. ആലാപനശൈലിയിലെ നവഭാവുകത്വം അവസാന നാളുകളിൽ വരെ നിലനിർത്താനായി എന്നത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഭാഗ്യം തന്നെ.

ദുഃഖബാഷ്പം തൂകിക്കൊണ്ട് മൂളാൻ നമുക്കിനിയും എത്രയോ ഗാനങ്ങൾ ബാക്കി വെച്ചാണ് യാത്രയായത് എന്നത് നമ്മുടെയും ഭാഗ്യം. ●

# RLV ദാമോദര പിഷാരോടിക്ക് കല്യാണകൃഷ്ണ ഫൗണ്ടേഷൻ പുരസ്കാരം



**ക**ലാമണ്ഡലം കൃഷ്ണൻ നായരുടെയും ഭാര്യ കലാമണ്ഡലം കല്യാണിക്കുട്ടിയമ്മയുടെയും പേരിലുള്ള കല്യാണകൃഷ്ണ ഫൗണ്ടേഷന്റെ 2024ലെ കഥകളി പുരസ്കാരത്തിന് കൃഷ്ണൻ നായരുടെ പ്രിയ ശിഷ്യൻ RLV ദാമോദര പിഷാരോടി അർഹനായി.

50,000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന അവാർഡ് ജനുവരി 10 നു ഇടപ്പളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രത്തിൽ വെച്ച് നടന്ന ചടങ്ങിൽ അദ്ദേഹത്തിന് നൽകി.

ദാമോദരൻ ആശാന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

# വി.പി. വിജയരാഘവന്

## ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി സ്മാരക കഥാ പുരസ്കാരം



തപസ്യ കലാസാഹിത്യവേദി, തൃശ്ശൂർ ജില്ലാ സമിതിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ നടത്തിയ ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി സ്മാരക കഥ, കവിത മത്സരങ്ങളിലെ കഥാ വിഭാഗത്തിൽ വി.പി വിജയരാഘവന് മൂന്നാം സമ്മാനം.

ശ്രീ. വിജയരാഘവൻ എഴുതിയ 'ആനന്ദ പൂത്തിരികൾ' എന്ന കഥക്കാണ് സമ്മാനം ലഭിച്ചത്. ഒന്നാം സ്ഥാനം ഡോ. ടി.വി ഉണ്ണികൃഷ്ണൻ എഴുതിയ 'അമ്പലം മുറ്റം കുളം' എന്ന കഥക്കും രണ്ടാം സ്ഥാനം ശ്രീദേവി അമ്പലപുരം എഴുതിയ 'കാലചക്രത്തിന്റെ കരുതലുകൾ' എന്ന കഥക്കുമാണ് ലഭിച്ചത്.

വല്ലച്ചിറ പിഷാരത്ത് വിജയരാഘവൻ നല്ലൊരു കവിയുമാണ്. താമസം തൃശൂർ അഞ്ചേരി കിഴക്കെ പിഷാരം. ഭാര്യ ദീപ എം., മാതേത്ത് ഹൗസ്, വെട്ടുകാട്. മകൾ ഡോ. ഉമ വിജയരാഘവൻ M D, മകൻ വിഷ്ണു വിജയരാഘവൻ.

ശ്രീ. വിജയരാഘവന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

# കൈനില പിഷാരം
# കുടുംബസംഗമം

**29**
DECEMBER
2024
THRISSUR










# കൈനില പിഷാരം
# കുടുംബസംഗമം







# കാറളം കൈനില പിഷാരം ചരിത്രം തലമുറകളിലൂടെ...

തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ കാറളം ഗ്രാമപഞ്ചായത്തിലാണ് കൈനില പിഷാരം തറവാട് സ്ഥിതിചെയ്യുന്നത്. സഹസ്രാബ്ദങ്ങൾക്കു മുമ്പ് പ്രദേശത്തെ പ്രമാണിമാരായ വെള്ളോസ് നാട് നമ്പ്യാർ പെരുവനം മഹാദേവന്റെ ചൈതന്യം കയ്യിൽ ഒരു ഇലയിൽ കാറളത്ത് കൊണ്ടുവന്നു എന്നും, അതിനാൽ ക്ഷേത്രത്തിന് കയ്യിലെ ക്ഷേത്രം എന്ന പേരുവന്നു എന്നും, കയ്യില പിന്നീട് ലോപിച്ച് കൈനില ആയി എന്നും പറയപ്പെടുന്നു. കൈനില ക്ഷേത്രത്തിൽ കഴക പ്രവൃത്തി ചെയ്തിരുന്നതിനാൽ ഷാരത്തിന് കൈനില പിഷാരം എന്ന പേരു വന്നു.

ഷാരം ആദ്യമായി പണികഴിപ്പിച്ചത് ഒരു ബ്രാഹ്മണൻ ആണെന്നാണ് പറയപ്പെടുന്നത്. അതിനാലാണ് എല്ലാ മാസവും ഷാരത്തെ പാമ്പും കാവിൽ നാഗ ദൈവങ്ങളെ പൂജിക്കുന്നതിനോടൊപ്പം തന്നെ ബ്രാഹ്മണ പ്രീതിക്കായി ബ്രഹ്മരക്ഷസ് പൂജയും നടത്തിവരുന്നത്.

പടിപ്പുര, കളപ്പുര, എട്ടുകെട്ട് എന്നിങ്ങനെ മൂന്ന് കെട്ടിട സമുച്ചയങ്ങളിലായിട്ടാണ് അന്ന് തറവാട് ഉണ്ടായിരുന്നത്. പിന്നീടെപ്പോഴോ വടക്കേ കെട്ടിന്റെ നടുമുറ്റം മാറ്റി അവിടെ രണ്ട് മുറികൾ പണിതു. തറവാട് ഇന്നു കാണുന്ന രീതിയിൽ രൂപകല്പന ചെയ്ത് പണികഴിപ്പിച്ചത് ഏകദേശം 150-175 വർഷങ്ങൾക്കു മുമ്പ് രാഘവ പിഷാരോടി (വലിയ രാഘവമ്മാൻ) ആണ്. തറവാടിന്റെ തെക്കേകെട്ട് 1989-90 ൽ പുതുക്കിപ്പണതു ടെറസ് ആക്കി.

കൈനില ശിവക്ഷേത്രം (കൊച്ചിൻ ദേവസ്വം), കുമരഞ്ചിറ ഭഗവതി ക്ഷേത്രം (ചിറ്റൂർ മന), മഠത്തിൽ ശിവക്ഷേത്രം (ചിറ്റൂർ മന) എന്നീ മൂന്നുക്ഷേത്രങ്ങളിലെ കഴകപ്രവർത്തിയും കാർഷികവൃത്തിയുമായിരുന്നു ഷാരത്തെ പ്രധാന വരുമാനമാർഗ്ഗം. ഗാർഹിക ആവശ്യങ്ങൾക്കും അമ്പലത്തിലേക്കും വേണ്ട പാല്, നെയ്യ് എന്നിവയ്ക്കാ



**പുറകിൽ നിൽക്കുന്നവർ**: അമ്മിണി, ദേവകി, മാധവി, അമ്മിണി ആലത്തൂർ, കുഞ്ഞിക്കാവ്, അമ്മുക്കുട്ടി, നാരായണി, കുഞ്ഞിക്കാവ്, ദേവകി, കുഞ്ഞുകുട്ടി, സരോജിനി, സരസ്വതി.

**ഇരിക്കുന്നവർ**: ഭരതൻ, ഗോവിന്ദൻ തെക്കൂട്ട്, തിരുവത്ര മാധവൻ, നാരായണൻ, കൃഷ്ണൻ, ഗോവിന്ദൻ, അച്യുതൻ, അരവിന്ദൻ രാമപുരം.

യി പശുക്കളെയും വളർത്തിയിരുന്നു.

ഷാരത്തെ ഓരോ അംഗങ്ങൾക്കും ചെയ്യേണ്ട ജോലികളെ കുറിച്ച് അലിഖിതമായ ധാരണ പണ്ടേ ഉണ്ടായിരുന്നു. പിൻ തലമുറകളിൽ ഉത്തരവാദിത്വബോധവും, സഹകരണ മനോഭാവവും വളർത്തിയെടുക്കാൻ ഇതു ഒരുപാട് സഹായിച്ചിട്ടുണ്ട്.

ഷാരത്തെ അടുക്കളയുടെ സ്ഥാനത്ത് നൂറ്റാണ്ടുകൾക്കു മുമ്പ് ഒരു വലിയ ഊട്ടുപുര ആയിരുന്നുവെന്നും അതിനാൽ ഈ അടുക്കളയിൽ ഒരിക്കലും അന്നം മുട്ടുകയില്ല എന്നും പറഞ്ഞു കേൾക്കുന്നു. ഷാരത്തെ ഉപ്പുമാങ്ങയുടെയും ചക്കപ്പഴത്തിന്റെയും സ്വാദറിയാത്ത ഒരാളും അന്ന് ഈ പ്രദേശത്ത് ഉണ്ടായിരുന്നില്ല.


കാറളത്തെ പ്രമുഖ തറവാട് ആയതിനാൽ ഓണത്തിനും തിരുവാതിരക്കും മറ്റും പ്രദേശത്തെ സ്ത്രീജനങ്ങളെല്ലാം ഷാരത്താണ് ഒത്തുകൂടിയിരുന്നത്. തുമ്പി തുള്ളൽ തിരുവാതിരക്കളി തുടങ്ങിയ കളികളാലും പാട്ടുകളാലും അന്നത്തെ മദ്ധ്യാഹ്നങ്ങൾ ആഘോഷഭരിതമായിരുന്നു.

മരുമക്കത്തായ സമ്പ്രദായം നിലനിന്നിരുന്ന ഈ കുടുംബത്തിലെ പ്രധാന താവഴികളിൽ ചിലർ കഴകത്തിനായും, ചിലർ വിവാഹാനന്തര ജീവിതത്തിനായും തിരുവത്ര, പോത്താനി, രാമപുരം, തൃപ്രയാർ എന്നീ സ്ഥലങ്ങളിൽ മാറി താമസിച്ചിരുന്നു.

ഷാരത്തെ സ്വത്തു വകകളുടെ ഔദ്യോഗികമായ ഭാഗം വെക്കൽ 2002 മെയ് 20-നാണ് നടന്നത്. 51 പേർക്കാണ് ഭാഗം വെച്ചത്. പലരും ലോകത്തിന്റെ വിവിധ കോണുകളിൽ ജീവിച്ചാലും അവസരം വരുമ്പോഴെല്ലാം തറവാട്ടിൽ ഒത്തുചേരാറുണ്ട്, ഇന്നത്തെ അണുകുടുംബങ്ങളെ തറവാടെന്ന കുടക്കീഴിൽ ഒന്നിപ്പിക്കാനും പുതുതലമുറക്ക് സ്വന്ത ബന്ധങ്ങളുടെ ഊഷ്മളത അനുഭവിക്കാനും ഈ കൂട്ടുകൂടൽ സാഹചര്യമുണ്ടാക്കാറുണ്ട്.


## വംശാവലി

കഴിഞ്ഞ രണ്ടു നൂറ്റാണ്ടിൽ കാറളം കൈനില പിഷാരത്ത് മിന്നി മറിഞ്ഞ "തിരുമാല മുത്തശ്ശിയുടെ വംശപരമ്പരയുടെ" ഒരു ചിത്രം ചുരുങ്ങിയ വാക്കുകളിൽ വ്യക്തമാക്കുവാൻ ഒന്നുശ്രമിച്ചു കൊള്ളട്ടെ.



നാരായണൻ
തൃപ്രയാർ

തിരുമാല മുത്തശ്ശിക്ക് ആറു മക്കളാണ് ഉണ്ടായിരുന്നത്. ഗോവിന്ദൻ, കരുണാകരൻ, രാമൻ, താത്രിക്കുട്ടി, കുഞ്ഞിക്കാവ്, ഇച്ചിക്കുട്ടി. ഗോവിന്ദന്റെ മൂന്നു മക്കളിൽ (നാരായണൻ, കൊച്ചു നാരായണി, രാഘവൻ) നാരായണൻ, തന്റെ അമ്മായി കുഞ്ഞിക്കാവിന്റെ പേരക്കുട്ടി നാരായണിയെയാണ് കല്യാണം കഴിച്ചിത്. ഇവരുടെ സന്തതി പരമ്പരകൾ കാറളത്തും മറ്റുള്ളവർ തൃപ്രയാർ പടിഞ്ഞാറെ ഷാരത്തുമാണ് താമസിച്ചിരുന്നത്.



രാഘവൻ
തൃപ്രയാർ

കുഞ്ഞിക്കാവിന് ആറു മക്കളാണ് ഉണ്ടായിരുന്നത് (കുഞ്ഞുകുട്ടി, ഭരതൻ, മാലക്കുട്ടി, നാരായണി, മങ്ക, പേരറിയാമുത്തശ്ശി (ദത്തെടുത്തത്)



മാലക്കുട്ടി

മങ്കയും അഞ്ചുമക്കളും (നാരായണൻ, ഗോപാലൻ, കുഞ്ഞിക്കാവ്, കുഞ്ഞുകുട്ടി, കൃഷ്ണൻ) പോത്താനിയിൽ കഴകപ്രവൃത്തി ചെയ്തു താമസിച്ചു വന്നു.



നാരായണ
പിഷാരോടി

ഇച്ചിക്കുട്ടിയുടെ നാലു മക്കളിൽ (കൊച്ചുക്കുട്ടി, രാഘവൻ, ഗോവിന്ദൻ, നാരായണൻ) രാഘവൻ തൃപ്രയാറിലേക്കും ഗോവിന്ദൻ ആളൂരിലേക്കും നാരായണൻ തിരുവത്രയിലേക്കും പിൽകാലത്ത് താമസം മാറ്റി.

കൊച്ചുക്കുട്ടിയുടെ മക്കളായ അമ്മിണി തിരുവത്രയിലേക്കും സരസ്വതി, അച്യുതൻ തുടങ്ങിയവർ രാമപുരത്തേക്കും വിവാഹശേഷം മാറി താമസിച്ചു.



തിരുവത്ര ലക്ഷ്മി
പിഷാരസ്യാർ

പേരറിയാ മുത്തശ്ശിയുടെ മക്കൾ രാമനും, നാനിക്കുട്ടിയും കഴകവൃത്തിക്കായി തൃക്കുന്നത്താണ് താമസിച്ചിരുന്നത്.



ഗോവിന്ദ പിഷാരോടി-മാലതി

മാലക്കുട്ടിയുടെ ഏക മകൾ മാലതി (വീണാ വിദ്വാൻ തൃപ്രയാർ പടിഞ്ഞാറേ പിഷാരത്ത് ഗോവിന്ദ പിഷാരടിയുടെ ഭാര്യ) വിവാഹശേഷം മദ്രാസിലായിരുന്നു.

കുഞ്ഞുകുട്ടിയും അവരുടെ സന്തതി പരമ്പരകളുമാണ് കാറളം കൈനില പിഷാരം തറവാട്ടിൽ പിൽകാലത്ത് താമസിച്ചിരുന്നത്. കുഞ്ഞുകുട്ടിക്ക് എട്ടു മക്കളാണ്. (കുഞ്ഞിക്കാവ്, നാരായണൻ, നാരായണി, മാധവി, ദേവകി, അമ്മുക്കുട്ടി, ഭരതൻ, മങ്കുട്ടി (കുഞ്ഞിറ്റ). (ഈ തലമുറയിൽ മങ്കുട്ടി മാത്രമേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളൂ).

എല്ലാവരും അമ്മാവൻ എന്ന് വിളിച്ചിരുന്ന നാരായണൻ ആണ് വളരെ കാലം കാരണവർ സ്ഥാനത്തുനിന്ന് തറവാടിന്റെ കാര്യങ്ങൾ നോക്കി നടത്തിയിരുന്നത്.

കൈനില ഷാരത്തിന്റെ നാലു പിൻതലമുറകളുടെ വംശാവലിയാണ് മുകളിൽ വിവരിച്ചത്. ഇതിനു ശേഷമുള്ള നാലാം തലമുറയാണ് ഇന്നത്തേത്. അതായതു രേഖകളുള്ള കാലത്തിൽ നിന്നും ഇന്നത് എട്ടാം തലമുറയിൽ എത്തി നിൽക്കുന്നു. പൂർവ്വികരെ ബഹുമാനപൂർവ്വം ഓർമിക്കുകയും പഴമയെ നെഞ്ചോട് ചേർത്തു പിടിക്കുകയും ചെയ്യുന്ന ഒരു കുടുംബമാണ് കൈനില പിഷാരം എന്ന് നമുക്ക് അഭിമാനത്തോടെ പറയാം.

ഒന്നു കൂടി ചേർക്കട്ടെ, ചേലുക്കുളങ്ങര പരക്കാട്ട്, കൂട്ടാല എന്നീ ദേശങ്ങളിൽ ഉള്ള പിഷാരങ്ങളും കൈനില പിഷാരവും ആയി പുലബന്ധം ഉള്ളവർ ആണ്. ആ ബന്ധം തിരുമാല മുത്തശ്ശിക്കു മുമ്പുള്ള തലമുറയുമായിട്ടാണ്, അതിനുള്ള രേഖകൾ ഒന്നും കണ്ടെത്താനായിട്ടില്ല. ഇപ്പോഴുള്ള മുതിർന്നവർക്കും വിശദ വിവരങ്ങൾ അറിയില്ല.


ലോകോത്തര ചെറുകഥകളിൽ ഒന്നെന്നു വിശേഷിപ്പിക്കപ്പെട്ട മൂന്നാമതൊരാൾ (മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ) എന്ന കഥയിൽ പരാമർശിച്ച ഷാരം കൈനില പിഷാരമാണ്. ഈ തറവാടിന്റെ ഒരു രേഖാചിത്രം ആ കഥയിൽ അനുഭവിച്ചറിയാം. അതിൽ പരാമർശിച്ച പോലെ നൂല് പൊട്ടിയിട്ടും നൂലൊന്നും പൊട്ടാതെ ഇന്നും ഈ തറവാട് ഊഷ്മള ബന്ധങ്ങളാൽ സ്നേഹിച്ചു നിൽക്കുന്നു.



മുണ്ടൂർ കൃഷ്ണൻകുട്ടിയും
ഭാര്യ കൈനില പിഷാരത്ത് രാധയും



കൈനില പിഷാരത്ത്
ശ്രീധരൻ



കൈനില പിഷാരത്ത്
ഗോപൻ



കൈനില പിഷാരത്ത് ബാലകൃഷ്ണൻ

കൈനില പിഷാരത്ത്
രാഘവ പിഷാരോടിയുടെ മക്കൾ
തൃപ്രയാർ രാമൻകുട്ടി, ഗോപി, ദാമോദരൻ









കൈനില പിഷാരത്ത്
നാരായണ
പിഷാരോടിയുടെ മകൻ
തിരുവത്ര വേണു



മേക്കാട്ട് പിഷാരത്ത്
അച്യുത പിഷാരോടി



ചെങ്ങാനിക്കാട്ട് പിഷാരത്ത്
ഗോവിന്ദ പിഷാരോടി

## മുഖചിത്രം: കാറളം കൈനില ക്ഷേത്രം

**കാറളം കൈനില പിഷാരം നടത്തിയ കുടുംബ സംഗമത്തോടനുബന്ധിച്ച് കുടുംബം ഈ ലക്കം തുളസീദളം സമർപ്പിക്കുന്നു**

കഥ

# ഡയോജിനസിന്റെ റാന്തൽ



രമ പ്രസന്ന പിഷാരോടി

**സ്വാ**തന്ത്ര്യദിനാഘോഷത്തിനുയർത്തിയ പതാക ഗ്രാമത്തിലെ എൽ.പി. സ്കൂളിന്റെ ചെറിയ മൈതാനത്ത് പാറിക്കളിക്കുന്നുണ്ടായിരുന്നു. രാവിലെയുള്ള ആഘോഷം കഴിഞ്ഞ് ആൾക്കൂട്ടം പിരിഞ്ഞ് പോയിരുന്നു.

മദ്യം തിമിർത്താടിയ അച്ഛന്റെ സ്വാതന്ത്ര്യദിനാഘോഷത്തിൽ നിന്ന് രക്ഷപ്പെടാനായി വെറുതെ നടന്നു. മൈതാനത്തിലെ ആൽത്തറയിൽ കുറെ നേരമിരുന്നു. ആദ്യം വന്നത് ഒരു മൈനയായിരുന്നു. പിന്നീട് കുറെ പ്രാവുകൾ കൂട്ടത്തോടെ ചിറകടിച്ച് പറന്നുവന്നു , അപ്പോഴാണ് ആ കാഴ്ച കണ്ടത്. വിളക്കും പിടിച്ചൊരാൾ നടന്ന് വരുന്നു. പകൽനേരത്ത് വിളക്ക് പിടിച്ച് നടന്നയാളെക്കുറിച്ച് മാഷ് സ്ക്കൂൾ കാലത്ത് പറഞ്ഞ് തന്നിട്ടുണ്ട്..

അരികിലേയ്ക്ക് നടന്ന് വരുന്ന അയാളോട് ചോദിക്കാനിരിക്കാനായില്ല.

“അങ്ങ് ഡയോജിനസ് ആണോ.”

“അതേ, എന്നെ തിരിച്ചറിഞ്ഞതിൽ സന്തോഷം.”

“എന്തിനാണ് ഈ റാന്തൽ വിളക്ക്, ഇപ്പോൾ പകലല്ലേ.”

“സത്യസന്ധനായ ഒരുവനെ തേടി നടക്കുകയാണ്, നീ സത്യസന്ധനാണോ?.”

“ഞാനോ, അല്ല.”

“അതെന്താ..നിനക്ക് സത്യസന്ധനാവേണ്ട എന്നുണ്ടോ?”

“അതല്ല മഹാചിന്തക, എനിയ്ക്ക് അത് പറയാനുള്ള സ്വാതന്ത്ര്യമില്ല”

“നിന്റേത് ജനാധിപത്യരാഷ്ട്രമല്ലേ?”

“അതേ സാർ ഇപ്പോൾ അത് ജനങ്ങൾക്ക് മേലെയുള്ള ആധിപത്യമാണ് എന്ന് തോന്നിപ്പോകുന്നുണ്ട്. പക്ഷെ പറയാനുള്ള സ്വാതന്ത്ര്യത്തിന് പരിമിതിയുണ്ട്. എഴുപത്തഞ്ച് വയസ്സിലെ ഈ പ്ളാറ്റിനം ജൂബിലിയാഘോഷകാലത്ത് പോലും ഒരു വിലങ്ങ് ചുറ്റുമുണ്ട് എന്ന് തോന്നുന്നുണ്ട്, അത് പോരാഞ്ഞ് ഇപ്പോൾ കിരീടം വച്ചൊരു കുഞ്ഞന്റെ തേരോട്ടവും. ശ്വാസനിശ്വാസങ്ങളെ പോലും ഈ കുഞ്ഞൻ ചങ്ങലയിൽ കുരുക്കിയിരിക്കുന്നു.”



“നീ എന്റെ കൂടെ പോരുന്നോ?”

“അങ്ങ് മഹാനല്ലേ, ഇരുട്ടിന് വെളിച്ചമുണ്ടെന്ന് പറഞ്ഞാലും അങ്ങയെ ജനങ്ങൾ ആദരിക്കും. വെളിച്ചം ദു:ഖമാണുണ്ണീ എന്ന് പാടിയ ഒരു വിശിഷ്ടമഹാകവി ഞങ്ങൾക്കുമുണ്ട്.”

“നമുക്ക് സത്യത്തിന്റെ വെളിച്ചം തേടി സഞ്ചരിക്കാം”.

“ലോകത്തിലെ 700 കോടിയിലേറെയുള്ള ജനങ്ങളിൽ ഞാനൊരാൾ സത്യസന്ധനായാൽ ഈ ലോകം നന്നാകുമോ?”

“മെഴുകുതിരി അങ്ങനെ ചിന്തിക്കുന്നില്ലല്ലോ”..

"സാർ നടന്നോളൂ, റാന്തൽ വിളക്കും പിടിച്ച് പകൽ നടന്നാൽ ആൾക്കൂട്ടം എന്നെ ഭ്രാന്തനെന്ന് വിളിക്കും, ചിലപ്പോൾ കല്ലെറിഞ്ഞേക്കും. ഞാനൊന്ന് കൂടി ആലോചിച്ച് അങ്ങയെ കാണാൻ വീണ്ടും വരാം".

"വന്നോളൂ, സ്വാതന്ത്ര്യമെന്നാൽ സ്വയം ശരിയെന്ന് തോന്നുന്ന ഒരു യഥാർഥ ശരി ചെയ്യാനുള്ള സത്യസന്ധമായ ധൈര്യമാണ്".

"വീട്ടിൽ അനേകം പ്രശ്നങ്ങളുണ്ട് മഹാചിന്തകാ, എന്റെ ശരിയും, സത്യസന്ധതയെക്കാളും അന്നന്നത്തെ ഭക്ഷണത്തിനുള്ള അരിയാണ് ഇപ്പോൾ പ്രശ്നം. അമ്മയ്ക്ക് ഇപ്പോൾ പണി ഇല്ല. കോവിഡ് കാലത്തടച്ച ചേച്ചിയുടെ തുന്നൽക്കട ഇനിയും തുറക്കാറായിട്ടില്ല. വീട്ടിൽ കിട്ടുന്ന വളരെ ചുരുങ്ങിയ ജോലിയെ ഇപ്പോഴുള്ളൂ"

"നിന്റെ ജോലിയെന്താണ്?".

"പല ജോലിയും ചെയ്തു, കല്ലുപണി, വാർക്കപ്പണി, കൂലിപ്പണി, പിന്നെ മുംബൈയിൽ പെൺവേഷം കെട്ടി ഹിജഡകളുടെ കൂടെ കൈ കൊട്ടി നഗരങ്ങളിൽ നിന്ന് പണം വാങ്ങിയിട്ടുമുണ്ട്".

"നീ സത്യസന്ധനാണെന്ന് തോന്നുന്നു".

"അല്ല മഹാചിന്തകാ, എനിയ്ക്ക് എന്റെ വീട്ടിൽ സത്യസന്ധനാകാനായിട്ടില്ല, എന്റെ ഗ്രാമത്തിൽ എനിയ്ക്ക് എന്റെ യഥാർഥമുഖം കാണിക്കാനാകില്ല".

"അതെന്താ?"

"അതങ്ങനെയാണ് ചിന്തകാ, മനസ്സിലുള്ളതൊന്നും പറയാനാകാതെ എന്റെ ഹൃദയം വിലങ്ങിലാക്കപ്പെട്ടിരിക്കുകയാണ്. അനേകം സ്വാതന്ത്ര്യ സമരങ്ങൾ ഞാൻ എന്നോട് തന്നെ ചെയ്തിട്ടുണ്ട്. പക്ഷെ പരാജയപ്പെട്ടു."

"നീ എന്നെക്കാളും മഹാനാണെന്ന് തോന്നുന്നു".

"അങ്ങ് നല്ലവനായത് കൊണ്ടാണ് അങ്ങനെ പറയുന്നത്. എന്റെ അച്ഛൻ കരിങ്കൽ ക്വാറിയിൽ പണിയെടുക്കുന്ന ആളാണ്. കൂടെ ജോലിചെയ്യാൻ പോകാത്തത് കൊണ്ട് അച്ഛനെന്നെ പറയുന്നത് ഞാൻ ഒന്നിനും കൊള്ളാത്തവനാണെന്നാണ്".

"എന്ത് കൊണ്ടാണ് അവിടെ നീ ജോലിക്ക് പോകാത്തത്".

"അമ്മയ്ക്ക് ഓപ്പറേഷൻ വന്നപ്പോൾ കാശിനായി ആരുമറിയാതെ ഞാൻ ഒരു കിഡ്നി വിറ്റു. ഭാരിച്ച പണിയൊന്നും ഇപ്പോൾ ചെയ്യാനാവില്ല".

ഡയോജിനസ് റാന്തൽ ഉയർത്തി എന്റെ മുഖത്തേയ്ക്ക് സൂക്ഷിച്ച് നോക്കി. അത് കണ്ട് എനിയ്ക്ക് അല്പം ആശങ്ക ഉണ്ടായി.

"എന്താണ് ചിന്തകാ അങ്ങ് ഇങ്ങനെ നോക്കുന്നത്"?

"നിന്നിൽ സൂര്യനും നക്ഷത്രങ്ങളും തെളിയുന്നത് ഞാൻ കാണുന്നു".

"അങ്ങേയ്ക്ക് ഇന്ദ്രജാലമറിയുമോ?"

"ഇല്ല പക്ഷെ മനുഷ്യരുടെ മനസ്സ് വായിച്ചെടുക്കാനാകും".

"അത് ശരി തന്നെയാണ്. ആരോടും പറയാനാകാത്ത പല കാര്യങ്ങളും ഞാൻ അങ്ങയോട് പറയുന്നുണ്ട്. പലതും പറയാനാവാത്തതിന്റെ ചങ്ങലകളുരഞ്ഞ മുറിപ്പാടുകൾ നീറ്റലുണ്ടാക്കുന്നു എന്നതും സത്യമാണ്".

"പറഞ്ഞ് പോയതിന് ഭ്രഷ്ടനായവനായ എനിയ്ക്ക് അത് മനസ്സിലാക്കാനാവും. സിനോപിൽ നിന്ന് നാട് കടത്തപ്പെട്ട് ആഥൻസിലേയ്ക്ക് പോകേണ്ടിവന്നവനാണ് ഞാൻ."

"യവനചിന്തകാ അങ്ങയെ പറ്റി അധികമൊന്നും എനിക്കറിയില്ല. സ്കൂളിൽ മാഷ് പകൽ വിളക്കേന്തി നടന്ന യവനചിന്തകന്റെ കഥ പറഞ്ഞ് തന്നിട്ടുണ്ട്. സത്യസന്ധനായ ഒരുവനെ തേടി നടന്നവന്റെ കഥ... ചിന്തകാ, പ്ളേറ്റോ അങ്ങയുടെ ശത്രുവായിരുന്നുവോ"?

"വാക്കും പ്രവർത്തിയും ഒന്നായിരിക്കണമെന്ന് ശഠിച്ചവനെ ഭ്രാന്തനെന്ന് വിളിച്ചു പ്ളേറ്റോ. അദ്ദേഹം ദയയർഹിക്കുന്നു".

"ഹോ, നിങ്ങളൊക്കെ വല്യ മഹാന്മാർ തന്നെ".

"നിന്നെ പോലെ അനേകം മഹാന്മാർ ഇവിടെ ജീവിക്കുന്നുണ്ട് എന്ന് ഇന്നെനിക്ക് മനസ്സിലായി".

"പക്ഷെ നൂറ്റാണ്ടുകൾ പിന്നിടുമ്പോഴും അങ്ങയെ പോലുള്ളവരെ ലോകം സ്മരിക്കും. ഞങ്ങളൊക്കെ ജീവിച്ച് മരിച്ച് മണ്ണടിയും".

"നീ എന്റെ കൂടെ പോരുന്നോ?"

"വരണമെന്നുണ്ട് ചിന്തകാ, പക്ഷെ വന്നാൽ എന്റെ വീട് പട്ടിണിയാകും. എല്ലാം ഉപേക്ഷിച്ച് വരാനുള്ള സന്യാസിയോഗമൊന്നും എനിയ്ക്കുമിപ്പോൾ ഇല്ല".

"നിനക്ക് ജീവിതത്തിൽ ആരാകണമെന്നാണാഗ്രഹം".

"അത് പറയാനാവില്ല മഹാചിന്തകാ, അതിനൊരു പ്രശ്നമുണ്ട്".

"അതെന്താണ്".

"എന്റെ ആഗ്രഹം ആരോടും പറയാനാകില്ല. പക്ഷെ നിവൃത്തിയില്ലാതായപ്പോൾ അമ്മയോട് മാത്രം പറഞ്ഞു".

"അമ്മ കരഞ്ഞു, കുറെയേറെ കരഞ്ഞു".

"അതെന്താ"

"ഞാനങ്ങനെ ചെയ്താൽ വീട്ടിലെ രണ്ട് പെൺകുട്ടികൾക്ക് കഷ്ടമാകും എന്നും, അന്തസ്സ് ഉടഞ്ഞ് പോകുമെന്നും അമ്മ പറഞ്ഞു".

"ഈ ലോകത്തിലെ ദുരന്തങ്ങൾക്കൊക്കെയും കാരണം ആഗ്രഹങ്ങളാണ്. അതുപേക്ഷിക്കാനായാൽ ജീവിതം സന്തോഷകരമാകും".

"ചിന്തകന്മാർക്ക് അതിന് പ്രയാസമുണ്ടാകില്ല. പക്ഷെ ഞാനൊക്കെ സാധാരണ ജനമല്ലേ"

"എന്താണ് നിന്റെ ആഗ്രഹമെന്ന് പറയൂ, എന്റെ സഹായം ആവശ്യമെങ്കിൽ ചോദിക്കാൻ മടിക്കേണ്ട."

"അങ്ങയോടായത് കൊണ്ട് പറയാം, എനിയ്ക്ക് പെണ്ണാകണം. എനിയ്ക്ക് ഈ ആൺശരീരം ഒരു വിലങ്ങ് പോലെയാണ്. എന്റെ ഉള്ളിലിരുന്ന് എന്നും എന്നെ പുറത്തേയ്ക്ക് കൊണ്ട് വരൂ എന്ന് കലഹിക്കുന്ന, കരയുന്ന ഒരു പെൺകുട്ടിയുണ്ട്. പാവാടയിട്ട് ഊഞ്ഞാലിലിരുന്നാടുന്ന ഒരു കുട്ടി, ആ കുട്ടി വിലങ്ങിലാണ്. എഴുപത്തഞ്ച് വർഷത്തെ സ്വാതന്ത്ര്യം എനിയ്ക്കില്ല ചിന്തകാ. ഞാൻ അഴിക്കൂടിനകത്താക്കി സൂക്ഷിക്കുന്ന ആ കുട്ടിയ്ക്ക് പുറത്തേയ്ക്ക് വരാനാകില്ല".

"അതിനെന്താ, ഇപ്പോഴുള്ള നൂറ്റാണ്ട് എല്ലാവരെയും അംഗീകരിക്കുന്നുണ്ടല്ലോ".

"വലിയ സംഘർഷങ്ങളിലൂടെയാണ് ഇന്നും ഞങ്ങളുടെ കൂട്ടർ കടന്നു പോകുന്നത്, അംഗീകാരത്തോടൊപ്പം അവഗണനയും, അങ്ങേയറ്റം ചൂഷണവും ഉണ്ടാകുന്നുണ്ട്. വീട്ടിൽ നിന്ന് എല്ലാമുപേക്ഷിച്ച് ഇറങ്ങിപ്പോകാനുള്ള ധൈര്യവും എനിക്കില്ലെന്ന് കൂട്ടിക്കോളൂ".

"ഡയോജനിസ് റാന്തൽ തിരി പതിയെ താഴ്ത്തി."

"അങ്ങെന്താണ് ചെയ്യുന്നത്?"

"ഒരിക്കൽ നിങ്ങളുടെ മഹാകവി ടാഗോറിനെ കണ്ടിരുന്നു. ഗീതാഞ്ജലിയിൽ നിന്നും അദ്ദേഹം ആദ്യം ചൊല്ലി കേൾപ്പിച്ച വരികൾ ഇതായിരുന്നു."

"എവിടെ മനസ്സ് ഭയരഹിതമായി ശിരസ്സുയർത്തിപ്പിടിച്ചിരിക്കുന്നുവോ, അറിവ് സ്വതന്ത്രമായിരിക്കുന്നുവോ, സത്യത്തിന്റെ ആഴങ്ങളിൽ നിന്ന് വാക്കുകൾ നിർഗ്ഗമിക്കുന്നുവോ, എവിടെ യുക്തിധാര മൃതശീലങ്ങളുടെ മരുഭൂമിയിലേയ്ക്ക് വഴിതെറ്റി സഞ്ചരിക്കാതെ മനസ്സിനെ വിശാലമായ ചിന്തയിലേയ്ക്കും, പ്രവർത്തികളിലേയ്ക്കും നീ നയിക്കുന്നു, സ്വാതന്ത്ര്യത്തിന്റെ ആ സ്വർഗ്ഗീയതലത്തിലേയ്ക്ക് എന്റെ പിതാവേ എന്റെ രാജ്യം ഉണരണമേ..."

"സ്ക്കൂളിൽ ഞാൻ ടാഗോറിന്റെ വേഷമിട്ട് ഈ വരികൾ ചൊല്ലിയിട്ടുണ്ട് ചിന്തകാ.. പക്ഷെ എന്റെ രാജ്യം ഇതേ പോലെ എന്നാണുണരുന്നത് എന്ന് എനിക്കറിയില്ല."

ഡയോജിനസ് റാന്തൽ ഊതിക്കെടുത്തി.

"അങ്ങന്താണ് ചെയ്യുന്നത്"?

"ഒരു സത്യസന്ധനെ കണ്ട് മുട്ടിയതിന്റെ സന്തോഷം എന്ന് കരുതിക്കോളൂ.."

"എന്നെ മനസ്സിലാക്കിയതിന് നന്ദി.. അങ്ങ് ഈ വിളക്ക് തിരികെ കത്തിച്ചോളൂ."

"എന്തിന്."

"ലോകത്തിലെ എഴുനൂറ് കോടിയിലധികമുള്ള ജനങ്ങൾക്ക് വേണ്ടി... അവരുടെ സത്യസന്ധമായ സ്വാതന്ത്ര്യത്തിന് വേണ്ടി." ●

## പുസ്തകപ്രകാശനം



**പു**രോഗമന കലാസാഹിത്യ സംഘത്തിന്റെ ആഭിമുഖ്യത്തിൽ 25-01-2025ന് തിരുവേഗപ്പുറ ഇ.എം.എസ്. ഓഡിറ്റോറിയത്തിൽ നടന്ന ചെറുളിയിൽ വാസുദേവൻ നമ്പീശൻ മാസ്റ്റർ അനുസ്മരണ ചടങ്ങിൽ വെച്ച് അനിയൻ തിരുവേഗപ്പുറയുടെ (ബാലകൃഷ്ണൻ, തിരുവേഗപ്പുറ ആനായത്ത് പിഷാരം) 'സമാന്തരങ്ങൾ' എന്ന കവിതാ സമാഹാരത്തിന്റെ പ്രകാശനം വാസുദേവൻ മാസ്റ്റർ, എഴുത്തുകാരനായ മുനവർ വളാഞ്ചേരിയ്ക്ക് നല്കിക്കൊണ്ട് നിർവ്വഹിച്ചു.

അനിയൻ തിരുവേഗപ്പുറക്ക് ആശംസകൾ, അഭിനന്ദനങ്ങൾ!





# കൈനില പിഷാരം
# കുടുംബസംഗമം











# കൈനില പിഷാരം കുടുംബസംഗമം




# THALIYOGAM

## MATRIMONY GROUP

**FOR ALL AMBALAVASI / BRAHMIN / KSHATHRIYA / SAMANTHA / NAIR COMMUNITIES**

**TO JOIN IN THALIYOGAM**

**PLEASE CONTACT**

**MOHANAN R V - 93239 89944 / 77219 89944**

റിപ്പോർട്ട്

# കൈനില പിഷാരം കുടുംബസംഗമം



കെ.പി. ഹരികൃഷ്ണൻ




**2024** ഡിസംബർ 29 ഞയറാഴ്ച്ച തൃശൂരിൽ DASS Continental ൽ വെച്ച് നടന്ന കാറളം കൈനില പിഷാരം കുടുംബാംഗങ്ങളുടെ സംഗമം അവിസ്മരണീയമായ അനുഭവമായി.

ഇന്ത്യയിലേയും ലോകത്തിൻെറയും വിവിധ സ്ഥലങ്ങളിൽ താമസിക്കുന്ന ഉറ്റ ബന്ധുക്കളെ ഒരുകുടക്കീഴിൽ ഒത്തുചേർക്കണം എന്ന നീണ്ട നാളത്തെ ആഗ്രഹമാണ് കുറച്ചുപേരുടെ മാസങ്ങളോളമുള്ള അശ്രാന്ത പരിശ്രമം കൊണ്ടും ചിട്ടയായ പ്രവർത്തനങ്ങൾ കൊണ്ടും സഫലമായത്.

കുടുംബസംഗമത്തിന് മുന്നൊരുക്കങ്ങൾക്കായി ഡിസംബർ 27ന് കൈനിലപ്പിഷാരം തറവാട്ടിൽ കുറച്ച് അംഗങ്ങൾ ഒത്തുചേർന്ന് പ്രാർത്ഥനാ പൂർവ്വം വിഷ്ണുസഹസ്രനാമം ജപിച്ച് അതുവരെയുള്ള കാര്യങ്ങൾ അവലോകനം ചെയ്തു.

തൃശൂരിൽ ശക്തൻ സ്റ്റാൻഡിനടുത്തുള്ള ദാസ് കോണ്ടിനെന്റൽ ഹോട്ടലിലെ നാലാം നിലയിലുള്ള 'നവരസം' കോൺഫറൻസ് ഹാളിൽ 2024 ഡിസംബർ 29 രാവിലെ 9.30 ന് തന്നെ അംഗങ്ങളുടെ റെജിസ്ട്രേഷൻ ആരംഭിച്ചു.

കാറളം കൈനില പിഷാരം അവിടെ നിന്നും ശാഖകളായി പോയ തിരുവത്ര പിഷാരം, പോത്താനി പിഷാരം, തൃപ്രയാർ പടിഞ്ഞാറെ പിഷാരം, മണലി രാമപുരം പിഷാരം എന്നിവടങ്ങളിലെ 130 അംഗങ്ങൾ കുടുംബസംഗമത്തിൽ എത്തിയിരുന്നു.

പത്തു മണിയോടുകൂടി തന്നെ എത്തിച്ചേർന്ന കുടുംബാംഗങ്ങൾ സദസ്സിലും മുതിർന്ന അംഗങ്ങളായ ശ്രീമതി കെ.പി. നളിനി പിഷാരസ്യാർ, ശ്രീമതി എ.പി. പാർവ്വതി പിഷാരസ്യാർ, ശ്രീ. കെ. പി. രാഘവൻ അവരോടൊപ്പം പിഷാരോടി സ

മാജം പ്രസിഡണ്ടും കൈനില പിഷാരത്തെ ബന്ധുവുമായ ശ്രീ. ആർ. ഹരികൃഷ്ണൻ പിഷാരോടി, വിശിഷ്ടാതിഥിയായി എത്തിച്ചേർന്ന സമാജം ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ എന്നിവർ വേദിയിലും ഉപവിഷ്ടരായി.

വേദിയിലുള്ളവർ ചേർന്ന് നിലവിളക്ക് കൊളുത്തി യോഗത്തിന് തുടക്കം കുറിച്ചു.

ശ്രീമതി സതി പിഷാരസ്യാർ പ്രാർത്ഥന ചൊല്ലി.

തറവാട്ടിലെ മൺമറഞ്ഞവരുടെ ദീപ്തസ്മരണയിൽ ആദരാഞ്ജലികൾ അർപ്പിച്ചു.

മുഖ്യ സംഘാടകനായ ശ്രീ. കെ.പി. രാഘവൻ ഏവരേയും സമുചിതമായി സ്വാഗതം ചെയ്തു.

ശ്രീ. ആർ. ഹരികൃഷ്ണൻ പിഷാരോടി, ശ്രീ. കെ.പി. ഗോപകുമാർ എന്നിവർ ഈ സംഗമത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതിലുള്ള സന്തോഷം പങ്കുവെച്ചു.

എൺപത് വയസ്സ് കഴിഞ്ഞ അംഗങ്ങളെ ആദരിച്ചു. നേരിട്ട് പങ്കെടുത്ത ശ്രീമതി കെ.പി. നളിനി, ശ്രീമതി എ.പി. പാർവ്വതി എന്നിവരെ സമാജം പ്രസിഡണ്ട്, ജനറൽ സെക്രട്ടറി എന്നിവർ ആദരിച്ചു. ആരോഗ്യ കാരണങ്ങളാൽ നേരിട്ട് എത്താൻ പറ്റാതിരുന്ന ശ്രീമതി മങ്കുട്ടി പിഷാരസ്യാർ (കുഞ്ഞിറ്റ), ശ്രീമതി നാരായണി പിഷാരസ്യാർ (അമ്മിണി ഓപ്പോൾ തൃപ്രയാർ) എന്നിവർക്കുള്ള ഉപഹാരം ശ്രീ. രാജൻ എ. പിഷാരോടി, ശ്രീ. സി. ജി. ഗോപിനാഥ് എന്നിവരിൽ നിന്നും അവരുടെ മക്കളായ ശ്രീ. ബാബു, ശ്രീ. നന്ദകുമാർ എന്നിവർ ഏറ്റുവാങ്ങി.

മറുപടി പ്രസംഗത്തിൽ ഈ സംഗമത്തെ കുടുംബസംഗമം എന്നതിലുപരി തലമുറകളുടെ സ്നേഹസംഗമം എന്ന് വിശേഷിപ്പിക്കണമെന്ന് ശ്രീമതി എ.പി. പാർവ്വതി പറഞ്ഞു. നേരിട്ട് പങ്കെടുക്കാൻ പറ്റാതിരുന്ന ശ്രീമതി മങ്കുട്ടി പിഷാരസ്യാർ, ശ്രീമതി നാരായണി പിഷാരസ്യാർ എന്നിവർ വീഡിയോ സന്ദേശമായി ആശംസകൾ നേർന്നു.

കൈനില പിഷാരത്തെ താവഴികളെക്കുറിച്ചും അവിടെ നിന്നും വിവാഹബന്ധത്തിലൂടെ ശാഖകളായി പോയ തിരുവത്ര, പോത്താനി, രാമപുരം, തൃപ്രയാർ എന്നീ പിഷാരങ്ങളെക്കുറിച്ചും ശ്രീ. കൈനില ഉണ്ണികൃഷ്ണൻ വളരെ വിശദമായും രസകരമായും അവതരിപ്പിച്ചു.

മൺമറഞ്ഞ ബന്ധുക്കളുടെ ഫോട്ടോകൾ പ്രദർശിപ്പിച്ചത് വേറിട്ട അനുഭവമായി.

തുടർന്ന് ഓരോ താവഴിയിലേയും ഇപ്പോൾ ഉള്ള കുടുംബാംഗങ്ങൾ പ്രത്യേകം പ്രത്യേകമായി വേദിയിലെത്തി സ്വയം പരിചയപ്പെടുത്തി അവരവരുടെ ഓർമ്മകൾ പങ്കുവെക്കുകയും ആശംസകൾ നേരുകയും ചെയ്തത് പങ്കെടുത്ത ഏവരിലും ഗൃഹാതുരത്വസ്മരണകൾ ഉണർത്തി.

നേരിട്ട് എത്താൻ കഴിയാതെ വന്നവർ വീഡിയോ സന്ദേശം വഴി ആശംസകൾ നേർന്നു.

പലരും ആദ്യമായി കാണുകയാണ്, മറ്റു ചിലർ കുറെ കാലത്തിനുശേഷം കാണുന്നവരും, എല്ലാവർക്കും നെയിം പ്ലേറ്റ് സ്റ്റിക്കർ കൊടുത്തത് തിരിച്ചറിയൽ സുഗമമാക്കി.

പങ്കെടുത്തവരെല്ലാവരും ചേർന്ന് ഗ്രൂപ്പ് ഫോട്ടോ എടുത്ത് ഉച്ച ഭക്ഷണവും അതോടൊപ്പം കാറളം കുമരഞ്ചിറക്ഷേത്രത്തിൽ നിന്നും ഉണ്ണിയേട്ടൻ കൊണ്ടുവന്ന സ്വാദിഷ്ടമായ ശർക്കരപ്പായസവും കഴിച്ച ശേഷം അംഗങ്ങളുടെ കലാപരിപാടികൾ ആരംഭിച്ചു.

ശ്രീമതി മീര പ്രദീപ് പ്രധാന അവതാരികയായി വളരെ രസകരവും ആസ്വാദ്യകരവുമായ രീതിയിൽ വേദി നിയന്ത്രിച്ചു.

ആദ്യമായി കുമാരി അഞ്ജലി ജയൻ കീർത്തനം ആലപിച്ചതിന് പക്കമേളമായി മാസ്റ്റർ കാർത്തിക്ക് ഉണ്ണികൃഷ്ണൻ മൃദംഗം വായിച്ചു.

ശ്രീമതി പത്മിനി ഹരികൃഷ്ണന്റെ നേതൃത്വത്തിലുള്ള തിരുവാതിരക്കളിയിൽ ശ്രീമതിമാർ ലതവേണുഗോപാൽ, രാജി ശ്രീഹരി, ജയശ്രീ ദേവേശൻ, ഗിരിജ മോഹൻദാസ്, ഗിരിജ ശ്രീകുമാർ, മീര പ്രദീപ്, രഞ്ജിനി ഉണ്ണികൃഷ്ണൻ, ശ്രീദേവി മുകുന്ദൻ, അനിത ഹരികൃഷ്ണൻ, ദിവ്യ രാധാകൃഷ്ണൻ, കുമാരി ശരണ്യ ശ്രീഹരി എന്നിവർ പങ്കെടുത്തു.

തുടർന്ന്, ശ്രീമതി എ.പി. പാർവ്വതി, അഞ്ജന നന്ദകുമാർ, ശ്രീമതി ഇന്ദിര, ശ്രീ. ശ്രീജിത്ത് എന്നിവരുടെ ഗാനാലാപനവും മേധസ്വി പ്രവീൺ, വേദിക വിനീദ്, ശ്രേയ ശ്രീകുമാർ, ഗാഥ ഹരിദേവ്, നിരഞ്ജന ദിലീപൻ, അഞ്ജന ജയൻ, മീനാക്ഷി അനിൽ, വേദിക ഹരിദേവ്, ഗാഥാ ഹരിദേവ്, ദേവിക ഹരികൃഷ്ണൻ, ശ്രീതു മുകുന്ദൻ എന്നിവരുടെ നൃത്ത നൃത്യങ്ങളും അരങ്ങേറി. നേരിട്ട് പങ്കെടുക്കാൻ പറ്റാഞ്ഞതിനാൽ ആരാധ്യ സന്ദീപ് വീഡിയോ ക്ലിപ്പിലൂടെ പിയാനോ സംഗീതവുമായെത്തി.

ശ്രീമതി ബേബി ജയൻ എഴുതി ചിട്ടപ്പെടുത്തിയ കാറളം പിഷാരത്തെക്കുറിച്ചുള്ള വഞ്ചിപ്പാട്ട് ശ്രീഹരി, ഭരതൻ, ഉണ്ണികൃഷ്ണൻ, സ്മിത ശ്രീകുമാർ, മീരപ്രദീപ് എന്നിർ ചേർന്ന് പാടിയത് ആ

വഞ്ചിപ്പാട്ട്

# ഇമ്പമൂറും കൈനില



ബേബി ജയൻ

**കേ**രളത്തിൻ കരളാകും കാറളമാം പഞ്ചായത്തിൽ
കരുവന്നൂർ പുഴയുടെ അരികിലായി
കൈനില തേവരുടെയും കോരഞ്ചിറമ്മയുടെയും
കടാക്ഷത്തിൽ പ്രൗഢിയോടെ കൈനില ഷാരം.

കളപ്പുര പടിപ്പുര നടപ്പുര നാലുകെട്ട്
നിലവറ നന്മകളാൽ നിറഞ്ഞ ഷാരം
മാലകറ്റും ദേവകൾക്കു മാല്യങ്ങൾ നിർമ്മിച്ചു നൽകി
മാനമോടെ വാണിടുന്ന കുടുംബമല്ലോ.

കാലത്തിന്റെ കുത്തൊഴുക്കിൽ കാതങ്ങളകലെന്നാലും
കൈനില തൻ നന്മയെന്നും ഹൃത്തിൽ സൂക്ഷിപ്പൂ.
അകന്നകന്നിരിക്കിലും അവസരം വരും നേരം
അരികിലായണഞ്ഞീടും മനമൊന്നല്ലോ.

കൂടുമ്പോഴൊരിമ്പമായും കൂടെ പാട്ടും കളിയുമായ്
കൂടിയിന്ന് നമ്മളാകും കൂടുബമൊന്നായ്.
ബന്ധങ്ങൾ തൻ കണ്ണികളെ ബന്ധുരമായിണക്കുവാൻ
ബന്ധിക്കുവിൻ കിടാങ്ങളെ പൈതൃകത്തോളം.

പഴയൊരു തറവാട്ടിൻ പഴമയെ തൊട്ടറിയാൻ
പുതുതലമുറകൾക്കു പരിചയിക്കാൻ.
ഓർമ്മകൾക്കു മിഴിവേകാൻ ഒരുമതൻ മധുവേകാൻ
ഒരു മനമോടെ ഞങ്ങളൊരുമിക്കുന്നു.

---

വേശത്തോടെ സദസ്സിലുള്ളവരും ഏറ്റുപാടി.

ശ്രീ. സി.ജി. ഗോപിനാഥ് അവതരിപ്പിച്ച മാജിക്ക് ഷോ ഏവരേയും വിസ്മയിപ്പിച്ചു. മ്യൂസിക് ചെയർ, ബ്രിഡ്ജ് ഗെയിം തുടങ്ങിയ രസകരമായ വിനോദപരിപാടികളും സംഘടിപ്പിച്ചിരുന്നു.

ശ്രീ. കെ.പി. ഭരതൻ, കുടുംബ സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും ഔപചാരികമായി നന്ദി അറിയിച്ചു.

ലോകത്തിന്റെ പലഭാഗങ്ങളിലുള്ള, ഒരു വയസ്സു മുതൽ തൊണ്ണൂറു വയസ്സുവരെയുള്ള ബന്ധുജനങ്ങളെ കണ്ടും സംസാരിച്ചും ഉല്ലസിച്ചും കൊതി തീരാതെ, വീണ്ടും ഇത്തരത്തിലുള്ള സംഗമങ്ങൾ വേണം എന്ന് ആവർത്തിച്ചു പറഞ്ഞു കൊണ്ട്, ഇത് സംഘടിപ്പിച്ചവരോട് എത്ര നന്ദി പറഞ്ഞാലും മതിവരാതെ, ജീവിതത്തിൽ എന്നും സൂക്ഷിക്കാനുള്ള നല്ല ഒരു ഓർമ്മ കൂടി നേടിയ സംതൃപ്തിയിൽ വീണ്ടും സോഷ്യൽ മീഡിയകളിലൂടെ സ്ഥിരം കാണാം എന്ന് പറഞ്ഞ് പരസ്പരം പുതുവത്സരാശംസകൾ നേർന്ന് എല്ലാവരും അവരവരുടെ തിരക്കുകളിലേക്ക് മടങ്ങി.

ലേഖനം

# പ്രതിബിംബങ്ങൾ

സൂര്യ സനു പതി

**ക്ഷേ**ത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങളിൽ കോലു വിളക്ക് പ്രധാനമാണ്.

ശീവേലി - എഴുന്നള്ളിപ്പ് എന്നീ ചടങ്ങുകളിൽ ദേവനു മുമ്പിൽ വിളക്ക് നിർബന്ധമാണ്.

കഴക പ്രവർത്തിക്കാരാണ് വിളക്ക് പിടിയ്ക്കുക.

"വിളക്കു കൈവശമുള്ളവനെന്നും
വിശ്വം ദീപമയം
വെൺമ മനസ്സിൽ വിളങ്ങിന
ഭദ്രനു മേൻമേൽ അമൃതമയം"

എന്ന ഉള്ളൂരിന്റെ വരികൾ വിഖ്യാതമാണ്.

തിരിയിട്ട കോലു വിളക്കിലെ എണ്ണയിൽ പ്രതിബിംബിയ്ക്കുന്നത് ക്ഷേത്ര ജീവനക്കാരന്റെ മുഖം.

പ്രതിസന്ധികളുടെ ഓളം വെട്ടി ഇടയ്ക്ക് മായുകയും തെളിയുകയും കാറ്റത്ത് ആളിയും അണഞ്ഞും ആയുസ്സറ്റു പോകുകയും ചെയ്യുന്ന ജന്മ നിയോഗങ്ങൾ.

ശാന്തിയും കഴകവും അടിയന്തിരവും - വെളിച്ചപ്പാടും കൊട്ടിപ്പാടിസേവയും ഗുമസ്തപ്പണിയും നാമമാത്രമായ സേവന വേതന വ്യവസ്ഥയിൽ തുടരുന്നവർ.

"ശീവേലി നന്നായിട്ട്
ആനയ്ക്കെന്താ കാര്യം"

കാര്യത്തിനല്ല -




'മാ ഫലേഷു കദാചന' പ്രതിഫലേച്ഛയില്ലാതെ കർമ്മവിപാകംവരാതെ ജീവിതവേഷങ്ങൾ ആടുക.

മലബാർ മേഘലയിലെ അമ്പലപ്പണിക്കാരുടെ അവസ്ഥ പൊതു സമൂഹത്തിനു കൂടി മനസ്സിലാക്കാനാണ് ഈ കുറിപ്പ്.

## അഡ്വ. ഗോവിന്ദിന് അഭിനന്ദനങ്ങൾ



**ഗു**രുവായൂർ പുതിയേടത്ത് പിഷാരത്ത് പരേതനായ അനിൽകുമാറിന്റെയും കൊണ്ടയൂർ പിഷാരത്ത് സുധയുടെയും മകൻ ഗോവിന്ദ് പി. 04-01-2025ന് ബഹു. കേരള ഹൈക്കോടതിയിൽ വെച്ച് അഭിഭാഷകനായി എൻറോൾ ചെയ്തു.

കോഴിക്കോട് ഗവ. ലോ കോളേജിൽ നിന്നും 2024 നവംബറിൽ എൽ.എൽ.ബി.യിൽ 85% മാർക്കോടെ വിജയിച്ച ഗോവിന്ദ് പി. പഠന കാലത്ത് യൂണിവേഴ്സിറ്റി യൂണിയൻ കൗസിലർ ആയി വിജയിച്ച് പ്രവർത്തിച്ചിട്ടുമുണ്ട്.

ഗോവിന്ദിന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

# 7-ാം പിറന്നാൾ

## (12-02-2025)



# അക്ഷര

അച്ഛൻ: വിവേക് ബാലകൃഷ്ണൻ

അമ്മ: ദിവ്യ പിഷാരോടി

**ആശംസകളോടെ:**

അച്ഛമ്മ, അച്ഛച്ഛൻ, അമ്മമ്മ,
മറ്റ് കുടുംബാംഗങ്ങൾ.

# സ്മരണാഞ്ജലി

## 1-ാം ചരമവാർഷികം (24.02.2025)



ചൊവ്വര നാലുകെട്ടിൽ പിഷാരത്ത്

## രാമൻകുട്ടി പിഷാരോടി

(സി.ആർ. പിഷാരോടി)

ജനനം: 12-05-1941 മരണം: 24-02-2024

**സ്നേഹസ്മരണകളോടെ:**

ഭാര്യ: പഴുവിൽ പിഷാരത്ത് രാധ പിഷാരസ്യാർ
മകൾ: രഞ്ജിനി
മരുമകൻ: കാറളം കൈനില പിഷാരത്ത് ഉണ്ണികൃഷ്ണൻ
പേരക്കുട്ടികൾ: ഗോകുൽ, കാർത്തിക്

# 3 -ാം ചരമവാർഷികം

(28/01/2025)



## ഉഷ

**കൃഷ്ണ പിഷാരം**
**ഇരിങ്ങാലക്കുട**

സ്നേഹസ്മരണകളോടെ.....

| | | |
|---|---|---|
| ഭർത്താവ് | : | സി. പി. കൃഷ്ണൻ |
| മക്കൾ | : | ദിനേഷ് |
| | | ദിലീപ് |
| മരുമകൾ | : | സീമ ദിനേഷ് |
| പേരക്കുട്ടികൾ | : | അഭിനവ് |
| | | അനുഭവ് |

# വിവാഹ മംഗളാശംസകൾ



## വൈശാഖ് ❤ രമ

കല്ലുവഴി ത്രിവിക്രമപുരത്ത്
പിഷാരത്ത് ലീലയുടെയും
ചെറുകര പിഷാരത്ത് വിജയന്റെയും
('ശ്രീലയം', മുളങ്കുന്നത്തുകാവ്, തൃശൂർ) മകൻ
**വൈശാഖും**
മുംബൈ സയണിലെ
കുസുമം – ചന്ദ്രകാന്ത് (Late)
ദമ്പതിമാരുടെ മകൾ
**രമയും**
തമ്മിലുള്ള വിവാഹം 19 – 01 – 2025നു
തൃശൂർ ശ്രീശങ്കര ഹാളിൽ വെച്ച്
ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ
സമംഗളം നടന്നു.

# 80 – ാം പിറന്നാൾ ആശംസകൾ

## 25 ഡിസംബർ 2024



## സരസ്വതി പിഷാരോടി

W/o. Late പൊറ്റയിൽ പിഷാരത്ത് വാസുദേവ പിഷാരോടി
അമ്പാടി, അഗതിയൂർ



ആശംസകളോടെ: മക്കളും മരുമക്കളും പേരക്കുട്ടികളും

# കൈനില പിഷാരം കുടുംബസംഗമം
## അവലോകനങ്ങൾ

## കുടുംബ സംഗമത്തിന്റെ പ്രസക്തി



**എ.പി. പാർവ്വതി**

**കു**റേക്കാലമായി പരസ്പരം കാണാൻ കഴിയാതിരുന്ന അംഗങ്ങൾക്ക് കാണാനും വിവരങ്ങൾ പങ്കുവയ്ക്കാനും ഉള്ള ഒരു സുവർണ്ണാവസരം ആയിരുന്നു കൈനില പിഷാരത്തിന്റെ കുടുംബസംഗമം. പുതിയ തലമുറക്കാർക്കും പഴയതലമുറക്കാർക്കും പരസ്പരം അറിയാനുള്ള ഒരു അവസരവുമായി.

സ്നേഹം ഉള്ളതു കൊണ്ടാണല്ലോ സംഗമത്തിൽ പങ്കെടുക്കുന്നത്, അതുകൊണ്ട് 'സ്നേഹ സംഗമം' എന്ന പേരാണ് ഇതിന് അനുയോജ്യം എന്നും പറയാം.

ഇത്തരം സംഗമത്തിലൂടെ നമ്മുടെ കുടുംബത്തെക്കുറിച്ചും ആചാരങ്ങളെ കുറിച്ചും പുതുതലമുറയ്ക്ക് മനസ്സിലാക്കാനുള്ള ഒരു അവസരവും കൂടിയാണ് ലഭിക്കുന്നത്. സ്നേഹത്തിന്റെയും കരുതലിന്റെയും ഒരു സുഖം ഇത്തരം സംഗമം നൽകുന്നു.

പരസ്പര സംഗമത്തിന്റെ ഈ ശൃംഖല പൊട്ടാതെ ദൃഢപ്പെടുത്തി നിലനിർത്തിയാൽ ഇടക്കെല്ലാം എല്ലാവരും ഒത്തുകൂടണമെന്ന ഒരു ചിന്ത, ഒരു മോഹം എല്ലാവരിലും ഉണ്ടാകും. ആ ചിന്തയാൽ ബന്ധങ്ങൾക്ക് കെട്ടുറപ്പുണ്ടാകും.

ഇത്തരം സംഗമങ്ങൾ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും, ആശ്വാസത്തിന്റെയും ഒരു തലോടൽ ഓരോരുത്തർക്കും നൽകും എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതുതന്നെയാണ് സംഗമ ലക്ഷ്യവും.

## സംഗമം: എന്റെ ദൃഷ്ടികോണിലൂടെ



**ടി പി ഉണ്ണികൃഷ്ണൻ  കല്ലേകുളങ്ങര**

**2024** ഡിസംബർ 29ന് തൃശ്ശൂർ വെച്ച് നടത്തപ്പെട്ട കാറളം കൈനിലപ്പിഷാരം കുടുംബസംഗമം അവിസ്മരണീയമായ ഒരു മധുരാനുഭവം തന്നെയാണ്. ഈ കൂട്ടായ്മ നമ്മുടെ തലമുറയിലെ തലമുതിർന്നവർ-മദ്ധ്യവയസ്കർ-ഇളംതലമുറക്കാർ എന്നീ മൂവരുടെയും ഒരൊത്തുചേരൽ (Trijunction പോലെ) എന്ന പ്രതീതി ഉളവാക്കിയതും അന്യോന്യം പരിചയപ്പെടാനും കുശലാന്വേഷണം, ആശയവിനിമയം ഇത്യാദിക്കുള്ള സുവർണ്ണാവസരം ഒരുക്കിയതും ആശാവഹവും ക്രിയാത്മകവും ആയിത്തോന്നി! സംഗമത്തിന്റെ തുടക്കം തന്നെ കാറളം തറവാട്ടിലെ നാല് തലമുതിർന്ന മഹിളാംഗങ്ങൾ ആദരിക്കപ്പെട്ട ചടങ്ങായിരുന്നെന്നത് തന്നെ സ്വാഗതാർഹം എന്ന് ചൂണ്ടിക്കാട്ടാനാഗ്രഹിക്കുന്നു!

സംഗമത്തിന്റെ പൂർവ്വാർദ്ധത്തിൽ കാറളം തറവാട് എന്ന വടവൃക്ഷത്തിന്റെ പിന്നിട്ട നാല് തലമുറകളെ സ്പർശിച്ചു കൊണ്ടുള്ള Family Tree എന്ന ആശയം ഗംഭീരമായി! അതോടൊപ്പം സംഗമ വേദിയിൽ Family Tree ൽ വിഭാവനം ചെയ്ത വിശദാംശങ്ങൾ Video clips സഹിതം അവതരിപ്പിച്ച (ഉണ്ണികൃഷ്ണൻ) കണ്ണന്റെ നൈപുണ്യം എടുത്തു പറയേണ്ടതാണുതാനും!

സ്വാദിഷ്ടമായ ഉച്ചഭക്ഷണത്തിനുശേഷം ഉത്തരാർദ്ധത്തിൽ നടത്തപ്പെട്ട കലാ-കൈനിലയുടെ വൈവിധ്യമാർന്ന പരിപാടികളിൽ പുതിയ തലമുറയിലെ മുതിർന്ന കുട്ടികളുടെയും കുരുന്നു കുട്ടികളുടെയും കലാപാടവം തെളിയിക്കപ്പെട്ടത് നൃത്ത നൃത്യങ്ങളുടെ സൗന്ദര്യം തുളുമ്പുന്ന പ്രകടനങ്ങളിലൂടെയാണ്!

ചുരുക്കത്തിൽ, നൃത്തങ്ങളും ഗാനങ്ങളും: ഹിന്ദിയിലെ ശൈലി കടമെടുത്താൽ 'ഏക് സേ ബഡ്കർ ഏക്' (അഹമഹമികയാ) എന്നപോലെ അനുഭൂതി ഉളവാക്കി! കൈകൊട്ടിക്കളി കലാപരിപാടികൾക്ക് ഉത്തേജനം പകർന്നുവെന്ന് തന്നെ പറയാം. കൈകൊട്ടിക്കളിയുടെ ചുവടുകൾ കോർത്തിണക്കിയത് കുമാരി ദേവിക ഹരികൃഷ്ണൻ എന്ന യുവപ്രതിഭയാണെന്ന് അറിഞ്ഞപ്പോൾ അതിശയിച്ചുപോയി.! ഇളംതലമുറക്കാർക്ക് സർവത്ര സ്തുതി!

ലളിതഗാനങ്ങളും സംഗീതക്കച്ചേരിയും (മൃദംഗ സഹിതം) കലാ - സായാഹ്നത്തിന്റെ ശോഭ കൂട്ടിയെന്ന് പറയാം!

ഈ കലാപരിപാടികൾക്ക് 'ചുക്കാൻ പിടിച്ച് രസകരമായി തന്മയത്വത്തോടെ 'കലാ-വഞ്ചി'യെ നിയന്ത്രിച്ച് ലക്ഷ്യസ്ഥാനത്ത് എത്തിച്ച ശ്രീമതി മീരാ പ്രദീപ് എന്ന അവതാരകയെ പ്രത്യേകം പരാമർശിക്കുന്നു.

സമാപനഘട്ടത്തിലെ ഇന്ദ്രജാലം നയനാനന്ദകരമായ ഒന്നായിട്ടാണ് തോന്നിയത്!

ശ്രീമതി ബേബി ജയൻ രചിച്ച വഞ്ചിപ്പാട്ട് (കൈനിലപ്പിഷാരത്തെക്കുറിച്ചുള്ളതും കുടുംബാംഗങ്ങൾ സംഘഗാനമായാലപിച്ചതും) എന്ന ഒരു 'പുതുമയുള്ള അനുഭവ'ത്തെപ്പറ്റി ഞാൻ എടുത്തു പറഞ്ഞില്ലെങ്കിൽ നമ്മുടെ 'സ്നേഹ-സംഗമം' അപൂർണ്ണമാകുമായേനേ... എന്നാണ് എന്റെ മനോവികാരം.

## ഞാൻ ആസ്വദിച്ച സംഗമം



**ഗോവിന്ദ് ഹരികൃഷ്ണൻ**

**കാ**റളം കൈനില പിഷാരം കുടുംബ സംഗമം എനിക്കും അവിടെയുണ്ടായിരുന്ന മറ്റു കുട്ടികൾക്കും ഒരു മറക്കാൻ കഴിയാത്ത അനുഭവം തന്നെയാണ്.

കണ്ണമ്മാവന്റെ അവതരണത്തിൽ ഷാരത്തിന്റെ ചരിത്രവും താവഴികളും പ്രദർശിപ്പിച്ചത് ഒരു നല്ല അനുഭവമായിരുന്നു.

കാർത്തിക് ചേട്ടന്റെ മൃദംഗത്തിന് അഞ്ജലി ചേച്ചിയുടെ കീർത്തനവും, പിന്നെ തിരുവാതിരയും, ഓരോ നൃത്തവും ഗാനവും ഗ്രൂപ്പ് ആക്ടിവിറ്റീസും ഒന്നിനൊന്നു മികച്ചതായിരുന്നു. ബേബി അമ്മായി എഴുതി സമർപ്പിച്ച വഞ്ചിപ്പാട്ട്, പറയാതെ വയ്യ!.

ഈ സംഗമം മൂലം എന്റെ വേരുകളെ പറ്റി ചിന്തിക്കാനും സ്വന്തം സഹോദരി സഹോദരന്മാരോട് കൂടി നല്ല സമയം ചെലവഴിക്കാനും എനിക്ക് കഴിഞ്ഞു. ഇതുപോലുള്ള സംഗമങ്ങൾ ഇനിയും ഉണ്ടാകട്ടെയെന്നാണ് ആഗ്രഹം.

## Grand family union - an unforgettable experience



**Niranjana Dileepan Anupurath**

**T**he year 2024 had a very pleasant ending with a big family get together of Kainila Pisharam. I felt excited and equally confused as I saw many familiar faces and a few unfamiliar faces whom I am seeing for the first time. The event started with a big family tree being displayed, it was fascinating to see how big the family actually was and how many of us shared a similar ancestry. There were many performances, which made me realise how talented everyone was. Almost every family had a dancer, or a singer, or an instrument player, or even in one case, a magician. There were many games, which made sure everyone was involved, so that everyone could have a nice time and of course, good food makes sure everything ends on a good note. This family meeting was definitely a memorable one, and it ended on a promising note of many more to come. ●

## കവിത

# എല്ലാം നമ്മുടെതാക്കേണ്ടേ പുന്നാരേ...



പ്രസന്ന ലക്ഷ്മി
ഫോൺ: 8301816734

**മു**ണ്ടകൻ പാടത്തെ കൊയ്ത്തും മെതിയും
ഇന്നലെ കഴിഞ്ഞല്ലോ പെണ്ണാളേ
ഇന്നെന്റെ കരളിലെ ആർപ്പും വിളിയും
ഇങ്ങെത്തി കഴിഞ്ഞല്ലോ പെണ്ണാളേ.
നോമ്പ് നോറ്റിരിക്കും നമ്മുടെ
സ്വപ്നങ്ങൾ എല്ലാം പൂത്തുലഞ്ഞേ
നമ്മുടെ മോഹങ്ങളെല്ലാം കുളിരണിഞ്ഞേ
പറയാനൊത്തിരി ഉണ്ടേ വീണ്ടും പറയാനൊത്തിരി ഉണ്ടേ.
പടിഞ്ഞാറേമാനം ചോക്കും വരേയ്ക്കും
കാത്തിരിക്കേണം നീയും ഞാനും കാത്തിരിക്കേണം
പതിവായി മോന്തുന്നൊരന്തിക്കള്ളിനെ ഇന്ന്
പതിവ് തെറ്റിച്ചു മറന്നിടെണം.
പതിവിലും നേരത്തെ ഇങ്ങെത്തേണം മാടത്തിൻ
പടിവാതിലിൽ ഞാൻ കാത്തിരിക്കുന്നെ
നാലഞ്ചു കുട്ട്യോൾക്കമ്മയാകേണം
നല്ല കുടുംബവുമുണ്ടാകേണം.
നീണ്ടുനീർന്നു കിടക്കാൻ നല്ലൊരു
നാലുകാലോല പുരയും വേണം
പരിഭവം വേണ്ട പരാതിയും വേണ്ട
പതിവിലും നേരെത്തെയിങ്ങെത്തിക്കോളാം.
നീയും ഞാനും കാണുന്ന സ്വപ്നങ്ങൾ
നമ്മുടേതല്ലേ പുന്നാരേ
എന്നും നമ്മുടേതല്ലേ പുന്നാരേ
നാളെ നമ്മുടെതാക്കണ്ടേ പുന്നാരേ.

●



## ദേവിക രാജഗോപാൽ പിഷാരടിക്ക് അഭിനന്ദനങ്ങൾ

**സം**സ്ഥാതല ഗണിതശാസ്ത്രമേളയിൽ HS വിഭാഗം പസിലിൽ മൂന്നാം സ്ഥാനവും എ ഗ്രേഡും കരസ്ഥമാക്കിയ ദേവിക രാജഗോപാൽ പിഷാരോടി. കുത്തനൂർ പിഷാരത്ത് രാജഗോപാലന്റെയും മുടവന്നൂർപിഷാരത്തെ മിനിയുടെയും മകളാണ്. സഹോദരി ഗോപിക.

ദേവികക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

# കേന്ദ്ര അവാർഡുകൾ/സ്കോളർഷിപ്പുകൾ എന്നിവക്കുള്ള നിബന്ധനകൾ പാലിക്കുക

**പി**ഷാരോടി എജ്യൂക്കേഷണൽ സൊസൈറ്റി വർഷം തോറും കേന്ദ്ര തലത്തിൽ നൽകിവരുന്ന വിവിധ അവാർഡുകൾ/ സ്കോളർഷിപ്പുകൾ എന്നിവക്കു അപേക്ഷിക്കുവാൻ താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. അപേക്ഷകന്റെ ഭവനത്തിലെ പ്രായപൂർത്തിയായ എല്ലാവരും പിഷാരോടി സമാജം, എഡ്യൂക്കേഷണൽ സൊസൈറ്റി എന്നിവയിൽ അംഗങ്ങൾ ആയിരിക്കണം, വരിസംഖ്യകൾ അടച്ചിരിക്കണം.

2. ഭവനത്തിൽ തുളസീദളം വരുത്തണം. ആയതിന്റെ വരിസംഖ്യ നടപ്പു വർഷത്തേക്ക് നൽകിയിരിക്കണം.

ആയതിനാൽ പത്താം തരം, പ്ലസ് ടു, ഡിഗ്രി, മറ്റു പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികളുടെ മാതാപിതാക്കൾ മേൽപ്പറഞ്ഞ നിബന്ധനകൾ പാലിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതും വരിസംഖ്യകൾ ഫെബ്രുവരി 28, 2025 ന് മുമ്പായി നൽകി രസീതി കൈപ്പറ്റേണ്ടതുമാണ്.

അവാർഡുകൾ/സ്കോളർഷിപ്പുകൾ എന്നിവക്ക് അപേക്ഷിക്കുന്ന സമയത്ത് അപേക്ഷയിൽ മേല്പറഞ്ഞ വിവരങ്ങൾ നല്കേണ്ടതും രസീതി നമ്പറുകൾ ചേർക്കേണ്ടതുമാണ്.

**ഡോ. പി.ബി. രാംകുമാർ**
സെക്രട്ടറി, PE&WS



## രണ്ടാം ശ്രാദ്ധ ദിനം
**(13-02-2025)**

# ശാരദ രാമൻ

(Retd SPM, Postal Dept)

ഭർത്താവ്: പരേതനായ കെ.പി. രാമൻ

**സ്മരണകളോടെ:**
**കുടുംബാംഗങ്ങൾ, ശ്രേയസ്, കലൂർ, എറണാകുളം**


*With best compliments from :*

## P. KARUNAKARAN
# Forging & Process Aids

No. 27, Kalyani Industrial Estate,
Vanagaram Road, Athipet,
CHENNAI - 600 058

Phone : (Factory) 044-26245992, Fax: 044-26245993
E-mail: steelforgings@hotmail.com
Phone : (Residence): 044-26161519, Mob: +919962581210

# സ്മരണാഞ്ജലി
## 6-ാം ചരമവാർഷികം



# പ്രസന്നടീച്ചർ
**കുറുവട്ടൂർ പിഷാരം**

(24.02.1964 – 21.02.2019)

ദുഃഖസ്മരണകളോടെ....

ഭർത്താവ്: മേലീട്ടിൽ പിഷാരത്ത് സുരേന്ദ്രൻ മാസ്റ്റർ, കുറുവട്ടൂർ, വല്ലപ്പുഴ

| മക്കൾ | മരുമക്കൾ | പേരമക്കൾ |
|---|---|---|
| സുപ്രിയ നന്ദകുമാർ | നന്ദകുമാർ | വൈഷ്ണവ് നന്ദകുമാർ<br>അർജ്ജുൻ നന്ദകുമാർ |
| പ്രസാദ് | ശ്രീലക്ഷ്മി | രേവതി, പാർവതി |

സഹോദരങ്ങൾ: ദേവകി ടീച്ചർ, സരസ്വതി

# സ്മരണാഞ്ജലികൾ

## 7 – ാം ശ്രാദ്ധദിനം (09.03.2025)



# കൊടിക്കുന്നത്ത് പിഷാരത്ത്
# ശ്രീദേവി പിഷാരസ്യാർ

(പരേതനായ പി. ആർ. പിഷാരോടിയുടെ സഹധർമ്മിണി)

ജനനം: 01. 03. 1927 മരണം: 26. 02. 2018

സ്നേഹസ്മരണകളോടെ...

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ | ദൗഹിത്രിമാർ |
|---|---|---|---|
| ശാരദാമണി | സി. പി. അച്ചുതൻ | ദിവ്യ – ദിനൂപ് | ശ്രേയ, ഗൗരി |
| | | ദീപക് – ലക്ഷ്മി | അദ്വൈത്, അഥർവ് |
| രാമകൃഷ്ണൻ | രമാ രാമകൃഷ്ണൻ | രജിത – സാം | ദിയ, അമേലിയ |
| | | ജിഷ്ണു – കീർത്തന | |
| ഇന്ദിരാദേവി | ടി. പി. ഗോപാലകൃഷ്ണൻ | ശ്രീനാഥ് – ശ്രീവിദ്യ | വൈഷ്ണവി, ആദിത്യ |
| | | ശ്രീലേഖ – മധു | ശ്രദ്ധ, ശ്രാവൺ |
| ജയപ്രകാശ് | രശ്മി ജയപ്രകാശ് | നിഖിൽ – അഞ്ജിത | |
| | | ശ്രീപാർവ്വതി – സൂരജ് | |

അനുസ്മരണം

# ഒരു കണ്ണീരോർമ്മ...



**ടി.ആർ. രഘുനന്ദനൻ**
ഫോൺ: 9847169725

**വെ**ള്ളത്തിൽ നിന്ന് ചോറു മാത്രം ഊറ്റിയെടുത്ത് കുറച്ചു മോരും ഉലുവമാങ്ങക്കഷണങ്ങളും ഇട്ട കവിടിക്കിണ്ണം അമ്മ എന്റെ അടുക്കലേയ്ക്കു വെച്ചു. വിശപ്പ് സംഹാരതാണ്ഡവമാടുകയാണ്. വയറ്റിൽ ആകെയുള്ളത് ഉച്ചയ്ക്ക് കോളേജ് കാന്റീനിൽ നിന്നും കുടിച്ച ചായ മാത്രം. അതും മൈമുണ്ണിയുടെ നിർബന്ധം കൊണ്ട്. കാന്റീനിലെ ഊണിന് ഒരു രൂപ കൊടുത്താൽ മതി. പക്ഷെ അതുപോലും കൈയ്യിലില്ലയെന്നതാണ് വാസ്തവം. തിരിച്ച് വീട്ടിലെത്താനുള്ള ബസ്സുകൂലി മാത്രമേയുണ്ടായിരുന്നുള്ളു.

ആർത്തിയോടെ കിണ്ണമെടുത്ത് മോന്തുന്നതിനിടയിൽ അമ്മ ചോദിച്ചു, 'കൊണ്ടാട്ടം വല്ലതും വറുക്കണോ?' നിഷേധാർത്ഥത്തിൽ തലയാട്ടി. കഴിക്കുന്നതിനിടയിൽ അമ്മ തുടർന്നു.... 'ഒൻപതു മണി വരെ കാത്തു. ഇനി വരലുണ്ടാവില്ലെന്നു കരുതിയാണ് ചോറില് വെള്ളമൊഴിച്ചത്.' ശരിയാണ്, കുറ്റപ്പെടുത്താൻ വയ്യാ. ബസ്സ് എട്ടര മണിക്കെങ്കിലും അമ്പല നടയിലെത്തേണ്ടതാണ്. അതുണ്ടായില്ലാ. ആരെ കുറ്റം പറയാനാണ്? വരുന്ന വഴി മുഴുവൻ പെരുമഴയായിരുന്നു. പോരാത്തതിന് മൂന്നു റെയിൽവേ ഗേറ്റുകളിലും പതിവിലേറെ നേരം കാത്തു കിടക്കേണ്ടതായും വന്നു. ഒഴിഞ്ഞ കിണ്ണവുമായി എഴുന്നേറ്റു. അമ്മ മണ്ണെണ്ണ വിളക്കുമായി പുറകെ അടുക്കള വരാന്തയിലേക്ക് വന്നു. കൈയ്യും വായും കഴുകി കിണ്ണം കഴുകിയെന്നു വരുത്തി ഉള്ളിലേയ്ക്ക് നടന്നു. അടുക്കള മുറിക്കടുത്തുള്ള ഗോവണി കെട്ടിലൂടെ തെക്കെ പൂമുഖത്തേയ്ക്ക് വന്നു. പുറകെ വിളക്കുമായി വന്ന അമ്മ പറഞ്ഞു. 'ഇന്നിനി കറന്റ് വരുമെന്ന് തോന്നുന്നില്ല'. പൂമുഖ മുറിയുടെ ഒരു മൂലയിൽ മടക്കി വെച്ചിരുന്ന കിടക്ക നിവർത്തി. കിടക്ക കുടഞ്ഞു വിരിക്കാനൊന്നും നിന്നില്ല. അതിലേക്ക് ചാഞ്ഞു. സാധാരണ നിലയിൽ കിടക്ക തട്ടിക്കുടഞ്ഞ് വിരിയ്ക്കാൻ അമ്മ നിർബന്ധിക്കാറുള്ളതാണ്. ഇത്തവണ അതുണ്ടായില്ല. ആശ്വാസം തോന്നി. വിളക്കിന്റെ പ്രകാശം നീങ്ങി നീങ്ങി പോയതോടെ അമ്മ അകത്തേയ്ക്ക് പോയിയെന്നു മനസ്സിലായി.



പൂമുഖത്തിന്റെ കിഴക്കെ ജനലിലൂടെ ശക്തിയായി മുഖത്തേയ്ക്കടിക്കുന്ന മിന്നൽ വെളിച്ചം. ഇടിയുടെ കാതടപ്പിക്കുന്ന ശബ്ദവും അകമ്പടിയായി മഴയുടെ ആരവവും. മിന്നൽ വെളിച്ചത്തിൽ ഒരു ഭാഗത്തായി ഉറങ്ങുന്ന സുരി ചേട്ടനെ കണ്ടു.

'സംഭവ ബഹുലമായ ഒരു പകൽ കടന്നു പോയിരിക്കുന്നു.' മനസ്സിലിരുന്ന് ആരോ പറഞ്ഞു. എല്ലാം ഒരു ചലച്ചിത്രം പോലെ മനസ്സിൽ തെളിയുന്നു. ഇന്നലെ, ഞായറാഴ്ചയുടെ ആലസ്യത്തിന്റെ പരിസമാപ്തിയിൽ വൈകുന്നേരം പതിവുപോലെ തൃശൂർക്ക് പുറപ്പെടാൻ തയ്യാറാകുന്നതു കണ്ട അച്ഛൻ പറഞ്ഞു. 'നീ നാളെ കാലത്ത് പോയാൽ മതി. പോകുന്ന വഴി ഗീതാ പ്രസ്സിലെ നാരായണയ്യരോട് രൂപയുടെ കാര്യം ഓർമ്മിപ്പിക്കണം. സ്വാമിയുടെ കൈയ്യിൽ നിന്നും പണം വാങ്ങി നാളെത്തന്നെ അധികം ഇരുട്ടുന്നതിനു മുമ്പ് തിരിച്ചെത്തുകയും വേണം'. അച്ഛൻ പറഞ്ഞതനുസരിച്ച് കാലത്ത് തൃശൂർക്ക് പുറപ്പെട്ട്, ഒതുക്കുകളിറങ്ങുമ്പോൾ പുറകെ വന്ന അമ്മ പറഞ്ഞു. 'ശ്രീധരൻ നായർ പശുവിനെ കൊണ്ടുവന്നു കെട്ടിയിട്ടുണ്ട്.

ഇരുന്നൂറ്റി എഴുപത്തഞ്ച് വേണമെന്ന് നിർബന്ധി ക്കുന്നുമുണ്ട്. രാത്രി അധികം വൈകാതെ എ ത്താൻ ശ്രമിക്കൂ...' അമ്മ ഒന്നു കൂടി ഓർമ്മിപ്പിച്ചു. അമ്പല നടയിലേക്ക് നടന്നു. ഭാഗ്യം! ബസ്സ് പുറ പ്പെട്ടു നിൽക്കുന്നു. പരിചയമുള്ള ബസ്സ് മുതലാളി ബസ്സിന്റെ മുൻ സിറ്റിൽ തന്നെയിരുപ്പുണ്ട്. മുത ലാളി ഒന്നൊതുങ്ങിയിരുന്നു കൊണ്ട് തനിക്കായി സീറ്റ് പങ്കു വയ്ച്ചു. പാട്ടുരായ്ക്കലിറങ്ങി, തിരുവ മ്പാടി വഴി ഷൊർണ്ണൂർ റോഡിലുള്ള ഗീതാ പ്ര സ്സിലെത്തി, നാരായണയ്യരെ കണ്ടു, രൂപയുടെ കാ ര്യം പറഞ്ഞു. 'ശരിയായിട്ടില്ല. നോക്കട്ടെ, വൈ കുന്നേരം വരൂ'. സ്വാമി ഒരു ചെറു പുഞ്ചിരിയോ ടെ അറിയിച്ചു. അവസാന പിരീഡ് കട്ടു ചെയ്ത് വരേണ്ടി വരുമെന്ന് വിചാരിച്ചു കൊണ്ട് അതിവേ ഗം കോളേജിലേക്ക് നടന്നു. പക്ഷെ പെട്ടെന്നാ ണത് ഓർമ്മ വന്നത്. അവസാന പിരീഡ് ലോജി ക്കാണ്. കട്ട് ചെയ്യാൻ പറ്റാത്ത ക്ലാസ്സ്. ശിക്ഷണ ത്തിന്റെ മേന്മ മാത്രമല്ല, രാജരാജവർമ്മ മാഷ്ക്ക്, തന്നെ വളരെ അടുത്തറിയാം. പ്രത്യേകം ശ്രദ്ധി ക്കുകയും ചെയ്യും. അവസാന പിരീഡിൽ മാഷ്ടെ ക്ലാസ്സ് ശ്രദ്ധിക്കാനായില്ല. മനസ്സ് എവിടേയൊക്കെ യോ ഊളിയിട്ടു കൊണ്ടിരിക്കുന്നു. മാഷ് ഇടയ് ക്കിടെ എന്റെ മുഖത്തേയ്ക്ക് നോക്കുന്നുണ്ട്. അ പ്പോഴൊക്കെ ജാഗ്യതയോടെ ശ്രദ്ധിക്കുന്നുവെന്നു ഭാവിച്ചു. കോളേജ് വിട്ടതും വേഗത്തിൽ നടന്നു. അക്ഷരാർത്ഥത്തിൽ ഓടുകയായിരുന്നു. കോളേ ജ് ഗേറ്റിനു പുറത്തു കടന്നതും ചേലൂർ മനയ്ക്ക ലെ പുരുഷോത്തമൻ കാറിലതാ.. തൊട്ടു മുന്നിൽ. ഭാഗ്യം! എന്നെക്കണ്ടയുടൻ അദ്ദേഹം ഡ്രൈവറോ ട് കാർ നിർത്താൻ ആവശ്യപ്പെട്ടു. ഈ സൗജന്യ യാത്ര ഇടയ്ക്കൊക്കെ പതിവുള്ളതാണ്. ഹരിഹര യ്യർ മാഷ്ടെ സംസ്കൃതം ക്ലാസ്സിൽ ഞങ്ങളൊന്നി ച്ചാണ്. ആ സതീർത്ഥ്യസ്നേഹം എന്നെ പെട്ടെ ന്ന് ഗീതാ പ്രസ്സിലെത്തിച്ചു. പ്രസ്സിലെ ക്ലോക്കിൽ നോക്കി. സമയം നാലേകാൽ. നാലരയ്ക്കുള്ള ബ സ്സിൽ തന്നെ പഴയന്നൂർക്ക് മടങ്ങാൻ സാധിക്കുമ ല്ലൊ എന്നാശ്വസിച്ചു. ഓഫീസ് മുറിയിലേക്ക് കട ന്നയുടൻ, കരിപുരണ്ട ബനിയനും മുഷിഞ്ഞ മു ണ്ടുമുടുത്തു വന്ന പ്രസ്സ് ജീവനക്കാരൻ അറിയി ച്ചു. 'സ്വാമി മഠം വരെ പോയിരിക്കുകയാണ്. ഇരി യ്ക്കാൻ പറഞ്ഞിട്ടുണ്ട്'. സമയം നാലേമുക്കാലാ യി. ഒരു ചെറു ചിരിയോടെ വന്നു കയറിയ സ്വാ മി പറഞ്ഞു. 'അഞ്ഞൂറില്ല മുന്നൂറെയുള്ളു, അച്ഛ നോട് പറയൂട്ടോ.' സ്വാമി തന്ന പണം അച്ഛൻ ക ടം വാങ്ങിയതാണെന്നാണ് ഞാൻ കരുതിയത്. പി ന്നീട് വർഷങ്ങൾക്കു ശേഷമാണ് മുത്തച്ഛന്റെ പു സ്തകങ്ങളുടെ റോയൽറ്റി ഇനത്തിൽ ലഭിക്കാനു ള്ള പണമാണ് അതെന്ന് മനസ്സിലാക്കിയത്. പ്രസ്സിൽ നിന്നിറങ്ങി വേഗത്തിൽ നടന്നു. തിരുവമ്പാടി അ മ്പലത്തിന്റെ സമീപമെത്തിയപ്പോഴേക്കും 'കരി പ്പാൽ' ബസ്സ് വന്നു. നല്ല തിരക്കുണ്ട് . ഫുട്ട്ബോർ ഡിലും കൂടി ആളുകൾ തൂങ്ങി നിൽക്കുന്നു. എ ന്തായാലും കൈകാണിച്ചു. ബസ്സ് മന്ദഗതിയിലാ യെങ്കിലും ഉള്ളിൽ നിന്നും നീണ്ട വിസിൽ മുഴ ങ്ങി. നിർത്തിയില്ല. ഈശ്വരാ! അടുത്ത ബസ്സ് ആ റേകാലിനാണ്. വെറുതെ നില്ക്കാൻ മടിച്ചു പാട്ടു രായ്ക്കൽ സ്റ്റോപ്പിലേക്ക് നടന്നു. ബസ്സ് കാത്തു നിന്നവരിലൊരാൾ പറഞ്ഞു. 'നാലരയുടെ ഭാരത് ഇന്നോടിയിട്ടില്ല. ഇനി ആറേകാലിന് ബാലകൃഷ് ണയെയുള്ളു'. മഴയ്ക്കുള്ള കോളുണ്ട്. മഴ പെയ് താൽ... എന്തായാലും ആറേകാലായപ്പോഴേക്കും ബാലകൃഷ്ണയെത്തി. ബസ്സിൽ കയറി. സീറ്റൊ ന്നുമില്ലെങ്കിലും കയറിപ്പറ്റാനായല്ലൊയെന്ന് ആശ്വ സിച്ചു. പെട്ടെന്ന് വലിയ പേമാരി കണക്കെ മഴ തുടങ്ങി. ഭാഗ്യം! കുട കൂടിയില്ലാത്ത ഞാൻ ബ സ്സിൽ കയറിപ്പറ്റിയല്ലൊ. വടക്കാഞ്ചേരിയെത്തു മ്പോൾ സീറ്റുകിട്ടുമെന്നു പ്രതീക്ഷിച്ച് കമ്പിയിൽ ചാരി നിന്നു. മൂന്നു റെയിൽവേ ഗേറ്റുകളിലും പെ ട്ടതിനാൽ ബസ്സ് വളരെയധികം വൈകിയാണ് പ ഴയന്നൂരെത്തിയത്. കൂരാക്കൂരിരുട്ടിൽ പാടങ്ങൾ ക്കകലെയുള്ള വീടുകളിൽ മുനിഞ്ഞു കത്തുന്ന വിളക്കുകൾ മിന്നാമിനുങ്ങുകൾ പോലെ തോന്നി ച്ചു. കറന്റ് പോയിരിക്കുന്നുവെന്ന സൂചന അമ്പ ലനടയിൽ ബസ്സിറങ്ങുമ്പോൾ തന്നെ ലഭിച്ചു. ബ സ്സിന്റെ പടികൾ ഇറങ്ങാൻ നന്നേ ബുദ്ധിമുട്ടി. ഷാ രത്തേയ്ക്ക് നടക്കുമ്പോൾ മഴ പെയ്ത് തണുത്തു റഞ്ഞ അന്തരീക്ഷവും കട്ട പിടിച്ച ഇരുട്ടും കൂട്ടി നായെത്തി. ഇരുട്ടിൽ തപ്പിത്തടഞ്ഞ് ഷാരത്തിന്റെ പടിപ്പുരയിലെത്തിയപ്പോൾ ആശ്വാസവും, ഭാഗ്യ വുമൊന്നും കൂട്ടിനുണ്ടായില്ല. മഴ വീണ്ടും താളപ്ര മാണമായെത്തി. പതിഞ്ഞ കാലം പിന്നിട്ടു ദ്രുത ത്തിലേക്ക് കടക്കും മുമ്പ് വീടിനകത്തെത്തണം. 'കഷ്ടകാലം കൂടെ കൂടെ' എന്നു പറഞ്ഞ മാതിരി പടിപ്പുര വാതിൽ അകത്തു നിന്നും അടച്ചു സാ ക്ഷയിട്ടിരിക്കുന്നു. കഴിയുന്നത്ര ശക്തിയിൽ വാതി ലിൽ തട്ടിവിളിച്ചു. അമ്മയെ ഉറക്കെ വിളിച്ചു നോ ക്കി. ഒരു ഫലവുമുണ്ടായില്ല. ആരും കേൾക്കുന്ന ലക്ഷണമില്ല. എന്തു ചെയ്യണമെന്നോർത്ത് അൽ പ സമയം നിന്നു. മഴ ദ്രുതത്തിലേയ്ക്ക് കടക്കു ന്നു. ഇല്ലിമുള്ളു കൊണ്ടുള്ള വേലിയ്ക്കിടയിലൂടെ അകത്തേക്കു നോക്കി. ഒരു ചെറിയ മണ്ണെണ്ണ വി ളക്കിന്റെ പ്രകാശം മാത്രം കാണാം. ഇടയ്ക്കിടയ്

ക്ക് അടുത്തിടെ പ്രസവിച്ച ദേവുചേച്ചിയുടെ കുട്ടിയുടെ നേർത്ത കരച്ചിൽ കേൾക്കാം. ഒരിക്കൽക്കൂടി പടിപ്പുര വാതിൽ ശക്തിയോടെ തള്ളി നോക്കി. നിരാശ മാത്രം ബാക്കി. രണ്ടും കല്പിച്ച് കോരിച്ചൊരിയുന്ന മഴയത്തേക്കിറങ്ങി, ഇല്ലിമുൾ വേലി കൈ കൊണ്ട് വകഞ്ഞു മാറ്റി അകത്തേയ്ക്ക് കടക്കാൻ ശ്രമിച്ചു. വിരലും, കൈത്തണ്ടയും നീളത്തിൽ കോറി മുറിഞ്ഞ് രക്തം മഴവെള്ളത്തിൽ അലിഞ്ഞുചേർന്നു. ഒരു വിധത്തിൽ അകത്തു കടന്നു, വാതിലിൽ മുട്ടി. ചിമ്മിനി വിളിക്കുമായി വന്ന് വാതിൽ തുറന്ന അച്ഛൻ എന്നെക്കണ്ട് ആകെയൊന്നു നോക്കി. അവശനായ എന്നെക്കണ്ട് അച്ഛൻ ഉച്ചത്തിൽ അമ്മയെ വിളിച്ചു. 'തങ്കം... ഇതാ രഘുവെത്തി...' അധികം താമസിയാതെ അമ്മയും ഉമ്മറത്തു വന്നു. 'ഇത്ര വൈകിയതെന്താ'ണെന്നുള്ള അച്ഛന്റെ ചോദ്യത്തിൽ അല്പം വിഷമവും, വിഷാദവും കലർന്നിരുന്നുവോ?... പ്രസ്സിൽ സ്വാമി വരാൻ വൈകിയതും, ബസ്സു കിട്ടാഞ്ഞതും, പെരുമഴയും, റെയിൽവേ ഗേറ്റിലെ അനന്തമായ കാത്തുകിടപ്പുമെല്ലാം അച്ഛന് ബോധ്യമായി. മണ്ണെണ്ണ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ കൈത്തണ്ടയിലെ കോറിയ പാടുകൾ കണ്ടിട്ടാണോയെന്നറിയില്ല, അച്ഛൻ കസേരയിൽ കിടന്ന തോർത്തെടുത്ത് പൊടിയുന്ന രക്തമെല്ലാം തുടച്ചു. 'വേഗം പോയി ഊണു കഴിക്കു, ഒൻപതു മണി വരെ കാത്തു. ഇന്നിനി നീ വരുന്നുണ്ടാവില്ലെന്നു കരുതി. ചോറിൽ വെള്ളമൊഴിച്ചുവെന്നു തോന്നുന്നു'. ആ മുഖത്തു വിരിയുന്ന വാൽസല്യ ഭാവം ഞാൻ തിരിച്ചറിഞ്ഞ നിമിഷമായിരുന്നു അത്. എല്ലാമെല്ലാം വ്യക്തമായി ആലോചിച്ചു കൊണ്ട് കിടന്നു. കാലത്തു മുതലുള്ള അലച്ചിലുകാരണം തളർന്ന ശരീരത്തെ പാടിയുറക്കാനായി പുറത്തു നിന്നുള്ള കാറ്റിന്റേയും താളത്തിൽ പെയ്യുന്ന മഴയുടേയും അകമ്പടിയോടെ നിദ്രാദേവിയെത്തി. കണ്ണുകൾ പതുക്കെ പതുക്കെ അടഞ്ഞു തുടങ്ങുമ്പോൾ കൈകളിൽ അനുഭവവേദ്യമായി, ഒരു നനുത്ത സ്പർശം.... അരണ്ട വെളിച്ചത്തിൽ കണ്ടു. അച്ഛൻ... പരുപരുത്ത ആ കൈകൾക്കെങ്ങിനെയാണ് മൃദുഭാവം വന്നതെന്നാലോചിച്ചു. ഞാൻ എഴുന്നേൽക്കാൻ ശ്രമിച്ചു. 'വേണ്ടാ.... കിടന്നോ...' അച്ഛൻ അവിടെ നിന്നും പോയി. ആ കണ്ണുകളിൽ വിഷാദം ഉരുണ്ടു കൂടിയിരുന്നുവോ?... അച്ഛന്റെ കണ്ണുകൾ ഈറനായിട്ട് അധികം കണ്ടിട്ടില്ല. നെഹ്റുവിന്റെ വിയോഗ വാർത്തയും ഒരാഴ്ച കഴിഞ്ഞുള്ള മുത്തശ്ശന്റെ (ആറ്റൂർ കൃഷ്ണപിഷാരടി - 1965 ജൂൺ 5) വേർപാടും അച്ഛനെ തളർത്തിയിരുന്നു. കർക്കശക്കാരനായ അച്ഛന്റെ കഠിന സമീപനങ്ങളിൽ എവിടേയോ ഒരു നീരുറവയുണ്ടായിരുന്നുവെന്നോർക്കുമ്പോൾ.... അതേ! വാത്സല്യത്തിന്റെ നീരുറവ.... അതൊരു കണ്ണീരോർമ്മയായി മാറിയിരിക്കുന്നു.

●

# കോട്ടക്കൽ പ്രദീപിന് കലാമണ്ഡലം പുരസ്കാരം



**കോ**ട്ടക്കൽ നാട്യസംഘത്തിലെ കഥകളി വേഷം അദ്ധ്യാപകൻ ശ്രീ. കോട്ടക്കൽ പ്രദീപിന് കലാമണ്ഡലം കൽപ്പിത സർവ്വകലാശാല നൽകുന്ന ഈ വർഷത്തെ വി.എസ്. ശർമ്മ എൻഡോവ്മെന്റ് ലഭിച്ചു.

മറ്റു വിവിധ കലാകാരന്മാർക്കും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

കോട്ടക്കൽ പ്രദീപ് കഥകളി വേഷക്കാരൻ എന്നതിന് പുറമെ എട്ടോളം ആട്ടക്കഥകൾക്ക് രചനയും നിർവ്വഹിച്ചിട്ടുണ്ട്. ഈയിടെ ഒരു തുള്ളൽ കഥയും "ദ്വാരകാനാശം" രചിക്കുകയുണ്ടായി.

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ പുഞ്ചപ്പാടത്ത് വടക്കേപ്പാട്ട് പുത്തൻ പിഷാരത്ത് അരുണ ദേവിയുടെയും കരിമ്പുഴ പഴയ പിഷാരത്ത് ഉണ്ണികൃഷ്ണ പിഷാരോടിയുടെയും മകനാണ്.

ശ്രീ. പ്രദീപിന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

യാത്ര ഭാഗം 7

# രജ്പുത്താന

മുരളി ആനായത്ത്
ഫോൺ: 9495708403



**ദിൽവാര ജൈനക്ഷേത്രം:** ശ്വേതാംബര ജൈനന്മാരുടെ ക്ഷേത്രമാണിത്. രാജസ്ഥാനിൽ വേറേയും ജൈന ക്ഷേത്രങ്ങളുണ്ടെങ്കിലും അവയിൽ വെച്ച് ഏറ്റവും പ്രധാനപ്പെട്ടത് ഇതാണത്രെ. അഞ്ചു ക്ഷേത്രങ്ങളുടെ ഒരു സമുച്ചയമാണിത്. ഓരോ ക്ഷേത്രവും ഓരോ തീർത്ഥങ്കരന്മാർക്ക് സമർപ്പിതമായാണ് നിർമ്മിച്ചിരിക്കുന്നത്. ഇവിടെ ഫോട്ടോഗ്രാഫി തീർത്തും നിരോധിച്ചിട്ടുണ്ട്. ഇന്ത്യൻ ശില്പചാതുരിയുടെ മകുടോദാഹരണമാണ് ഈ ക്ഷേത്ര സമുച്ചയം.

1. **വിമൽവസാഹി:** ചാലൂക്യ രാജാവായ ഭീമാ ഒന്നാമന്റെ മന്ത്രിയായിരുന്ന വിമൽഷായുടെ മേൽനോട്ടത്തിൽ പതിനൊന്നാം നൂറ്റാണ്ടിലുണ്ടാക്കപ്പെട്ടതാണത്രെ ഈ ക്ഷേത്രം. ഒന്നാമത്തെ തീർത്ഥങ്കരനായ ആദിനാഥന്, അഥവാ ഋഷഭദേവന് സമർപ്പിതമായാണ് ഈ ക്ഷേത്രം നിർമ്മിയ്ക്കപ്പെട്ടിട്ടുള്ളത്. വെളുത്ത മാർബിളിൽ പണിതീർത്ത ഈ ക്ഷേത്രം കൊത്തുപണികളെക്കൊണ്ട് സമൃദ്ധമാണ്. പുറത്തു കാണുന്ന മണ്ഡപം പതിമൂന്നാം നൂറ്റാണ്ടിൽ ചേർക്കപ്പെട്ടതാണത്രേ. ഉള്ളിലൂടെയുള്ള ചുറ്റുവരാന്തയുടെ ചുമരിൽ ചെറിയ ചെറിയ അറകളും അവയിലോരോന്നിലും ഓരോ തീർത്ഥങ്കരന്മാരുടെ പ്രതിമകളും സ്ഥാപിച്ചിട്ടുണ്ട്. ശ്രീലകങ്ങളുടെ പുറംചുമരുകളും, മണ്ഡപത്തിന്റെ തൂണുകളും, മട്ടുപ്പാവുകളും എല്ലാം സൂക്ഷ്മങ്ങളും അതിമനോഹരവുമായ കൊത്തുവേലകൾകൊണ്ട് അലങ്കൃതമാണ്. താമര മൊട്ടുകൾ, പൂവുകൾ, ആനകൾ, കുതിരകൾ, പടയാളികൾ, സംഗീതജ്ഞർ, നർത്തകർ, ജൈന ഐതിഹ്യങ്ങളിൽ നിന്നുള്ള രംഗങ്ങൾ ഇവയൊക്കെ കൊത്തിവെച്ചിട്ടുള്ളത് നമുക്കു കാണാം. ഗൈഡ് ഗോപാൽജി പറഞ്ഞത് അക്കാലത്ത് പണിയെടുത്തിരുന്ന ശില്പികൾക്ക് മാർബിളിൽ കൊത്തുവേലചെയ്യുമ്പോൾ ബാക്കിയാവുന്ന മാർബിൾപ്പൊടിയുടെ തൂക്കത്തിന് ആനുപാതികമായ തൂക്കത്തിൽ സ്വർണ്ണമായിരുന്നു കൂലി എന്നാണ്!

2. **ലൂണാവസാഹി:** ജൈന തീർത്ഥങ്കരന്മാരിൽ ഇരുപത്തിരണ്ടാമനായ നേമി നാഥന്റെ ക്ഷേത്രമാണിത്. ഗുജറാത്ത് ഭരിച്ചിരുന്ന വീർധാവൽ എന്ന രാജാവിന്റെ മന്ത്രിമാരായ സഹോദരന്മാർ, വാസ്തുപാലും, തേജ് പാലും ചേർന്ന് 1230ൽ ആണത്രെ ഈ ക്ഷേത്രം നിർമ്മിച്ചത്. അവരുടെ ദിവംഗതനായ മൂത്ത സഹോദരൻ ലൂണിംഗയുടെ പേരിലാണ് ഈ ക്ഷേത്രം അറിയപ്പെടുന്നത്. ഇതിന്റെ നിർമ്മിതിയും വിമൽവസാഹിയോട് സാമ്യമുള്ളതാണ്. ഇതിലെ കൊത്തുവേലകൾ ഒരുപക്ഷേ വിമൽ വസാഹിയിലേതിനേക്കാൾ സൂക്ഷ്മവും ഗംഭീരവുമാണ് എന്ന് ഗോപാൽജി പറയുന്നു. ഇതിൽ വാസ്തുപാലിന്റെയും, തേജ്പാലിന്റെയും പത്നിമാർക്ക് സമർപ്പിതമായ രണ്ടു കുട്ടിമുറികളുണ്ട്. (ദേരാണി, ജേതാനി) രണ്ടിലും ലക്ഷ്മീദേവിയുടെയും, മൂന്നാമത്തെ തീർത്ഥങ്കരനായ ശാംഭവനാഥന്റെയും, പതിനാറാമത്തെ തീർത്ഥങ്കരനായ ശാന്തിനാഥന്റെയും വിഗ്രഹങ്ങളുണ്ട്. എകദേശം നൂറ്റിമുപ്പതോളം തൂണുകളുണ്ട്, അവയിൽ മുപ്പത്തെട്ടെണ്ണത്തിലും സമൃദ്ധമായ കൊത്തുപണികളുണ്ട്. ക്ഷേത്രത്തിനിടതു വശത്തായി കാണുന്ന കരിങ്കല്ലിൽ തീർത്ത കീർത്തിസ്തംഭം, മേവാർ രാജവംശത്തിലെ റാണാ കുംഭ് ചെയ്യിപ്പിച്ചതാണത്രെ.

3. **പിത്തൽഗാർ ക്ഷേത്രം:** ഇതും ആദിനാഥ (ഋഷഭദേവൻ) ക്ഷേത്രം തന്നെയാണ്. ഇതിന്റെ നിർമ്മാണം, അഹമ്മദബാദ് സുൽത്താൻ ബേഗഡയുടെ മന്ത്രിയായിരുന്ന ഭീമഷായുടെ മേൽനോട്ടത്തിലായിരുന്നു എന്നു പറയുന്നു. ഇവിടെ ആദിനാഥന്റെ പഞ്ചലോഹ വിഗ്രഹമാണ് പ്രതിഷ്ഠ. അതിനായുപയോഗിച്ച മുഖ്യ ലോഹം പിച്ചളയായതിനാലാണത്രെ പിത്തൽ ഗാർ എന്ന പേര് ഈ ക്ഷേത്രത്തിന് ലഭിച്ചത്. ഇതിൽ യക്ഷിണി ചക്രേശ്വരിയുടെയും, യക്ഷൻ ഗോമുഖന്റെയും പ്രതിമകളുമുണ്ട്.

4. **പാർശ്വനാഥ ക്ഷേത്രം:** മറ്റു മൂന്നു ക്ഷേത്രങ്ങളുടെ നിർമ്മാണ ശേഷം ബാക്കി വന്ന നിർമ്മാണ സാമഗ്രികളുപയോഗിച്ചാണത്രെ ഇതിന്റെ നിർമ്മാണം! ഏതോ ‘സങ്വി’ കുടുംബം ആയിരു

ന്നുവത്രെ ഇതിന്റെ നിർമ്മിതി ഏറ്റെടുത്ത് നടത്തിയത്. ഇവിടെ ഇരുപത്തിമൂന്നാമത്തെ തീർത്ഥങ്കരനായ പാർശ്വനാഥനാണ് പ്രതിഷ്ഠ. ഇതിന്റെ ശ്രീകോവിലിന് മൂന്നു നിലയുണ്ട്. അതുകൊണ്ട്തന്നെ ഈ ക്ഷേത്ര സമുച്ചയത്തിലെ എറ്റവും ഉയരമുള്ള ശ്രീകോവിൽ ഇതാണ്. ശ്രീകോവിലിനോട് ചേർന്ന് നാലുവശത്തും മണ്ഡപമുണ്ട്. അവയിൽ നാലു ദിശകളിലുമായി ഓരോ പാർശ്വനാഥവിഗ്രഹങ്ങളുമുണ്ട്. ശ്രീകോവിലിന്റെ പുറംചുമരുകളിൽ ചാര നിറമുള്ള മാർബിളിൽ ചെയ്തിട്ടുള്ള കൊത്തു വേലകൾ നിരവധിയാണ്. ദിക് പാലകന്മാരും, യക്ഷിണികളും, സാലഭഞ്ജികമാരുമൊക്കെയുണ്ട് കൊത്തിവെച്ചവയിൽ. കൊണാർക്കിലെ കൊത്തു പണികളോട് സാദൃശ്യമുണ്ടിതിന് എന്ന്, അപരിചിതരായ ചില സന്ദർശകരുടെ സംസാരത്തിൽ കേട്ടു. ഗോപാൽജിയോട് ചോദിച്ചപ്പോൾ അദ്ദേഹത്തിന് അറിയില്ല എന്നു പറഞ്ഞു. താരതമ്യം നടത്താൻ ഞാനും കൊണാർക്ക് കണ്ടിട്ടില്ല.

**5. മഹാവീർസ്വാമി ക്ഷേത്രം:** 1582 ലെ നിർമ്മിതിയായ ഈ ക്ഷേത്രം ഇരുപത്തിനാലാമത്തെ തീർത്ഥങ്കരനായ വർദ്ധമാന മഹാവീരന് സമർപ്പിതമാണ്. ഇവിടെയും ധാരാളം കൊത്തുപണികളുണ്ട്. പൂക്കൾ, മയിലുകൾ, കുതിരകൾ, ആനകൾ, നർത്തകിമാർ ഇവയൊക്കെ കൊത്തിവെച്ചിട്ടുണ്ട്. ഗോപുരത്തിന്റെ മേൽച്ചുമരുകളിൽ സിരോഹിയിലെ കലാകാരന്മാർ ചെയ്ത പെയിന്റിംഗുകളുമുണ്ട്. ഈ ചിത്രപ്പണികൾ ചെയ്തത് 1764–ലാണത്രെ. ഒരു ഫോട്ടോപോലും എടുക്കാൻ കഴിഞ്ഞില്ലല്ലോ എന്ന സങ്കടത്തോടെ ഞങ്ങൾ ദിൽവാര ക്ഷേത്രസമുച്ചയത്തോട് വിട പറഞ്ഞു.

ഇതിനടുത്തായി പ്രണയ ജോഡികളായ കുമ്പാരി കന്യയുടെയും, രസിയ ബാലത്തിന്റെയും ചെറിയ ക്ഷേത്രമുണ്ടെന്ന് ജീപ് ഡ്രൈവർ പറഞ്ഞിരുന്നു. ദുരന്തത്തിലൊടുങ്ങിയ ഇവരുടെ അനശ്വര പ്രണയവും, നക്കി തടാകം എന്ന പ്രണയ സരോവരവും ഈ ക്ഷേത്രവും എല്ലാം ബന്ധപ്പെടുത്തിയ ഐതിഹ്യം ഗോപാൽജി പറഞ്ഞത് ഏറെക്കുറെ എനിയ്ക്ക് മനസ്സിലാക്കിയെടുക്കാനായി. ഞങ്ങൾ ഒരോട്ട പ്രദക്ഷിണത്തിൽ ആ ക്ഷേത്രവും ദർശിച്ചു വന്നു.

ജീപ്പ് താഴേയ്ക്ക് വരുമ്പോൾ ഇടയ്ക്ക് റോഡിനു വലതുവശത്തായി ജലമൊഴുകുന്നത് മരങ്ങൾക്കിടയിലൂടെ കാണുന്നുണ്ടായിരുന്നു. ഡ്രൈവറോട് ചോദിച്ചപ്പോൾ ബനാശ് നദിയാണ് എന്ന് പറഞ്ഞു. ഉദയ്പൂരിലുള്ള ബനാശ് നദിതന്നെയാണോ ഇത് എന്ന് ചോദിച്ചപ്പോൾ അല്ല ഇത് വേറെ നദിയാണ് എന്നു പറഞ്ഞു. ഗോപാൽജിയോട് ചോദിച്ചപ്പോൾ കുറച്ചു കാര്യങ്ങൾ കിട്ടി. ബനാശ് എന്നുവെച്ചാൽ, വൻ കി ആശ – കാടിന്റെ പ്രതീക്ഷ എന്നാണത്രെ. ഈ നദി മൗണ്ട് ആബു പർവ്വത ശിഖരങ്ങളിൽ ഉത്ഭവിച്ച് അമ്പത് കിലോമീറ്ററോളം രാജസ്ഥാനിലൂടെ ഒഴുകി ഗുജറാത്തിലേയ്ക്ക് കടക്കും. ഇതിനെ പടിഞ്ഞാറൻ ബനാശ് നദി എന്നാണത്രെ പറയുക. ഉദയ്പൂരിൽ നമ്മൾ കേട്ട ബനാശ് നദിയാവട്ടെ, കുംഭാൽഗർനടുത്തുനിന്നാണ് ഉത്ഭവിയ്ക്കുന്നത്. അത് പൂർണ്ണമായും രാജസ്ഥനിലൂടെതന്നെ ഒഴുകി ചമ്പൽ നദിയിൽ ചേരും. ചമ്പൽനദി യമുനയിലും, യമുന ഗംഗയിലും ചേരും.


ഞങ്ങൾ പിന്നീട് ബ്രഹ്മകുമാരീസിന്റെ അന്താരാഷ്ട്ര ആസ്ഥാനം കാണാനാണ് പോയത്. ബ്രഹ്മകുമാരീസ് എന്നത് നൂറ്റിമുപ്പതിലധികം രജ്യങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഒരു ആദ്ധ്യാത്മിക പ്രസ്ഥാനമാണ്. ആത്മീയകാര്യങ്ങളിൽ അതീവതല്പരനായിരുന്ന ദാദാ ലേഖരാജ് കൃപലാനി എന്ന ഒരു ഇന്ത്യൻ ബിസിനസ്സുകാരൻ പ്രവൃത്തിയിൽനിന്ന് വിരമിച്ചശേഷം സ്ഥാപിച്ചതാണ് ഈ പ്രസ്ഥാനം.

ഇപ്പോൾ പാക്കിസ്ഥാനിലുള്ള ഹൈദരാബാദിൽ 1937ൽ 'ഓംമണ്ഡലി' എന്ന പേരിലായിരുന്നു ഇതിന്റെ തുടക്കം. ഒരുവർഷത്തിനുള്ളിൽ ആസ്ഥാനം കറാച്ചിയിലേയ്ക്ക് മാറി. പിന്നീട് ഭാരത വിഭജനത്തിനുശേഷം 1950–ലാണ് മൗണ്ട് ആബുവിലേയ്ക്ക് മാറിയത്. ഇവിടെനിന്നാണ് ഈ പ്രസ്ഥാനം വളർന്ന് പന്തലിച്ചത്. വ്യക്തികളെ കേവല ഭൗതികതയിൽനിന്ന് ആത്മീയതയിലേയ്ക്ക് ഉയർത്താനും, അതുവഴി ലോകനന്മയ്ക്കും വേണ്ടി പ്രവർത്തിക്കുകയാണ് ഇവരുടെ ലക്ഷ്യം.

ശിവഭഗവാൻ ബ്രഹ്മാവിന് പകർന്ന് നല്കിയ ജ്ഞാനം വിവരിയ്ക്കുന്ന ഒരു മ്യൂസിയം ഉണ്ടിവിടെ. ഞങ്ങളെ ഒരു സ്വാമി വന്ന് പരിചയപ്പെട്ടു. ഞങ്ങൾ കേരളത്തിൽനിന്നാണ്, ആദിശങ്കരന്റെ നാട്ടിൽനിന്ന് എന്നദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം അതുകേട്ട് ഉള്ളുതുറന്നു ചിരിച്ചു. ഞങ്ങളെ അകത്തേയ്ക്ക് കൂട്ടിക്കൊണ്ടു പോയി ഒരു ഹാളിൽ എല്ലാവരേയും ഇരുത്തി, അദ്ദേഹം ഞങ്ങൾക്കഭിമുഖമായി നിന്ന് അരമണിക്കൂർനേരം ഹിന്ദിയിൽ ഒരാത്മീയ പ്രഭാഷണം നടത്തി. ഉള്ളിൽ ശാന്തി നിറയ്ക്കുന്ന വാക്കുകളായിരുന്നു. ഏഴുമണിയോടെ സന്ദർശകർക്കനുവദിച്ച സമയം തീരുകയാണത്രേ. ഞങ്ങൾ സ്വാമിയോട് നന്ദിപറഞ്ഞ് പുറത്തു കടന്നു. ഏഴുമണിയായിട്ടും പുറത്ത് ഇരുട്ടായിട്ടില്ല. ഞങ്ങൾ നക്കി തടാകത്തിലേയ്ക്കാണ് പിന്നെപ്പോയത്.

തുടരും...

# വൈവാഹികം





Proposals are invited from parents of educated Pisharody girls for a Mumbai based Pisharody boy of age 28 years, working in an Investment Bank, Engineer by education. Part of YEP12@AICHYK, Spiritually inclined. Interested parents please contact the below numbers:

**Contact: 9323049788 / 7021599277**

1172 തുലാം 24 നു (09-11-1996) ശനിയാഴ്ച 09:08 PM നു ചിത്ര നക്ഷത്രം നാലാം പാദത്തിൽ പുരുഷ ജനനം. ശിഷ്ടദശ: 01-11-08 കുജദശ.

---





Handsom Warrier boy, 25 years, 5’8”, vegetarian, Doctor doing PG (Surgery) in U.K.
Alliance sought from parents of suitable girls (any profession) with horoscope and details.

**Contact: 6282261727 / 8289927383**

ജനന തിയ്യതി: 10-06-1999 (1174 ഇടവം 27)
അശ്വതി - 11.45 AM. Place of Birth: Thrissur

---




Proposals are invited from parents of Pisharody Girls for a Pisharody Boy, 28 years, Height – 179cm, M Tech, working as software engineer, in a multinational IT Company, Chennai. Interested parents may please respond with horoscope.

**Contact: 9444955030**

1996 മെയ് മാസം 21ന് (കൊല്ലവർഷം 1171 എടവം 7) ചൊവ്വാഴ്ച രാത്രി 11 മണി 11 മിനുട്ടിന് പുണർതം നക്ഷത്രത്തിൽ പുണ്യകുമാരൻ സംജനനം ജന്മശിഷ്ടം ഗുരുദശ - 10 വർഷം 0 മാസം 28 ദിവസം.



# സ്മരണാഞ്ജലികൾ

## 2-ാം ചരമവാർഷികം

(04.02.2025)

## കാടമുറി പിഷാരത്ത്
# ശാന്തമ്മ പിഷാരസ്യാർ
ആലങ്ങാട്

മരണം: 04.02.2023

സ്നേഹസ്മരണകളോടെ.....

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ |
|---|---|---|
| സേതു | ശ്രീരേഖ (Late) | ഗോപിക, ശ്രീയ |
| ജയൻ | അപർണ്ണ | ജഗൻ കൃഷ്ണ, സാകേത് കൃഷ്ണ |
| വിജയൻ | സ്വപ്ന | പൂജ, സിദ്ധനാഥ് |

# തുളസീദളം വരിസംഖ്യ അടച്ച് സഹകരിക്കുക

വരിസംഖ്യ അടക്കുന്നവർക്കെല്ലാം എല്ലാ മാസവും മാസിക കൃത്യമായി പോസ്റ്റ് ചെയ്യുന്നുണ്ട്. വരിക്കാർക്ക് ആർക്കെങ്കിലും കിട്ടാതെ വരുന്നുണ്ടെങ്കിൽ അത് പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് പ്രവർത്തനങ്ങളുടെ അപാകത മൂലമാണ്.

ഇപ്പോൾ പ്രവർത്തനം മന്ദീഭവിച്ച കണ്ണൂർ, കോഴിക്കോട്, ബാംഗ്ലൂർ, പൂന, കടുത്തുരുത്തി ശാഖകളിലേക്കും സ്ഥിരമായി മാസിക അയക്കുന്നുണ്ട്. പക്ഷെ പലരുടെയും വരിസംഖ്യ ലഭിക്കുന്നില്ല. മേൽപ്പറഞ്ഞ ശാഖകളിലെ വരിക്കാർ അത് നേരിട്ട് മാനേജർക്ക് അയച്ചു തരുവാൻ അഭ്യർത്ഥിക്കുന്നു.

മാർച്ച് മാസത്തിനുള്ളിൽ വരിസംഖ്യ കുടിശ്ശികയടക്കം നൽകാത്തപക്ഷം ഏപ്രിൽ മുതൽ അവർക്ക് മാസിക അയക്കുന്നത് നിർത്തലാക്കുന്നതാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും സംശയമുള്ളപക്ഷം മാനേജരെ നേരിട്ട് ബന്ധപ്പെടാവുന്നതാണ്.

**ആർ.പി. രഘുനന്ദനൻ**
മാനേജർ
ഫോൺ: 9892240547

# ചെസ്സ് പഠിക്കാം



# PISHARODY SAMAJAM GUEST HOUSE


Near Temple Police Station, Melpathoor Road, Thekke Nada, Guruvayoor

Ph: 0487 25 58 801, +91 62 38 743319

online booking: www.pisharodyptdt.com

## TARIFF

| | |
|---|---|
| ORDINARY DOUBLE ROOM | 750 |
| ORDINARY AC DOUBLE ROOM | 1200 |
| ORDINARY ROOM 3 BED | 900 |
| ORDINARY AC ROOM – 3 BED | 1500 |
| AC ROOM – 2 BED WITH TV | 1500 |
| ORDINARY DOORMITORY 8 BED | 1500 |







Devadheyam AUDITORIUM

**AVAILABLE A/C NON A/C AUDITORIUM**

*Online Payments*

PhonePe

Paytm

Google Pay

**AUTO / TAXI ON DEMAND**

# ശാഖാവാർത്തകൾ

## പാലക്കാട്

ശാഖയുടെ പത്തൊമ്പതാം വാർഷികവും പുതുവത്സരാഘോഷവും 12-01-2025ന് ചാത്തമുത്തിക്കാവ് ഭഗവതി ക്ഷേത്രം (കല്ലേക്കുളങ്ങര) സപ്താഹം ഹാളിൽ വച്ച് സമുചിതമായി കൊണ്ടാടി. കുമാരിമാർ ഗോപിക, മാളവിക എന്നിവരുടെ പ്രാർത്ഥനക്ക് ശേഷം ക്ഷണം സ്വീകരിച്ച് യോഗത്തിന് എത്തിച്ചേർന്നിരുന്ന ഏവർക്കും സെക്രട്ടറി വി പി മുകുന്ദൻ സ്വാഗതം പറഞ്ഞതിനോടൊപ്പം എല്ലാവർക്കും പുതുവത്സര ആശംസകൾ നേരുകയും ചെയ്തു.

യോഗത്തിന് എത്തിച്ചേർന്നിരുന്ന വിശിഷ്ടാതിഥി കേന്ദ്ര പ്രസിഡണ്ട് ശ്രീ. ആർ. ഹരികൃഷ്ണ പിഷാരടി, തുളസീദളം മാനേജർ ശ്രീ. ആർ.പി. രഘുനന്ദനൻ, മറ്റു ശാഖ ഭാരവാഹികൾ എന്നിവർ ചേർന്ന് ദീപ പ്രോജ്ജ്വലനം നിർവ്വഹിച്ചു. പ്രസിഡണ്ട് ശ്രീ. എ.പി. ഉണ്ണികൃഷ്ണൻ യോഗത്തിൽ എത്തിച്ചേർന്ന ഏവരെയും അഭിസംബോധന ചെയ്ത് സംസാരിച്ചു. ക്ഷണം സ്വീകരിച്ച് എത്തിച്ചേർന്ന കേന്ദ്ര പ്രസിഡണ്ട്, തുളസീദളം മാനേജർ, കോങ്ങാട് പ്രസിഡണ്ട് എന്നിവരെയും പ്രത്യേകം സ്വാഗതം ചെയ്തു. കേന്ദ്ര പ്രസിഡണ്ട് തന്റെ പ്രഭാഷണത്തിൽ ശാഖയുടെ പ്രവർത്തനത്തിൽ സന്തോഷം പ്രകടിപ്പിച്ചു. കോങ്ങാട് പാലക്കാട് ശാഖകളിൽ ധാരാളം കലാകാരന്മാർ ഉള്ള സ്ഥിതിക്ക് രണ്ട് ശാഖകളും ചേർന്ന് കുറേ നല്ല പരിപാടികൾ അസൂത്രണം ചെയ്താൽ നന്നായിരിക്കും എന്ന് അഭിപ്രായപ്പെട്ടു. യോഗത്തിൽ എത്തിച്ചേർന്ന മുതിർന്ന മൂന്നു പേരെ ആദരിക്കുകയും 80 വയസ്സ് കഴിഞ്ഞ വ്യക്തിയെ ആദരിക്കുകയും ചെയ്തു. പാലക്കാട് ശാഖയിൽ നിന്നും ഈ വർഷം നല്ല മാർക്കോടെ പാസായി കേന്ദ്രത്തിൽ നിന്നും അവാർഡ് വാങ്ങിയ കുട്ടികളെ പ്രത്യേകം മെമെന്റോയും കാഷ് അവാർഡും കൊടുത്ത് അനുമോദിച്ചു.

തുടർന്ന് സെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ വാർഷിക കണക്കുകൾ അവതരിപ്പിച്ചതിനു ശേഷം റിപ്പോർട്ടും വാർഷിക കണക്കും സഭ അംഗീകരിച്ചു. പിന്നീട് അടുത്ത രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. എ.പി. ഉണ്ണികൃഷ്ണൻ (രക്ഷാധികാരി), എ.പി. സതീഷ് കുമാർ (പ്രസിഡണ്ട്), ടി.പി. ഉണ്ണികൃഷ്ണൻ (വൈസ് പ്രസിഡണ്ട്), വി.പി. മുകുന്ദൻ (സെക്രട്ടറി), എം.പി. രാമചന്ദ്രൻ (ജോ. സെക്രട്ടറി), ടി.പി. ബാലകൃഷ്ണൻ (ഖജാൻജി) കൂടാതെ ഇന്റേണൽ ഓഡിറ്ററേയും മറ്റ് ഒമ്പതംഗ കമ്മിറ്റി മെമ്പർമാരെയും തിരഞ്ഞെടുത്തു. പുതിയ പ്രസിഡണ്ടായി സ്ഥാനമേറ്റ ശ്രീ. സതീഷ് കുമാർ തുടർന്ന് സഭയെ അഭിസംബോധന ചെയ്തു. ശ്രീ. ടി.പി. ഉണ്ണികൃഷ്ണൻ ഏവർക്കും നന്ദി രേഖപ്പെടുത്തി.

പിന്നീട് നാരായണീയം വളരെ ഭംഗിയായി പാരായണം ചെയ്തു. ശ്രീ. ആദിത്യൻ കോങ്ങാട് കഥകളി സംഗീതം അവതരിപ്പിച്ചു. ശ്രീ. രഞ്ജിത്ത് സോപാനസംഗീതവും അവതരിപ്പിച്ചു. രണ്ടു പരിപാടികളും എല്ലാവരും ആസ്വദിച്ചു. കുമാരി കൃഷ്ണയുടെ സെമി ക്ലാസിക്കൽ ഡാൻസിനും, വളരെ ഭംഗിയായി അവതരിപ്പിക്കപ്പെട്ട വനിത അംഗങ്ങളുടെ തിരുവാതിരക്കളിക്കും അംഗങ്ങൾ കയ്യടികളോടെ പ്രോത്സാഹനം നൽകി. അർപ്പിത-അപൂർവ്വമാരുടെ ഡാൻസും മനോഹരമായിരുന്നു. കുമാരി ഗാഥയുടെ മോഹിനിയാട്ടവും സദസ്സിന് ഇഷ്ടപ്പെട്ടു. ശ്രീ. എ. രാമചന്ദ്രന്റെ ഹിന്ദുസ്ഥാനി സംഗീതവും ആർ. രാമഭദ്രന്റെ കഥകളി സംഗീതവും ശ്രീ. എസ്.എം. ഉണ്ണികൃഷ്ണന്റെ കർണാട





ക സംഗീതവും നല്ല നിലവാരം പുലർത്തി. അനുപിന്റെയും പി.പി. നാരായണന്റെയും പി.പി. മോഹനന്റെയും സിനിമാഗാനങ്ങളും കാണികൾക്ക് ശ്രവ്യ വിരുന്നു നൽകി. കേന്ദ്ര പ്രസിഡണ്ട് ശ്രീ. ആർ. ഹരികൃഷ്ണപിഷാരടി അന്തരിച്ച സുപ്രസിദ്ധ സിനിമാ ഗായകൻ പി. ജയചന്ദ്രന്റെ സ്മരണയിൽ ചില ഗാനങ്ങൾ ആലപിച്ചു.

ദേശീയ ഗാനാലാപനത്തോടെ യോഗം 5 മണിക്ക് സമംഗളം പര്യവസാനിച്ചു.

വാർഷികത്തിന്റെ കൂടുതൽ
ചിത്രങ്ങൾ കാണുവാൻ
QR കോഡ്
സ്കാൻ ചെയ്യുക

## മുംബൈ

ശാഖയുടെ 447-ാമത് ഭരണസമിതി യോഗം 12-01-2025നു വീഡിയോ കോൺഫറൻസ് വഴി 11.30 am നു പ്രസിഡണ്ട് ശ്രീ. എ.പി. രഘുപതിയുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. പി. വിജയന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു.

ഇക്കഴിഞ്ഞ കാലയളവിൽ അന്തരിച്ച ശാഖാ അംഗങ്ങൾക്കും സമുദായാംഗങ്ങൾക്കും മറ്റു പ്രമുഖ വ്യക്തികൾക്കും അനുശോചനം രേഖപ്പെടുത്തി. സെക്രട്ടറി മുൻ യോഗ റിപ്പോർട്ട് അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. ഖജാൻജി അവതരിപ്പിച്ച കണക്കുകളും അംഗീകരിച്ചു. കൂടാതെ വാർഷികാഘോഷത്തിന്റെ മൊത്തത്തിലുള്ള വരവ് ചിലവ് കണക്കുകൾ അവതരിപ്പിച്ചതും യോഗം അംഗീകരിച്ചു.

പുതിയ ആജീവനാന്ത അംഗത്വ അപേക്ഷകൾ യോഗം പരിശോധിച്ച് ആനന്ദ് എസ്. കുമാർ, ഡോ. എൻ.പി. ഭവ്യജ, അഖിൽ ഗോപികുമാർ, റോണക് പിഷാരോടി എന്നിവർക്ക് അംഗത്വം നൽകി. പിഷാരോടി എഡ്യൂക്കേഷണൽ സൊസൈറ്റി അംഗത്വത്തിനായി അപേക്ഷിച്ച സുനിൽ നാരായണൻ, രശ്മി സുനിൽ എന്നിവരുടെ അപേക്ഷയും അംഗീകരിച്ച് കേന്ദ്രത്തിലേക്ക് അയക്കുവാൻ തീരുമാനിച്ചു.

വാർഷികാഘോഷ പരിപാടികളുടെ അവലോകനം നടത്തി. പരിപാടികളുടെ നിലവാരത്തിലും സമയക്രമത്തിലും കാണികളുടെ പങ്കാളിത്തത്തിലും മികച്ചതായിരുന്നു ഇത്തവണത്തേത് എന്ന് യോഗം വിലയിരുത്തി. ക്ഷേത്രകലകളിൽ ഇക്കുറി അവതരിപ്പിച്ച ശീതങ്കൻ തുള്ളലും നല്ല നിലവാരം പുലർത്തിയെന്നും യോഗം വിലയിരുത്തി. കേന്ദ്ര ഭാരവാഹികളിൽ നിന്നും മറ്റു ശാഖകളിൽ നിന്നും വളരെ നല്ല അഭിപ്രായമാണ് ലഭിച്ചതെന്നും സെക്രട്ടറി അഭിപ്രായപ്പെട്ടു. സമാജം നൽകി വരുന്ന വിവിധ അവാർഡുകൾക്ക് വരും വർഷങ്ങളിൽ അംഗങ്ങളിൽ നിന്നും കൂടുതൽ ശ്രദ്ധ വേണ്ടതുണ്ടെന്നും ഫെബ്രുവരിക്ക് മുമ്പായി തന്നെ കേന്ദ്ര അവാർഡുകൾക്കുള്ള നിബന്ധനകൾ പാലിക്കാൻ എല്ലാവരെയും ഓർമ്മിപ്പിക്കണമെന്നും സെക്രട്ടറി ഏരിയ അംഗങ്ങളെ ഓർമ്മിപ്പിച്ചു.

പുതുതായി ആരംഭിച്ച മഹിളാ യുവ വിംഗുകൾ അവരുടേതായ യോഗം ചേർന്ന് ഭാവി പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ടെന്നും യോഗം അഭിപ്രായപ്പെട്ടു. തുടർന്ന് അടുത്ത യോഗം ഫെബ്രുവരി 23നു ശ്രീ. വി.പി. മുരളീധരന്റെ സാന്റാക്രൂസിലുള്ള വസതിയിൽ ചേരുവാൻ തീരുമാനിച്ച്, സെക്രട്ടറിയുടെ നന്ദിപ്രകാശനത്തോടെ യോഗം സമാപിച്ചു.

## ചൊവ്വര

ശാഖയുടെ ജനുവരി മാസ യോഗം 12-01-25നു 3.30 pmന് ആലുവ കുട്ടമശ്ശേരി ശ്രീ. എസ്.എം. സതീശന്റെ വസതി ട്രിനിറ്റി പെരിയാർ വിന്റ്സിൽ വെച്ച് പ്രസിഡണ്ട് ശ്രീ. കെ. വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ ശ്രീ. കെ. ഹരിയുടെ ഈശ്വരപ്രാർത്ഥന, ശ്രീ. കെ.പി. രവിയുടെ നാരായണീയ പാരായണം എന്നിവയോടെ ആരംഭിച്ചു.

കഴിഞ്ഞ ഒരു മാസത്തിനിടയിൽ നിര്യാതരായ ബന്ധു ജനങ്ങളുടെയും മറ്റു പ്രമുഖ വ്യക്തികളുടെയും സ്മരണയിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ഗൃഹനാഥൻ സന്നിഹിതരായ എല്ലാ സ്വജനങ്ങളെയും യോഗത്തിലേക്കു സ്വാഗതം ചെയ്തു. അദ്ധ്യക്ഷപ്രസംഗത്തിൽ ശാഖയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. രവി, വിജയൻ എന്നിവർ ഗസ്റ്റ് ഹൗസ്, തുളസീദളം എന്നിവയുടെ കാര്യങ്ങൾ സംസാരിച്ചു.

കഴിഞ്ഞ മാസത്തെ റിപ്പോർട്ട് ശ്രീ. വിജയനും കണക്കുകൾ ശ്രീ. മധുവും വായിച്ചത് യോഗം പാസ്സാക്കി. ക്ഷേമനിധി നറുക്കെടുപ്പും നടത്തി. അടുത്ത മാസത്തെ യോഗം 16-02-2025 ഞായറാഴ്ച 3.30 pmന് മേക്കാട് ശ്രീ. ദേവേശന്റെ വസതി, നന്ദനം, റോസ് ഗാർഡൻസിൽ വെച്ച് ചേരുവാൻ

തീരുമാനിച്ചു. ശ്രീ. സി. സേതുമാധവന്റെ നന്ദിയോടെ യോഗം സമാപിച്ചു.

## തിരുവനന്തപുരം

ശാഖയുടെ ജനുവരി മാസ കുടുംബസംഗമം ജനുവരി 12ന് വെള്ളയമ്പലം ആൽത്തറ നഗർ ചൈതന്യയിലുള്ള ശ്രീ. കെ.ജി. രാധാകൃഷ്ണന്റെയും ശ്രീമതി കലാദേവിയുടെയും വസതിയിൽ നടന്നു. കുടുംബസംഗമത്തിലേക്ക് ശ്രീ. രാധാകൃഷ്ണൻ അംഗങ്ങളെ സ്വാഗതം ചെയ്തു, ശ്രീമതി ഗീത ആർ. കുട്ടി പ്രാർത്ഥന നടത്തി. കഴിഞ്ഞ മാസം അന്തരിച്ച ശാഖയുടെ മുൻ പ്രസിഡണ്ടും രക്ഷാധികാരിയുമായിരുന്ന ശ്രീ. എ.പി.ആർ. ഉണ്ണിയുടെ സ്മരണക്കായി ഒരു മിനിറ്റ് മൗനം ആചരിച്ചു.

ശ്രീ. എൻ. ഉണ്ണികൃഷ്ണൻ നവംബർ മാസത്തെ റിപ്പോർട്ട് വായിച്ചു, ശ്രീ. പി.പി. അനൂപ് ശാഖയുടെ കണക്കുകൾ അവതരിപ്പിച്ചു. കഴിഞ്ഞ വർഷത്തെ പോലെ ശ്രീ. കെ.ജി. രാധാകൃഷ്ണൻ പുതുവത്സര കലണ്ടർ സ്പോൺസർ ചെയ്തു, ആദ്യത്തേത് ശ്രീ. പി.ജി. ഗോപിനാഥിന് സമ്മാനിച്ചു കൊണ്ട് എല്ലാ അംഗങ്ങൾക്കും കലണ്ടർ കൈമാറി. തുടർന്ന് ശാഖയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു പൊതു ചർച്ച നടന്നു. ശേഷം വനിതാ അംഗങ്ങളുടെ തിരുവാതിര നൃത്താവിഷ്കാരവും നടന്നു. പങ്കെടുക്കുത്തവർ: ശ്രീമതിമാർ അംബിക, സത്യഭാമ, ഗീത ആർ. കുട്ടി, ജയ, കലാദേവി, സുമംഗല ഗോപിനാഥ്, ആരതി ടി.പി., ഗീത കെ.യു. തുടർന്ന് ശ്രീമതി പത്മാവതി പിഷാരസ്യാർ ഭക്തിഗാനവും തിരുവാതിര ഗാനവും ആലപിച്ചു. ശ്രീമതി സത്യഭാമ ഒരു ഭക്തിഗാനവും ശ്രീ. എൻ. ഉണ്ണികൃഷ്ണൻ ശിവനെക്കുറിച്ചുള്ള സംസ്കൃത ശ്ലോകവും ആലപിച്ചു. ഹർഷിത് വിഷ്ണു ഒരു ചലച്ചിത്ര ഗാനവും ആലപിച്ചു.

ഫെബ്രുവരി മാസത്തെ യോഗം ശ്രീ. അനൂപ് പി.പിയുടെ വസതിയിൽ നടത്താൻ തീരുമാനിച്ച് (തീയതി വാട്ട്സ്ആപ്പ് ഗ്രൂപ്പ് വഴി അറിയിക്കുന്നതാണ്) കുടുംബസംഗമം ഒരുക്കിയ ശ്രീ. കെ.ജി. രാധാകൃഷ്ണന് ശ്രീ. മുരളീധരൻ നന്ദി പറഞ്ഞു കൊണ്ട് യോഗം പര്യവസാനിച്ചു.

## തൃശൂർ

ശാഖയുടെ ജനുവരി മാസ യോഗം 18-01-2025ന് കലാനിലയം ശ്രീ. അനിൽകുമാറിന്റെ പൂങ്കുന്നത്തുള്ള ഹരിത അപ്പാർട്ട്മെന്റിൽ വെച്ച് വൈസ് പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്ര പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ കുമാരിമാർ ശ്രീബാല, ശ്രീഭദ്ര എന്നിവരുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. ശ്രീമതി ഉഷ ചന്ദ്രൻ, ശ്രീ. സി.പി. അച്യുതൻ എന്നിവരുടെ നേതൃത്വത്തിൽ നാരായണീയം എട്ടാം ദശകം എല്ലാവരും ചേർന്ന് ചൊല്ലി. ഡിസംബറിൽ ഈ ലോകം വിട്ടു പോയ സമുദായാംഗങ്ങൾക്കൊപ്പം മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും അഭിമാനമായ എം.ടി. വാസുദേവൻ നായർ, ഭാവഗായകൻ പി. ജയചന്ദ്രൻ എന്നിവരുടെയും ദു:ഖസ്മരണകളിൽ അനുശോചനം രേഖപ്പെടുത്തി. ഗൃഹനാഥൻ ശ്രീ. അനിൽകുമാർ ഏവർക്കും സ്വാഗതമാശംസിച്ചു. അദ്ധ്യക്ഷ ഭാഷണത്തിൽ ശ്രീ. എ. രാമചന്ദ്ര പിഷാരോടി തുളസീദളം കലാ സാംസ്ക്കാരിക സമിതിയുടെ ഇതുവരെ നടന്ന പ്രവർത്തനങ്ങൾ വിവരിച്ചു. മറ്റു വിവിധ ശാഖകളിലെയും അംഗങ്ങളെയും കുട്ടികളെയും പങ്കെടുപ്പിച്ചു കൊണ്ട് കഴിയുന്നതും ഏപ്രിൽ മാസത്തിൽ സമിതിയുടെ മഹാ സമ്മേളനം നടത്തണമെന്നും അതിലേക്ക് മുഖ്യ അതിഥിയായി ശ്രീ. രമേശ് പിഷാരോടിയെ ക്ഷമിക്കണമെന്നുള്ള ലക്ഷ്യമിട്ടുകൊണ്ട് പദ്ധതി ആവിഷ്ക്കരിച്ചതായും അദ്ദേഹം യോഗത്തെ അറിയിച്ചു. കഴിഞ്ഞ മാസത്തെ പ്രവർത്തന റിപ്പോർട്ട് സെക്രട്ടറി ശ്രീ. എ.പി. ജയദേവനും കണക്കുകൾ ശ്രീ. ആർ.പി. രഘുനന്ദനനും അവതരിപ്പിച്ചത് പാസാക്കി. വരിസംഖ്യ പിരിവ് ഏകദേശം പൂർത്തിയായതായി ശ്രീ. രഘുനന്ദനൻ അറിയിച്ചു.

ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ മേയ് 25ന് കേന്ദ്ര വാർഷികം നടത്താൻ ഉദ്ദേശിക്കുന്നതായി യോഗത്തെ അറിയിച്ചു. ഗുരുവായൂർ ഗസ്റ്റ് ഹൌസ് കാലത്തിന്നനുസൃതമായിവളരെ മികച്ച രീതിയിൽ സജ്ജീകരിച്ചിട്ടുണ്ടെന്നും ഇപ്പോൾ ധാരാളം പേർ മുറികൾ ബുക്ക് ചെയ്യാൻ എത്തുന്നുണ്ടെന്നും സാമ്പത്തികമായി വളരെ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ശ്രീ. ഗോപകുമാർ അറിയിച്ചു.

തുളസീദളം കലാ സാംസ്ക്കാരിക സമിതിയെപറ്റി ശ്രീ. ഗോവിന്ദ പിഷാരോടിയുടെ സംശയങ്ങൾക്ക് തുളസീദളം കലാ സാംസ്കാരിക സമിതി സെക്രട്ടറി ശ്രീ. ഗോപൻ പഴുവിൽ മറുപടി പറഞ്ഞു. സമിതിയുടെ ആത്യന്തികമായ ലക്ഷ്യം യുവതലമുറയുടെ വിവിധ കഴിവുകളെയും അഭിരുചികളെയും പ്രോത്സാഹിപ്പിക്കുക, അവരിൽ നേതൃത്വ പാടവം വളർത്തുക, അരങ്ങുകൾ നൽകു

ക തുടങ്ങിയവയാണ്. അതിനു വേണ്ടി യുവജന ങ്ങളെയും കുട്ടികളെയും ചേർത്ത് കുമാരി അനാമിക പ്രസിഡണ്ടായും കുമാരി ഗൗരി ഗോപി സെക്രട്ടറി ആയും ഒരു താൽക്കാലിക ഭരണ സമിതി രൂപീകരിച്ചു കഴിഞ്ഞുവെന്നും അവരുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ടെന്നും സമിതി സെക്രട്ടറി അറിയിച്ചു.

എം.ടി. വാസുദേവൻ നായരുമായി ബന്ധപ്പെട്ട് വ്യക്തിപരമായി ഉണ്ടായ ഊഷ്മളമായ അനുഭവത്തെപ്പറ്റി ശ്രീ. കെ.പി. ബാലകൃഷ്ണ പിഷാരോടി വിശദീകരിച്ചു. ശേഷം നടന്ന പൊതു ചർച്ചയിൽ ശ്രീ. സി.പി. അച്യുതൻ. ശ്രീ. കെ.പി. ബാലകൃഷ്ണ പിഷാരോടി, ശ്രീ. ആർ.പി. രഘു നന്ദനൻ, ശ്രീ. ഗോപൻ പഴുവിൽ തുടങ്ങിയവർ പങ്കെടുത്തു.

വർഷം തോറും നടത്തി വരുന്ന വിനോദ യാത്ര ഫെബ്രുവരി 27ന് കൂർഗ്ഗിലേക്ക് പോകുന്നതിനായി തീരുമാനമായി. തൃശൂർ ശാഖയുടെ പരിധിയിൽ കഴക പ്രവർത്തി നടത്തി ഉപജീവനം കഴിക്കുന്നവരെ ഫെബ്രുവരി 16 ഞായറാഴ്ച്ച രാവിലെ 10ന് സമാജം ആസ്ഥാന മന്ദിരത്തിൽ വെച്ച് നടക്കുന്ന ശാഖാ യോഗത്തിൽ വെച്ച് സമുചിതമായി ആദരിക്കാൻ തീരുമാനമായി. തുളസീദളം കലാ സാംസ്കാരിക സമിതിയിലേക്ക് 100 പേരെയെങ്കിലും ആജീവനാന്ത അംഗങ്ങളായി ചേർക്കാൻ തീരുമാനമായി. സമിതിയെ പറ്റിയും സമിതിയുടെ ലക്ഷ്യങ്ങളെപറ്റിയും വിശദീകരിക്കാൻ എല്ലാ ശാഖകളുടെയും പ്രതിമാസ യോഗങ്ങളിൽ പങ്കെടുക്കാനും തീരുമാനമായി. ഗുരുവായൂർ ഗസ്റ്റ് ഹൗസിന്റെ സാമ്പത്തിക നില മെച്ചപ്പെട്ടതിനാൽ മുൻ കാലങ്ങളിൽ ഗസ്റ്റ് ഹൗസിന് സാമ്പത്തികമായി നിക്ഷേപങ്ങൾ നൽകി സഹായിച്ചിട്ടുള്ളവർക്ക് അവരുടെ തുകകൾക്കനുസൃതമായി ന്യായമായ പലിശ നൽകണമെന്ന് കേന്ദ്ര ഭരണ സമിതിയോട് അപേക്ഷിക്കാൻ തീരുമാനിച്ചു. ശ്രീ. സി.പി. അച്ചുതന്റെ നന്ദിയോടെ യോഗം 5.30ന് അവസാനിച്ചു.

### കൊടകര

ശാഖയുടെ 2025 ലെ ആദ്യ യോഗം 19-01-2025 നു ഒമ്പതുങ്ങൽ പിഷാരത്ത് ശ്രീ. കെ.പി. ഗിരിജന്റെ ഭവനത്തിൽ മുൻ ശാഖ പ്രസിഡൻറ് സി.പി. രാമചന്ദ്ര പിഷാരടിയുടെ അദ്ധ്യക്ഷതയിൽ 3 pmനു ചേർന്നു. ഗൃഹനാഥന്റെ പേരകുട്ടികൾ ആദിദേവ്, ദേവതീർത്ഥ എന്നിവർ ഈശ്വര പ്രാർത്ഥന ചൊല്ലി. കഴിഞ്ഞ മാസങ്ങളിൽ നിര്യാതരായ സാഹിത്യ കുലപതി എം.ടി. വാസുദേവൻ നായർ, ഭാവഗായകൻ പി. ജയചന്ദ്രൻ, കൊടകര ശാഖ പ്രസിഡണ്ട് ഉഷയുടെ ഭർത്താവ് ചെങ്ങാനിക്കാട്ട് പിഷാരത്ത് ശ്രീധരൻ, കൊടുങ്ങ പിഷാരത്ത് കൃഷ്ണകുമാറിന്റെ പത്നി ഇന്ദിര, മറ്റു സമുദായ അംഗങ്ങൾ എന്നിവർക്ക് അനുശോചനം രേഖപ്പെടുത്തി. ഗൃഹനാഥൻ കെ.പി. ഗിരിജൻ യോഗത്തിന് എത്തിച്ചേർന്നവർക്കു സ്വാഗതം ആശംസിച്ചു. വിശിഷ്ട സാന്നിധ്യം ആയി യോഗത്തിൽ എത്തിച്ചേർന്ന മുൻ പ്രസിഡണ്ട് രാമചന്ദ്ര പിഷാരോടി, മുൻ ജനറൽ സെക്രട്ടറി കെ.പി. ഹരികൃഷ്ണൻ എന്നിവരെ യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

ശ്രീ. എ. രാമചന്ദ്ര പിഷാരടി തുളസീദളം കലാസാംസ്കാരിക വേദിക്ക് സംഗീത നാടക അക്കാദമിയുടെ അംഗീകാരം കിട്ടിയതായി അറിയിച്ചു. ഇത് യുവാക്കൾക്കു വളരെയധികം പ്രയോജനം ചെയ്യുന്ന കാര്യമാണെന്നും സംഗീത നാടക അക്കാദമിയുടെ അംഗീകാരംകിട്ടിയത് മൂന്നുവർ

## തൃശൂർ ശാഖ കഴകക്കാരെ ആദരിക്കുന്നു

**പി**ഷാരോടി സമാജം തൃശൂർ ശാഖയിലെ 32 കഴകപ്രവർത്തകരെ ആദരിക്കുന്നു. നമ്മുടെ കുലത്തൊഴിലായ കഴക പ്രവർത്തിക്കായി ജീവിതം സമർപ്പിച്ചവരെയാണ് ആദരിക്കുന്നത്.

2025 ഫെബ്രുവരി 16 ഞയറാഴ്ച്ച രാവിലെ 11 മണിക്ക് തൃശൂർ പിഷാരോടി സമാജം ആസ്ഥാന മന്ദിരത്തിൽ നടക്കുന്ന സമാദരണച്ചടങ്ങിൽ പ്രശസ്ത മേളപ്രമാണി പത്മശ്രീ പെരുവനം കുട്ടൻമാരാർ നമ്മുടെ സ്വന്തം അഭിമാനതാരം കുമാരി ശ്രവണ, പിഷാരോടി സമാജം കേന്ദ്ര പ്രസിഡണ്ട് ശ്രീ. ആർ. ഹരികൃഷ്ണ പിഷാരോടി എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുക്കുന്നു.

ഏവർക്കും സ്വാഗതം.

പ്രസിഡണ്ട് / സെക്രട്ടറി (തൃശൂർ ശാഖ)

ഷത്തോളം നീണ്ടുനിന്ന പ്രയത്നത്തിന്റെ ഫലമായിട്ടാണെന്നും അറിയിച്ചു. തുടർന്ന് സംസാരിച്ച കെ.പി. ഹരികൃഷ്ണൻ യുവതലമുറയുടെ കൂട്ടായ്മ ഉണ്ടാക്കുന്നതിനെ കുറിച്ച് സംസാരിക്കുകയും കൊടകര ശാഖയിൽ നിന്ന് പറ്റാവുന്ന അത്രയും ആളുകളെ പങ്കെടുപ്പിക്കണമെന്നും അഭ്യർത്ഥിച്ചു. സംഗീത നാടക അക്കാദമിയുടെ അംഗീകാരം ഉണ്ടെങ്കിൽ സമാജത്തിലെ കുട്ടികൾക്ക് ഉയർന്ന തലങ്ങളിൽ കലാപരമായി വിദ്യാഭ്യാസം നേടാൻ ആവുമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. തുളസീദളം കലാ സാംസ്കാരിക വേദി കൊടകര ശാഖയുടെ കോർഡിനേറ്ററായി ടി.പി. രാമചന്ദ്രനെ തിരഞ്ഞെടുത്തു. സമാജം അംഗങ്ങൾ കേന്ദ്ര പ്രതിനിധികളുമായി തങ്ങളുടെ സംശയങ്ങൾ തീർക്കുകയും കൊടകര ശാഖയിൽ നിന്ന് പരമാവധി യുവാക്കളെ പങ്കെടുപ്പിക്കാൻ ശ്രമിക്കുമെന്നും പറഞ്ഞു. സെക്രട്ടറി രമ്യ രാധാകൃഷ്ണൻ ഡിസംബർ 2024 ലെ റിപ്പോർട്ടും, എം.പി. വിജയൻ കണക്കുകളും അവതരിപ്പിച്ചത് ഭേദഗതികളില്ലാതെ അംഗീകരിച്ചു.

ഗൃഹനാഥന്റെ ചെറു മകൻ ആദിദേവ്, ജനുവരി ലക്കം തുളസീദളത്തിൽ "പത്മിനി രാമകൃഷ്ണൻ എഴുതിയ ഗുരുവായൂർ ഏകാദശി ദർശനം പുണ്യദർശനം" എന്ന കവിത ഈണത്തിൽ ചൊല്ലിയത് സദസ്സ് ഹർഷാരവത്തോടെ സ്വീകരിച്ച് അഭിനന്ദിച്ചു. വിനോദയാത്ര ഫെബ്രുവരി 16ന് പോകാം എന്ന് തീരുമാനിച്ചു. ശാഖയുടെ 2025 ലെ വാർഷികപൊതുയോഗം ഏപ്രിൽ 20 ന് നടത്താൻ തീരുമാനിച്ചു. ഒരു ശാഖ അംഗത്തിന് ചികിത്സാ സഹായം നൽകാൻ അപേക്ഷ ലഭിച്ചിരുന്നെങ്കിലും അപ്രതീക്ഷിതമായി മരണം സംഭവിച്ചതിനാൽ മരണാനന്തര സഹായമായി കുടുംബത്തിന് നൽകുന്നതിനു ഏകകണ്ഠമായി തീരുമാനിച്ചു.

ഡോ. എം.പി. രാജൻ നടത്തിയ ക്വിസ് മത്സരത്തിൽ എല്ലാവരും സജീവമായി പങ്കെടുക്കുകയും ആദിദേവ് പീയുഷ് ടീം ഒന്നാം സ്ഥാനവും, ശ്രീലത വിജയൻ ടീം രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

കെ.പി. ശശി യോഗത്തിന് എത്തിച്ചേർന്നവർക്കും യോഗം നടത്താൻ സൗകര്യമൊരുക്കിത്തന്ന കെ.പി. ഗിരിജനും കുടുംബത്തിനും, തുളസീദളം കലാസാംസ്കാരിക വേദിയെക്കുറിച്ച് സംസാരിക്കുവാനായി എത്തിയ രാമചന്ദ്ര പിഷാരോടിക്കും കെ.പി. ഹരികൃഷ്ണനും പ്രത്യേകം നന്ദി അറിയിച്ചു. കൂട്ടായ്മയുടെ പ്രതീകമായ ഫോട്ടോസെഷന് ശേഷം കൃത്യം 5:15 ന് യോഗം അവസാനിച്ചു.

## ഇരിഞ്ഞാലക്കുട

2025 ലെ കേന്ദ്ര വാർഷികത്തിന്റെ നടത്തിപ്പിനെക്കുറിച്ച് ഇരിങ്ങാലക്കുട ശാഖ ഭാരവാഹികളും കേന്ദ്ര ഭാരവാഹികളും കൂടി സംയുക്തയോഗം 19-01-2025 നു നടത്തി. ഇരിഞ്ഞാലക്കുട ശാഖ ഭാരവാഹികളും കേന്ദ്ര പ്രസിഡണ്ടും, ജനറൽ സെക്രട്ടിയും യോഗത്തിൽ സംബന്ധിച്ചു. വാർഷികം നടത്തുവാൻ വേണ്ടിയുള്ള ഓഡിറ്റോറിയം ബുക്ക് ചെയ്ത വിവരം ശാഖാ സെക്രട്ടറി അറിയിച്ചു.

വാർഷികം നടത്തുവാൻ വരുന്ന ചിലവുകളുടെ ഒരു കരട് ബജറ്റ് ശാഖാ സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ചു. ഫണ്ട് സമാഹരണത്തെപ്പറ്റിയും, മറ്റ് തയ്യാറെടുപ്പുകളെക്കുറിച്ചും വിശദമായി ചർച്ച ചെയ്തു.

കേന്ദ്ര വാർഷികം ഭംഗിയായി നടത്തുവാൻ മറ്റ് ശാഖകളിലെ പ്രസിഡണ്ട്, സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി വിപുലമായ ഒരു സംഘാടക സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചു. ഇരിങ്ങാലക്കുട ശാഖക്ക് പുറമെ മറ്റ് ശാഖകളും കലാസാംസ്കാരിക പരിപാടികൾ നടത്തുവാൻ തയ്യാറാണെങ്കിൽ വാർഷികം രാവിലെ 9.30 മുതൽ രാത്രി 8 മണി വരെയാകാമെന്ന് ചർച്ചക്ക് ഒടുവിൽ ധാരണയായി.

അടുത്ത സംയുക്ത കേന്ദ്ര ഭരണ സമിതിയിൽ 2025 ലെ കേന്ദ്ര വാർഷിക നടത്തിപ്പിന്റെ ഒരു രൂപ രേഖ തയ്യാറാക്കി അവതരിപ്പിക്കുവാൻ ശാഖാ സെക്രട്ടറിയോട് കേന്ദ്ര പ്രസിഡണ്ട് നിർദ്ദേശിച്ചതിൻ പ്രകാരം കേന്ദ്ര ഭരണസമിതിയിൽ അവതരിപ്പിക്കാമെന്ന് ശാഖ സെക്രട്ടറി സമ്മതിച്ചു.

യോഗത്തിൽ പങ്കെടുത്ത കേന്ദ്ര പ്രസിഡണ്ടിനും, ജനറൽ സെക്രട്ടറിക്കും, മറ്റും കമ്മിറ്റിയംഗങ്ങൾക്കും, യോഗത്തിന് വേണ്ട സൗകര്യങ്ങൾ ചെയ്ത് തന്ന പുഷ്പാ മോഹനൻ കുടുംബത്തിനും ശ്രീ. മുരളി പിഷാരോടി നന്ദി പ്രകാശിപ്പിച്ചതോടെ യോഗം 5.30നു അവസാനിച്ചു.

## കോട്ടയം

ശാഖയുടെ ജനുവരി മാസ യോഗം 19-01-2025ന് പയ്യപ്പാടി ശ്രീ. രമേഷ് ബോസിന്റെ ഭവനം, തിലകത്തിൽ വെച്ചു പ്രസിഡണ്ട് ശ്രീ. എ. പി. അശോക് കുമാറിന്റെ അദ്ധ്യക്ഷതയിൽ സാ

വിത്രി പിഷാരസ്യാർ, വത്സല പിഷാരസ്യാർ, ആദിത്യൻ അരുണ്‍കുമാർ എന്നിവരുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. ഗൃഹനാഥൻ ശ്രീ രമേഷ് ബോസ് ഏവർക്കും സ്വാഗതമാശംസിച്ചു. അദ്ധ്യക്ഷ ഭാഷണത്തിൽ ശ്രീ. അശോക് കുമാർ ശാഖയുടെ മാസ യോഗങ്ങളിൽ കൂടുതൽ അംഗങ്ങൾ പ്രത്യേകിച്ചും യുവ തലമുറയിലെ അംഗങ്ങൾ പങ്കെടുക്കുവാൻ ശ്രമിക്കണമെന്നു അഭ്യർത്ഥിച്ചു.

മുൻയോഗ റിപ്പോർട്ട് സെക്രട്ടറി ശ്രീ. കെ. പി. ഗോകുലകൃഷ്ണൻ അവതരിപ്പിച്ചത് അംഗീകരിച്ചു. 2024-25 വർഷത്തെ വരിസംഖ്യ നൽകാത്ത അംഗങ്ങൾ ജനുവരി 31നു മുമ്പായി നൽകണമെന്ന് യോഗം ആവശ്യപ്പെട്ടു. നൽകാത്തവർക്ക് പ്രത്യേകമായി വാട്സ്ആപ്പിൽ കൂടി അവരുടെ നമ്പറുകളിലേക്ക് മെസേജ് അയക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

പെരുമ്പാവൂരിൽ വെച്ച് നടന്ന 7 ദിവസത്തെ ഷാവോലിൻ ഇന്റർനാഷണൽ മാർഷ്യൽ ആർട്സ് അസോസിയേഷൻ അക്കാദമിയുടെ കരാട്ടെ ബ്ലാക്ക് ബൽറ്റ് ഗ്രേഡിങ്ങ് ടെസ്റ്റിൽ ബ്ലാക്ക് ബൽറ്റ് നേടിയ വിനായക് എ. പിഷാരടിയെ യോഗം പൊന്നാട അണിയിച്ചു ആദരിച്ചു. തിരുവനന്തപുരത്തു നടന്ന സ്റ്റേറ്റ് കലോത്സവത്തിൽ മോഹിനിയാട്ടത്തിലും ഒപ്പനയിലും ഏ ഗ്രേഡ് നേടിയ ഭദ്രയെ യോഗം പ്രത്യേകം അഭിനന്ദിച്ചു. അടുത്ത മാസം മുതൽ മാസ യോഗങ്ങളിൽ രസകരമായ ഗെയിംസ് നടത്തുവാൻ യോഗം തീരുമാനിച്ചു. ശ്രീ. പ്രവീൺ കുമാറിന്റെ നന്ദിയോടെ യോഗം 5ന് അവസാനിച്ചു.

## കോങ്ങാട്

ശാഖയുടെ ജനുവരിമാസ യോഗം 27-01-25ന് 10 am നു ഓൺലൈൻ ആയി പ്രസിഡണ്ട് ശ്രീ. കെ.പി. പ്രഭാകര പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ശ്രീ. കെ.പി. അച്ചുണ്ണി പിഷരോടി പ്രാർത്ഥന ചൊല്ലി. ശ്രീ. ഹരിദാസൻ എം.പി. പുരാണ പാരായണം നിർവ്വഹിച്ചു. ശ്രീ. കെ.പി. രാമചന്ദ്രൻ പിഷാരോടി സ്വാഗതമാശംസിച്ചു.

അന്തരിച്ച പുത്തൂർ പിഷാരത്ത് ശ്രീമതി ഇന്ദിര, മറ്റു സമുദായ അംഗങ്ങൾ, പ്രശസ്ത സാഹിത്യകാരൻ, തിരക്കഥാകൃത്ത്, സംവിധായകൻ തുടങ്ങിയ ബഹുമുഖ പ്രതിഭ ശ്രീ. എം.ടി. വാസുദേവൻ നായർ, എന്നിവർക്ക് അനുശോചനം രേഖപ്പെടുത്തി.

കലാമണ്ഡലം കല്പിത സർവകലാശാല വി.എസ്. ശർമ്മ എൻഡോവ്മെന്റ പുരസ്കാരം നേടിയ കോട്ടക്കൽ പ്രദീപിനെയും, കഥകളി സംഗീതത്തിന് അവാർഡ് നേടിയ കോട്ടക്കൽ മധുവിനെയും അനുമോദിച്ചു.

പ്രസിഡണ്ട് ശ്രീ. കെ.പി. പ്രഭാകര പിഷാരോടി സമാജ പ്രവർത്തനങ്ങൾ നല്ല നിലയിൽ പോകുന്നതായി അറിയിച്ചു. ഒരു അംഗം ചികിത്സാ സഹായത്തിനു അഭ്യർത്ഥിച്ച് സമർപ്പിച്ച അപേക്ഷ കേന്ദ്രത്തിന്റെ പരിഗണനക്കായി അയച്ചു കൊടുക്കുകയും കോങ്ങാട് ശാഖക്ക് സമർപ്പിച്ച അപേക്ഷ അടുത്ത യോഗത്തിൽ പരിഗണിക്കാം എന്നും അറിയിച്ചു. ഒരംഗം തുളസീദളം മുടങ്ങിയതിന് കേന്ദ്രത്തിലേക്ക് അയച്ച പരാതി പരിഹരിക്കാൻ ശ്രമം നടക്കുന്നതായി അറിയിച്ചു. അടുത്ത കേന്ദ്രഭരണസമിതി യോഗത്തിൽ പ്രസിഡന്റിന് പുറമെ ശ്രീ. എം.പി. ഹരിദാസൻ, ശ്രീ സുരേഷ് കുമാർ എന്നിവർ പങ്കെടുക്കുമെന്ന് അറിയിച്ചു. ഫെബ്രുവരി മാസത്തെ യോഗം സമാജമന്ദിരത്തിൽ വെച്ച് നടത്താൻ തീരുമാനിച്ചു. ദിവസം പിന്നീട് തീരുമാനിക്കും.

ശ്രീ. സുരേഷ് കുമാറിന്റെ നന്ദി പ്രകടനത്തോടെ യോഗം സമാപിച്ചു. ●

## പെൻഷന് അപേക്ഷ ക്ഷണിക്കുന്നു

PET-2000 പെൻഷൻ പദ്ധതിയിൽ ഒഴിവു വന്ന ഒരു സ്ഥാനത്തേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. വെള്ളക്കടലാസിൽ എഴുതിയ പൂർണ്ണ വിവരങ്ങൾ അടങ്ങിയ അപേക്ഷകൾ അതാത് ശാഖ സെക്രട്ടറിമാർക്ക് സമർപ്പിക്കേണ്ടതാണ്. ശാഖകൾ അവ പരിശോധിച്ച് ചർച്ച ചെയ്തു അവരുടെ ശുപാർശയോടുകൂടി കേന്ദ്ര PE & WS സെക്രട്ടറിക്കു തുടർനടപടികൾക്കായി അയച്ചു കൊടുക്കേണ്ടതാണ്. അപേക്ഷകൾ 2025 മാർച്ച് 31 നു മുമ്പേ കേന്ദ്ര PE & WS സെക്രട്ടറിക്ക് കിട്ടിയിരിക്കേണ്ടതാണ്.

**സെക്രട്ടറി - PE & WS**

# ആദരാഞ്ജലികൾ

### രാഘവ പിഷാരോടി വി.പി.

പെരിങ്ങോട് വടക്കേ പിഷാരത്ത് രാഘവ പിഷാരോടി (94) 08-01-2025നു നിര്യാതനായി. ഭാര്യ: വെങ്ങാനെല്ലൂർ വടക്കേ പിഷാരത്ത് പരേതയായ അമ്മിണി പിഷാരസ്യാർ. മക്കൾ: ജയൻ, സുമ. മരുമക്കൾ: ഷീബ, വേണുഗോപാലൻ.

### നിർമ്മലാദേവി പിഷാരസ്യാർ

വിളയിൽ മേലെ പിഷാരത്ത് നിർമ്മലാദേവി പിഷാരസ്യാർ (72) 08-01-2025 നു നിര്യാതയായി. സഹോദരങ്ങൾ: പരേതയായ ഭാഗ്യലക്ഷ്മി പിഷാരസ്യാർ, പരേതയായ ശാന്താദേവി പിഷാരസ്യാർ, സത്യഭാമ പിഷാരസ്യാർ.

### ശ്രീദേവി രാമൻകുട്ടി

പോർക്കുളം പുതുമനശ്ശേരി പിഷാരത്ത് ശ്രീദേവി രാമൻകുട്ടി (79) 13-01-2025 നു ലണ്ടനിൽ നിര്യാതയായി. ഭർത്താവ്: ഇരിഞ്ഞാലക്കുട കിഴക്കേ പിഷാരത്ത് പരേതനായ രാമൻകുട്ടി പിഷാരോടി. മകൾ: രേഖ. മരുമകൻ: സൈമൺ എസ്സെക്സ്.

### ഇന്ദിര

പുത്തൂർ പിഷാരത്ത് ഇന്ദിര (56) 19-01-2025നു നിര്യാതയായി. ഭർത്താവ്: കൃഷ്ണകുമാർ. മക്കൾ: ശ്രീജ, അഭിലാഷ്.

### അച്യുത പിഷാരോടി ടി.പി.

തിച്ചൂർ പിഷാരത്ത് അച്യുത പിഷാരോടി (95) 28-01-2025നു മുംബൈയിൽ നിര്യാതനായി. ഭാര്യ: കൊടുമുണ്ട പിഷാരത്ത് പദ്മം പിഷാരോടി. മക്കൾ: സുമ, സതീഷ്, സുരേഷ്, സഞ്ജീവ്. മരുമക്കൾ: ഉണ്ണി, വന്ദന, ശർമ്മിള, മാധുരി.

## പെൻഷൻ ഫണ്ടിലേക്ക് സംഭാവന നൽകിയവർ

| | | | |
|---|---|---|---|
| (1) | കോങ്ങാട് ശാഖ | - | 10,000.00 |
| (2) | കുമാരി നവിക അജയ് പിഷാരോടി, പറളി | - | 2,000.00 |

എല്ലാവർക്കും നന്ദി അറിയിക്കുന്നു. **സെക്രട്ടറി, PE & WS**

*With best compliments from*

LL 04872320835
Mob: 9633898468
Mob: 9744187674

**GK GROUP**

(owned by C.G. Kutty/Ratnam Kattoor/Biju G Kutty/Binu G Kutty)

**ADVISORS, CONSULTANTS, COMMISSION AGENCY, BUSINESS ASSOCIATES**

C-1 Pearl Gardens, Near Co-op Society, Viyyur, Thrissur - 680 010, Kerala, India.
E-mail: gopalankutty48@gmail.com

**വരിക്കാരുടെയും വായനക്കാരുടെയും ശ്രദ്ധക്ക്**

ഓഫീസ് മേൽവിലാസം: പിഷാരോടി സമാജം, മെയിൻ റോഡ്, ഉദയനഗർ, അയ്യന്തോൾ, തൃശൂർ-680003. Ph: 0487-2384597

---

സമാജം/എഡ്യു. സൊസൈറ്റി/ട്രസ്റ്റ് പ്രസിഡണ്ടിന്റെ മേൽവിലാസം

**ശ്രീ. ആർ. ഹരികൃഷ്ണ പിഷാരോടി**

'സൗപർണ്ണിക', 98/24, റോസ് ലൈൻ, ബൈ ലൈൻ 5, തോട്ടക്കാട്ടുകര, ആലുവ-683108

Ph: 9446025132. Email: harikrishnapisharadyr@gmail.com

---

ജനറൽ സെക്രട്ടറിയുടെ വിലാസം

**ശ്രീ. കെ.പി. ഗോപകുമാർ**, 'പിഷാരം', 23/274, പന്തളത്ത് ലൈൻ, കാനാട്ടുകര, തൃശൂർ-680011

Ph: 9447085983. Email: rvgopakumar7@gmail.com

ട്രഷറർ - **ശ്രീ. ശ്രീധരൻ ആർ.**, 'ശ്രീനിലയം', 418, ഇന്ദിരഗാന്ധി റോഡ്, പോട്ടോർ, തൃശൂർ, പിൻ- 680581. Ph: 9605478363. Email: sreedharanrp@hotmail.com

---

പിഷാരോടി എഡ്യൂക്കേഷണൽ & വെൽഫെയർ സൊസൈറ്റി സെക്രട്ടറിയുടെ മേൽവിലാസം

**ഡോ.രാംകുമാർ പി.ബി.**, "രാംനിവാസ്", പടിഞ്ഞാറെപിഷാരം, സൗത്ത് ചിറ്റൂർ, കൊച്ചി-682027

Ph: 9947746160. Email: ramkumar_pb@rajagiritech.edu.in

ട്രഷറർ - **ശ്രീ. രാജൻ പിഷാരോടി**, ത്രി ബംഗ്ലാവ്സ്, കൈനില ശിവക്ഷേത്രത്തിന് സമീപം, കാറളം പി.ഒ., കരുവന്നൂർ (വഴി), തൃശൂർ - 680 711. Ph: 09819512811

---

പിഷാരോടി സമാജം "വെബ്സൈറ്റി"ലേക്കുള്ള മാറ്ററുകൾ അയക്കേണ്ട മേൽവിലാസം

**Sri. MURALEEDHARAN.V.P.**,

Whatsaap: 7304470733, Mob: 09004359099,

e-mail: mail@pisharodysamajam.com / muralivp@hotmail.com

---

ഗുരുവായൂർ ഗസ്റ്റ്ഹൗസ് ഫണ്ടിലേക്കുള്ള സംഖ്യകൾ Pisharody Pilgrimage & Tourism Development Trust എന്ന പേരിൽ തൃശൂർക്കുള്ള ചെക്ക്/ഡ്രാഫ്റ്റ് അയക്കേണ്ട മേൽവിലാസം

**ശ്രീ. രവി കെ.പി.**, 'വിഷ്ണുമായ', കടുങ്ങല്ലൂർ വെസ്റ്റ് പി.ഒ., ആലുവ-683110

Ph: 8575351063, 9447869021 Email: ravikp1972@gmail.com

ഗസ്റ്റ് ഹൗസ് സംബന്ധമായ കാര്യങ്ങൾ 0487-2558801, 2558802, 91-6238743319 എന്നീ ഫോൺ നമ്പറുകളിൽ അന്വേഷിക്കാവുന്നതാണ്.

ട്രഷറർ - ശ്രീ. എ.പി. ഗോപി, 'അച്യുതം', ചെമ്പൂക്കാവ് പിഷാരം, ചെമ്പൂക്കാവ്, തൃശൂർ.

Ph: 9447916278. Email: apgopi4@gmail.com

---

തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട വിലാസം

**ശ്രീ. ഗോപൻ പഴുവിൽ** (എഡിറ്റർ, തുളസീദളം)

"സാരസ്വതം", ഇക്കണ്ടവാരിയർ റോഡ്, എടക്കുന്നി, ഒല്ലൂർ പി.ഒ., തൃശൂർ - 680 306.

മൊബൈൽ: 9495225979. e-mail: gopanpazhuvil@gmail.com

ശാഖാവാർത്തകൾ ജനറൽ സെക്രട്ടറിക്ക് നേരിട്ട് അയക്കേണ്ടതാണ്.

തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട മറ്റൊരു ഇ-മെയിൽ വിലാസം: thulaseedalamedb@gmail.com

---

"തുളസീദള"ത്തിലേക്കും വെബ്സൈറ്റിലേക്കുമുള്ള പരസ്യങ്ങൾ, വരിസംഖ്യ, സംഭാവന, പരസ്യച്ചാർജ്ജ് എന്നിവ **THULASEEDALAM** എന്ന പേരിൽ ചെക്കായോ ഡ്രാഫ്റ്റായോ NEFT ആയോ, Google Pay വഴിയോ അയക്കുവാൻ അഭ്യർത്ഥിക്കുന്നു. അയക്കേണ്ട വിലാസം:

**മാനേജർ, ശ്രീ. ആർ.പി. രഘുനന്ദനൻ,** 7H ആർട്ടെക്ക് ഗേറ്റ് വേ, ഹോട്ടൽ ജോയ്സ് പാലസിന് എതിർവശം, ടി.ബി. റോഡ്, തൃശൂർ - 680021. Ph: 9892240547

E-mail: thulaseedalamedb@gmail.com / raji.nandanam16@gmail.com

ചെക്ക്, ഡ്രാഫ്റ്റ് എന്നിവ അയച്ച വിവരവും NEFT ചെയ്ത വിവരവും മാനേജരെ ഫോൺ മുഖാന്തിരം അറിയിക്കേണ്ടതാണ്.

ബാങ്ക് വഴിയുള്ള ഇടപാടുകൾക്ക് **THULASEEDALAM**

**SB A/c No. 0721101055775** — **Canara Bank**

**IFSC Code: CNRB0000721** — **West Palace Road, Thrissur.**

# പ്രസവിക്കാൻ ഒരു പുതിയ വീട്




A Unit of EDAPPAL HOSPITALS | SINCE 1990

The birthplace of first ICSI baby of Kerala (1998)

## OUR DEPARTMENTS

- Reproductive Medicine
- Fetal Medicine
- Gynaecology
- Paediatrics & Neonatology
- Anaesthesiology & Pain management
- Casualty
- Physiotherapy & Rehabilitation
- Clinical nutrition
- Psychology
- Andrology & Urogynaecology
- Orthopaedics
- Cardiology
- Plastic surgery
- E.N.T
- Dentistry
- Dermatology & Cosmetology

സൈമർ
ദി വിമൻസ് ഹോസ്പിറ്റൽ | തൃശൂർ
കണിമംഗലം

+91 98466 00554 / +0487 222 4555

THULASEDALAM

Title No. KERMAL04598
RNI Reg: No.36078/1981

Posted at RMS, Thrissur

Published on 07-02-2025
February 2025, Price-15.00

SAROJA
SINCE 1967
MULTI SPECIALITY HOSPITAL
A UNIT OF SAROJA NURSING HOME

PATIENT SAFETY & QUALITY OF CARE
NABH
CERTIFIED

നിങ്ങളുടെ സേവനത്തിന് 24 സ്പെഷ്യാലിറ്റികളോടെ

57 YEARS OF CARE AND TRUST

വർഷത്തെ സേവനപാരമ്പര്യവുമായി

സരോജ
മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ, Ph: 0487 2335 145 / 2325 185
sarojanursinghome@gmail.com | www.sarojahospital.com



SAROJ
HOME CARE
A UNIT OF SAROJA NURSING HOME

Care & Trust
SINCE 1967

ആരോഗ്യ സംരക്ഷണം നിങ്ങളുടെ വീട്ടിലേക്ക്
നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് നിങ്ങൾ
കൊടുക്കുന്ന സ്നേഹ സംരക്ഷണം പോലെ

തൃശ്ശൂരിലെ പ്രധാന സ്ഥലങ്ങളിൽ സേവനം

വീട്ടിൽ പരിശോധന
പിക്കപ്പ് സംവിധാനം
ഡോക്ടറുടെ സേവനം വീടുകളിൽ
എമർജൻസി 24 x 7 പിക്കപ്പ്

അപ്പോയ്മെന്റിനായി
വിളിക്കുക / വാട്സാപ്പ് ചെയ്യുക
+91 81380 19090
+91 73563 99116

sarojhomecare@sarojahospital.com
sarojhomecare

Printed and Published by Sri. K.P. Gopakumar, General Secretary
For Pisharody Samajam at Kala Offset Printers, Punkunnam, Thrissur
Chief Editor: Smt. A.P. Saraswathy